032:3;8 H5 ASHANIKETHANAM. SAMUEL

032:3;8
H5

MUL
165274

**Madras University Library.**

DOCTRINA-VIM-PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or be
the date last marked below.

AUG 1957

10 NOV 1959

O. 61

*For kind consideration by the Board of Studies at its forthcoming meeting.*

# ആശാനികേതനം

UNIVERSITY LIBRARY
4 NOV 1955
MADRAS

എം. സാമുവൽ

1ST EDITION 1941
REVISED 2ND EDITION 1943
3RD EDITION 1945

S. R. PRESS
TRIVANDRUM

165274
38202
032:3My8
H5

COPY RIGHT RESERVED
PRICE RE. 1.

4 NOV 1955
MADRAS

## അവതാരിക

ഈ പുസ്തകം വായിച്ചതിൽ എനിക്ക് അവ്യാജമായ സന്തോഷമാണു തോന്നിയതു്. ഈ പ്രബന്ധത്തിൻെറ കർത്താവായ മി. സാമുവൽ ഒരു യുവാവാണെന്നും, ഇതു് ഇതരഭാഷയിലുള്ള ഏതെങ്കിലും മൂലഗ്രന്ഥത്തിൻെറ വിവർത്തനമല്ല, പ്രബന്ധകർത്താവിൻെറ ഭാവനാസന്താനമായ ഒരു കഥയാണെന്നും ഉള്ള ബോധം എൻെറ സന്തോഷത്തിനു മാററു കൂട്ടുന്നു. ബെങ്ഗാളിലെ ഭീകരപ്രസ്ഥാനക്കാരുടെ ഉപജ്ഞാപങ്ങളെ പശ്ചാത്തലമാക്കി നിബന്ധിച്ചിട്ടുള്ള ഒരു പ്രേമകഥയാണു് "അശാന്തിനികേതനം." കഥാബന്ധം മിക്കവാറും നിർദ്ദോഷമാണെന്നുതന്നെ പറയാം. സരളവും പ്രസന്നവുമായ ഒരു ഗദ്യശൈലിയാണു് മി. സാമുവൽ പരിശീലിച്ചു തുടങ്ങിയിരിക്കുന്നതെന്നു വായനക്കാർ നിഷ്പ്രയാസം ഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു. ഔചിത്യദീക്ഷയാണു് സാഹിത്യരസത്തിൻെറ ഒരു മുഖ്യനിദാനമെന്നുള്ള അഭിപ്രായത്തെ ആരും വിസംവദിക്കുമെന്നു തോന്നുന്നില്ല. സാഹിത്യരചനയിൽ അചിരവ്യാപൃതനായ ഈ യുവാവിൻെറ ഔചിത്യബോധം പ്രീതികരമായിരിക്കുന്നു. ലീലാചന്ദ്രന്മാരുടെ സല്ലാപവും പെരുമാററവും അഭിജ്ഞാതരായ ആ കമനീകമനന്മാരുടെ ഗൗരവത്തിനു തക്കവണ്ണം, നിയന്ത്രിതമെങ്കിലും, അവരുടെ അനുരാഗത്തെ വേണ്ടുംവണ്ണം പ്രകാശിപ്പിക്കാതിരിക്കുന്നില്ല. വഴിപിഴച്ചു് ഒരിടത്തും കണ്ടതായി ഓർക്കുന്നില്ല. ഇതുപോലെ ഇതരപാത്രങ്ങളുടെ സംഭാഷണാദികളും അവരവരുടെ ശീലഗുണങ്ങൾക്കു

പ്രായേണ യുക്തരൂപമായിരിക്കുന്നു. ഉദ്വേഗജനകങ്ങളായ ചില ഘട്ടങ്ങൾ കഥയിലുള്ളവയെ ഗ്രന്ഥകാരൻ സരസമായി പ്രതിപാദിച്ചിട്ടുണ്ട്. ആശാനികേതനത്തിൽ അങ്കുരദശയിൽ കാണപ്പെടുന്ന ഈ കാവ്യഗുണങ്ങൾ നിസ്തന്ദ്രമായ നിരന്തരാഭ്യാസം കൊണ്ടു പരിപുഷ്ടമാകുമ്പോൾ കൈരളിയുടെ ആശാനികേതനമായ സാഹിത്യകാരവർഗ്ഗത്തിൽ ഗണിക്കപ്പെടാൻ മി. സാമുവൽ അർഹനായി തീരുമെന്നത്രേ എൻെറ ആശംസ. ഉൽകൃഷ്ട സാഹിത്യഗ്രന്ഥങ്ങളുമായി ഗാഢപരിചയം സമ്പാദിക്കുക, അവശ്യമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ പഠിക്കുക, ഇതെല്ലാമാണ് അഭ്യാസശബ്ദംകൊണ്ടു ഞാൻ പ്രധാനമായി വിവക്ഷിക്കുന്നതെന്നു കൂടി പറഞ്ഞുകൊള്ളട്ടെ. മിസ്റ്റർ സാമുവലിൻെറ സാഹിത്യപരിശ്രമത്തിന് ആത്മാർത്ഥമായി ശുഭാശംസനം ചെയ്തുകൊള്ളുന്നു.

Sri Rengam House
Kayamkulam
8—8—1941.

കെ. ആർ. കൃഷ്ണപിള്ള,
ബി. എ; ബി. എൽ.

## മുഖവുര

എൻെറ ഭാവനയാകുന്ന മലർവാടിയിൽ മൊട്ടിട്ടു വികസിച്ച രണ്ടാമത്തെ കുസുമമാണു് പ്രസ്തുതഗ്രന്ഥം. സഹൃദയലോകത്തിനു ഇതിൻെറ സൗരഭ്യം അല്പമെങ്കിലും ആനന്ദമരുളാൻ പര്യാപ്തമാകണമെന്നുള്ള എൻെറ ഉദ്ദേശ സാദ്ധ്യത്തിനായി കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിലും, നിർമ്മലമായ സ്നേഹത്തിൻെറ സുസ്ഥിരപ്രവാഹത്തെ ചിത്രീകരിക്കുന്നതിലും, ഞാൻ നിഷ്കർഷിച്ചിട്ടുണ്ടു്. ഈ കഥാനിബന്ധനത്തിൽ എനിക്കു മാർഗ്ഗദർശകമായി തീർന്നിട്ടുള്ളതു ബെങ്ഗാളിലേ ഭീകരപ്രസ്ഥാനക്കാരുടെ ഉപജ്ഞാപങ്ങളാണു്. ഇതിലേ കഥാഘടനയും, ഗദ്യശൈലിയും മററും എത്രമാത്രം ഹൃദ്യമാണെന്നു നിർണ്ണയിക്കേണ്ടതു് സഹൃദയരായ വായനക്കാരാണല്ലോ.

ഈ ഗ്രന്ഥത്തിൻെറ കൈയെഴുത്തു പ്രതി പരിശോധിച്ചു് ആവശ്യംപോലെ ഉപദേശങ്ങൾ നല്കി പ്രസിദ്ധീകരണത്തിനു പ്രോത്സാഹിപ്പിച്ച എൻെറ വന്ദ്യഗുരുഭൂതനും, പണ്ഡിതാഗ്രേസരനും, നിരവധി ഉൽകൃഷ്ടഗ്രന്ഥങ്ങളുടെ കർത്താവുമായ ശ്രീ എം. ആർ. ബാലകൃഷ്ണവാര്യർ അവർകൾ എം. എ. യോടു് എൻെറ നിർവ്യാജമായ കൃതജ്ഞത വാചാമഗോചരമാണു്.

കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ ഈ കൃതി മുഴുവൻ വായിച്ചു വാത്സല്യത്തോടുകൂടി, സരസവും ഉപദേശഗർഭവുമായ ഒരു അവതാരിക എഴുതിത്തന്നു എന്നെ അനുഗ്രഹിച്ച

സുഗൃഹീതനാമാവായ ശ്രീമാൻ കെ. ആർ. കൃഷ്ണപിള്ള അവർകൾ ബി. എ; ബി. എൽ. നോടുള്ള കടപ്പാടു് എത്രമാത്രമെന്നു വാക്കുകൾകൊണ്ടു പറഞ്ഞറിയിക്കാവതല്ല. ആ പണ്ഡിതസാർവഭൗമൻെറ അവതാരിക കൊണ്ടു ഈ പുസ്തകത്തെ അലംകരിക്കാൻ ഭാഗ്യം ലഭിച്ചതിൽ ഞാൻ അതീവകൃതാർത്ഥനാണു്.

ഈ സാഹിത്യോദ്യമത്തിൽ എന്നെ ഉള്ളഴിഞ്ഞു പ്രോത്സാഹിപ്പിച്ചിട്ടുള്ള എൻെറ വന്ദ്യഗുരുവും, പണ്ഡിതവര്യനും സാഹിത്യരസികനുമായ ശ്രീ ജി. വൈദ്യനാഥയ്യർ അവർകൾ ബി. ഒ. എൽ. നോടും എൻെറ അപേക്ഷയനുസരിച്ചു ഈ കൃതിക്കു ഒരു വിലയേറിയ അഭിപ്രായം എഴുതിതന്ന സാഹിത്യകുശലയായ ശ്രീമതി കെ. മീനാക്ഷിഅമ്മ എം. എ. യോടും ഉള്ള എൻെറ നിസ്സീമമായ കൃതജ്ഞത ഈ സന്ദർഭത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

എൻെറ അനവധാനത് നിമിത്തം ഇതിൽ വല്ല തെറ്റുകളും വന്നുപോയിട്ടുണ്ടെങ്കിൽ അവയെ സൌജന്യദൃഷ്ട്യാ വീക്ഷിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് 'അശാന്തികേതനത്തെ' ഞാൻ സവിനയം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
9-8-1941.

എം. സാമുവൽ.

# അഭിപ്രായം

"ആശാനികേതനം" എന്ന ചെറുഗ്രന്ഥം രണ്ടു മണിക്കൂർ സമയംകൊണ്ട് ആദ്യന്തം സകൗതുകം ഞാൻ വായിച്ചു തീർത്തു. അവിച്ഛിന്നധാരയായി പ്രവഹിക്കുന്ന കഥാഗതി, മനോഹരങ്ങളും അത്ഭുതബഹുലങ്ങളുമായ അനേകം സംഭവതീരങ്ങളിൽക്കൂടി ആദർശമധുരമായ അന്ത്യതലത്തിലെത്തിച്ച് നമ്മെ ആനന്ദിപ്പിക്കുന്നു. പാശ്ചാത്യോപസർപ്പകനോവലുകളുടെ ഛായയിൽ വാർത്തെടുത്തിട്ടുള്ള ഈ കഥയിൽ, ഗ്രന്ഥകാരൻെറ ഭാഷാശൈലി ആദ്യവസാനം ശാലീനവും പ്രസന്നവുമായിരിക്കുന്നു. "അഗതശ്മശ്രു" ആയിട്ട് ഇനിയും അധികം കൊല്ലങ്ങൾ കഴിഞ്ഞിട്ടില്ലാത്ത ഈ യുവകാഥികനിൽ നിന്ന് ഭാഷയ്ക്കു ശ്ലാഘങ്ങളായ പല സമ്പത്തും കൈവരാൻ ന്യായമായി ആശിക്കാം. ഞാൻ ഈ യുവസഹോദരനു സകല വിജയങ്ങളും ആശംസിച്ചു കൊള്ളുന്നു.

ശാസ്തമംഗലം
11-12-116.

കോന്നിയൂർ മീനാക്ഷി അമ്മ എം. എ.

# അഭിപ്രായം

ഭാഷാഭക്തനും സാഹിത്യരസികനുമായ ശ്രീമാൻ സാമുവൽ സഹൃദയലോകത്തിൻെറ പ്രീതിസമ്പാദിച്ചിട്ടുള്ള ഒരു കഥാകാരനാണ്. ഈ യുവസ്നേഹിതനുമായി എനിക്കുള്ള പരിചയം ദീർഘമല്ലെങ്കിലും, വിനയനമ്രനായ ഈ സാഹിത്യഭക്തനെപ്പററി മനസ്സു നിറയുന്ന പ്രിയത്തോടെ മാത്രമേ എനിക്ക് ഓർക്കാൻ കഴിയുന്നുള്ളു.

കഥാചന്ദ്രികയുടെ കുളുർമ്മയിൽ വിളങ്ങിയ ചമല്ക്കാര ചാതുര്യം ആശാകരമായ വികാസം പ്രാപിച്ചു ശോഭിക്കുന്ന ഒരു കൃതിയാണ് ഈ ആശാനികേതനം. സാഹിത്യമാർഗ്ഗത്തിൽ പ്രവേശിച്ചിട്ടുള്ള ഈ സ്നേഹിതൻെറ ആദ്യസഞ്ചാരത്തിൽ തെളിയുന്ന നൈപുണ്യം മേൽക്കുമേൽ വളർന്നുവരണമെന്നും, ജന്മലബ്ധമായ അനുഗ്രഹസിദ്ധി അഭ്യാസംകൊണ്ടു മികച്ചു സാഹിത്യത്തിനു ഗുണകരമായും തനിക്കു യശസ്കരമായും തീരണമെന്നും ഹൃദയംഗമമായി ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
19-1-1119.

ശൂരനാട്ടു കുഞ്ഞൻപിള്ള
എം. എ. (ഇംഗ്ലീഷ്) എം. എ. (സംസ്കൃതം)
എം. എ. (മലയാളം)

# പ്രസ്താവന

പ്രതീക്ഷയിൽ കവിഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ് "അശാന്തിനികേതനത്തി"ന്റെ മൂന്നാംപതിപ്പ് പ്രസിദ്ധീകരിക്കുന്നത്. മലയാളഗ്രന്ഥങ്ങൾക്കു പുനർമുദ്രണാവസരം ലഭിക്കുന്നത് ഒരു നിസ്സാരകാര്യമായി ഗണിക്കാവുന്നതല്ല. ഒന്നാമത്തെ പതിപ്പോടുകൂടി സമാപിക്കുന്നതാണു മിക്ക മലയാളഗ്രന്ഥങ്ങളും. എന്നാൽ ഇതരഭാഷകളിൽ ആവിർഭവിക്കുന്ന മററെല്ലാ ഗ്രന്ഥങ്ങളെക്കാൾ മലയാളഗ്രന്ഥങ്ങൾക്കു പ്രചാരം തുലോം കുറവാണെന്നുള്ള പരമാർത്ഥം ഒരു പോരായ്മയായി അവശേഷിക്കുന്നതേയുള്ളു. ഈ പരിതസ്ഥിതി ഇപ്പോൾ ഭേദപ്പെട്ടുവരുന്നത് ആശ്വാസപ്രദം തന്നെ.

ഈ ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പിന് സരസമായ ഒരഭിപ്രായം എഴുതിത്തന്ന പണ്ഡിതാഗ്രേസരനായ ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള അവർകൾ എം. എ. യോടും, ഈ പതിപ്പിനും വേണ്ട പ്രചോദനം നല്കിയ എന്റെ അഭിവന്ദ്യഗുരുനാഥനും, പണ്ഡിതവര്യനുമായ ശ്രീ എം. ആർ. ബാലകൃഷ്ണവാര്യർ അവർകൾ എം. എ. യോടും എന്റെ അളവററ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. ഇത്രയും ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ പുതിയ പതിപ്പിന്റെ പ്രസിദ്ധീകരണത്തിനു ഇടവരുത്തിയ സഹൃദയലോകത്തോടും എന്റെ നന്ദി നിസ്സീമമാണ്.

തിരുവനന്തപുരം
5-8-1120.

ഗ്രന്ഥകർത്താ.

4 NOV 1955
MADRAS

# ആശാനികേതനം

## I

അസഹനീയമായ മഴയും തണുപ്പുമുള്ള ഒരു രാത്രി. 'ധർമ്മതീർത്ഥ'ത്തിൽ നിന്നും 'നവപുര'ത്തേക്കു പുറപ്പെട്ട എക്സ്പ്രസ്സ് ട്രയിൻ 'പുരി'യിൽ എത്തിയതു് അന്നു സാധാരണയിൽ വളരെ താമസിച്ചായിരുന്നു. ചില പ്രത്യേക കാരണങ്ങളാൽ ഒരാഴ്ച്ചവട്ടം ഞാൻ 'പുരി'യിലായിരുന്നെങ്കിലും അ രാത്രി 'നവപുര'ത്തേയ്ക്കു മടങ്ങണമെന്നുള്ള മാതൃനിർദ്ദേശം ഞാൻ ശിരസാ വഹിച്ചു. സർവസാധാരണമായി എക്സ്പ്രസ്സ് വന്നാലുള്ള ശബ്ദകോലാഹലവും, ബഹളവുമൊന്നും അന്ന് ആ ഗ്രാമത്തിലെ ചെറിയ തീവണ്ടിയാപ്പീസിനെ ബാധിച്ചില്ല. തണുപ്പേല്ക്കാതെ ഞാൻ ധരിച്ചിരുന്ന 'പുറംകോട്ടു ശക്തിയായി മുറുകെക്കെട്ടി ചെറിയ ഒരു സഞ്ചാരപ്പെട്ടിയും വഹിച്ചു് രണ്ടാം ക്ലാസ്സ് മുറിയുടെവാതിൽ തുറന്നു് അകത്തേയ്ക്കു കടന്നു. അപ്പോൾ പുകവലിച്ചുകൊണ്ടു് ഒരു മാന്യൻ നീണ്ടുനിവർന്നു് പത്രവായനയിൽ ലയിച്ചു കിടക്കുന്നതു് ഞാൻ കണ്ടു. എന്റെ പ്രവേശനമാത്രയിൽ

അദ്ദേഹം സുസ്മേരവദനനായി പറഞ്ഞു. "മി. ചന്ദ്രൻ! വരൂ, നിങ്ങളും കൂടെ ഉണ്ടായിരുന്നു എങ്കിൽ എൻെറ യാത്ര എത്ര ആനന്ദപ്രദമാകുമായിരുന്നു."

"അല്ല, മി. അഭീന്ദ്രനോ?" വാതിൽ ബന്ധിച്ച് അദ്ദേഹത്തിനു സമീപം ഉപവിഷ്ടനായതിനു ശേഷം ഞാൻ ചോദിച്ചു. "അങ്ങ് ഇത്ര പെട്ടെന്നു മടങ്ങുകയാണോ, യാത്രോദ്ദേശ്യം എന്തായി?"

അഭീന്ദ്രൻ: ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ലെന്നു വേണം പറയുവാൻ. പരിശ്രമങ്ങൾക്കെല്ലാം ഫലം ലഭിച്ചു എന്നു വരുമോ?

ഞാൻ: ഇല്ലതന്നെ.

അ: മി. ചന്ദ്രൻ! വല്ല വിവരവും നിങ്ങളുടെ രഹസ്യാന്വേഷണത്തിൽ ലഭിച്ചിട്ടുണ്ടോ?

ഞാ: ആശ്ചര്യസംഭ്രാന്തിജനകമായ ഭാനുവിലാസത്തിലെ സംഭവത്തെപ്പററി എനിക്കു നൂതനമായ യാതൊരറിവുമില്ല. തക്കതായ തെളിവുകളൊന്നും കൂടാതെ എങ്ങനെയാണ് ഒരാളെ സംശയിക്കുക. യഥാർത്ഥത്തിൽ അയാൾ നിരപരാധിയാണെങ്കിൽ?

അ: ഏതായാലും ഈ കുഴഞ്ഞിയ കേസ്സു തെളിയിക്കാൻ ചെയ്യുന്ന ശ്രമം എത്രയും രഹസ്യമായിരിക്കണം. മി. പ്രശാന്തൻെറ മരണം ദുർമ്മരണമല്ലെന്നും പ്രത്യുത, പ്രകൃത്യാ അദ്ദേഹത്തെ ബാധിച്ചിരുന്ന ഹൃദ്രോഗമാണ് കാരണമെന്നുമാണല്ലോ ഡാക്ടർ സുരേഷും, മററെല്ലാവരും ധരിച്ചിട്ടുള്ളത്. പത്രങ്ങളും അ

വാർത്ത പ്രസിദ്ധീകരിച്ചു് പൂർവ്വവൽഗ്ഗവചപ്പെടുത്തിയിരിക്കുന്നു.

നവപുരത്തിലെ സി. ഐ. ഡി. വകുപ്പിൽ ഒരു പ്രധാന ഉദ്യോഗസ്ഥനായ മി. അഭീന്ദ്രനും, ഞാനും തണുപ്പേററു കിടുകിട വിറച്ചുകൊണ്ടായിരുന്നു സംഭാഷണം ചെയ്തിരുന്നതു്. പുകവലിയിൽ ആഗ്രഹം ഇല്ലാതിരുന്നിട്ടും, അദ്ദേഹം അപ്പോൾ സംഭാവനചെയ്ത സിഗററു് സ്വീകരിക്കാൻ ഞാൻ വൈമുഖ്യം പ്രദർശിപ്പിച്ചില്ല.

അതിസമർത്ഥനായ ആ പോലീസ്സമേധാവിയും ഞാനും കാളേജ് ക്ലാസ്സുകളിൽ വച്ചു് ആപ്തമിത്രങ്ങളായിരുന്നു. ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടു് കഷ്ടിച്ചു മൂന്നു കൊല്ലമേ കഴിഞ്ഞിരുന്നുള്ളു. എങ്കിലും അതിഗഹനങ്ങളായ പല കുഴഞ്ഞ കേസുകളും തെളിവിൽ കൊണ്ടുവന്നു പ്രഖ്യാതനായിത്തീർന്ന ഒരു യുവാവായിരുന്നു അദ്ദേഹം.

അഭീന്ദ്രൻ എൻെറ സമീപത്തേയ്ക്കു കുറെക്കൂടി നീങ്ങിയിരുന്നു. അദ്ദേഹം പറഞ്ഞു. "ചന്ദ്രൻ ആരെയെങ്കിലും സംശയിക്കുന്നതു് നിങ്ങളുടെ മതത്തിനു വിപരീതമാണു്. മി. പ്രശാന്തൻെറ മരണത്തിനും, ഭാനുവിലാസത്തിലെ പണപ്പെട്ടിയിൽ നിന്നു് അമ്പതിനായിരം രൂപ മോഷണം പോയതിനും കാരണഭൂതൻ രമേശൻ മാത്രമായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല."

ഞാൻ: മററു വല്ലവരുടെയും പ്രേരണയുള്ളതായി വിചാരിക്കാൻ യാതൊരു സൂചനയും നമുക്കു ലഭിച്ചിട്ടില്ലല്ലോ. രമേശൻ ഭാനുവിലാസത്തിലെ വിശ്വസ്തഭൃത്യനായിരുന്നതു കൊണ്ടു് അവിടത്തെ സകല വസ്തുതകളും

അയാൾക്കറിയാമായിരുന്നു. പോരെങ്കിൽ മററാരും അന്നു് അവിടെ ഉണ്ടായിരുന്നുമില്ല.

അഭി: വീട്ടും ഉററവരുമില്ലാത്ത രമേശൻ ഈ സാഹസ കൃത്യങ്ങൾക്കു പ്രേരിതനായതു് അത്യാശ്ചര്യം തന്നെ.

ഞാ: രമേശനെ പിടി കിട്ടിയാൽ മാത്രമേ ഈ രഹസ്യങ്ങളൊക്കെ പുറത്തു വരികയുള്ളു.

അ: രമേശൻ അന്തർദ്ധാനം ചെയ്തിരിക്കുന്നതിനാൽ അയാളുടെ ഫോട്ടോ ഈ രാജ്യത്തുള്ള എല്ലാ പോലീസ്സുകാരുടെയും അറിവിനായി വിതരണം ചെയ്തിട്ടുണ്ടു്. പോരെങ്കിൽ അയാളുടെ ഫോട്ടോ സകല വിവരണങ്ങളോടുംകൂടി എല്ലാ പത്രങ്ങളിലും തുടരെത്തുടരെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കയുമാണല്ലോ. പോലീസുകാർ ജാഗരൂകരായി അയാളെ തേടിനടക്കുകയാണു്. അവരെ ഒന്നുപോലെ കബളിപ്പിച്ചു രമേശനു് അതിർത്തി കടക്കുവാൻ സാധിക്കുമോ? ചന്ദ്രൻ! നിങ്ങൾ എനിക്കു കഴിവുള്ള എല്ലാ സാഹായ്യങ്ങളും ചെയ്തുതരണം. സംഭവങ്ങളുടെ യഥാർത്ഥ വിവരങ്ങൾ വെളിപ്പെടുത്താൻ നിങ്ങളും അകമഴിഞ്ഞാഗ്രഹിക്കുന്നില്ലേ?

ഞാ: എന്താ സംശയം. ഞാൻ സ്വന്തം കാര്യമായിട്ടാണു് ഭാനുവിലാസത്തിലെ സംഭവത്തെ കരുതിയിട്ടുള്ളതു്. കഴിയുന്നത്ര അതിൽ പരിശ്രമിക്കതന്നെ ചെയ്യും. ഫലം എങ്ങനെയെങ്കിലുമാകട്ടെ.

ഞങ്ങളുടെ സംഭാഷണം ഇങ്ങനെ പുരോഗമിച്ചപ്പോൾ 'പുരി'യിൽനിന്നും അഞ്ചുനാഴികക്കിപ്പുറമുള്ള 'ധാനിറാം'

സ്റ്റേഷനിൽ തീവണ്ടി എത്തി. “എനിക്കു ഇവിടെ ഇറങ്ങണം. നാളെ വൈകുന്നേരത്തെ വണ്ടിക്കു് ഞാൻ നവപുരത്തേയ്ക്കു മടങ്ങാം.” എന്നു പറഞ്ഞു് അഭീന്ദ്രൻ വാതിൽ തുറന്നു് പുറത്തേക്കിറങ്ങി. അദ്ദേഹം വീണ്ടും പറഞ്ഞു. “നിങ്ങളോടൊന്നിച്ചു് യാത്രക്കാർ ആരും ഇല്ലാത്തതുകൊണ്ടു് ഒരു വിരസത തോന്നുമായിരിക്കും. ഡാക്ടർ സുരേഷ് ഈ വണ്ടിയിൽ നവപുരത്തേയ്ക്കുണ്ടെന്നു തോന്നുന്നു. അദ്ദേഹം വേറെ ഏതെങ്കിലും മുറിയിൽ പ്രവേശിക്കുന്നതിനുമുമ്പു് ഞാൻ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരാം.”

## II

സ്വഭാവനൈർമ്മല്യത്താലും അനിതരസാധാരണമായ ചികിത്സാപാടവത്താലും അല്പകാലംകൊണ്ടു് സുപ്രസിദ്ധനായിത്തീർന്ന ഒരു ഭിഷഗ്വരനാണു് ഡാക്ടർ സുരേഷ്. ഭാനുവിലാസത്തെ സംഭവദിവസമായിരുന്നു ഞങ്ങൾ തമ്മിൽ പരിചിതരായതു്.

തീവണ്ടി വീണ്ടും ത്വരിതഗമനം തുടങ്ങി. ഡാക്ടർ സുരേഷ് സ്വതസ്സിദ്ധമായ ശാന്ത സ്വരത്തിൽ എന്നോടു പറഞ്ഞു. “മി. ചന്ദ്രൻ! ഭാനുവിലാസത്തിലെ സംഭവത്തിനു ശേഷം നമുക്കു തമ്മിൽ കാണാൻ ഇതുവരെ തരപ്പെട്ടില്ലല്ലോ. ഞങ്ങളുടെ കൂട്ടർക്കു വിശ്രമാവസരം വളരെ ചുരുങ്ങും.

പോരുരങ്കിൽ ഈ സ്ഥലവും അളുകളും എല്ലാം എനിക്കു പുത്തനാണു്. "

ഞാൻ: സമയവും സൌകര്യവും കുറവായതുകൊണ്ടാണു് ഞാനും അങ്ങോട്ടു വരാതിരുന്നതു്. പെട്ടെന്നുണ്ടായ പരിചയം ദൃഢമൈത്രിയാക്കാൻ മോഹമില്ലായ്കയാലല്ല.

ഡാ. സുരേഷു്: നിങ്ങളെപ്പററി മി. അഭീന്ദ്രൻ എന്നോടു പറഞ്ഞിട്ടുണ്ടു്. നിങ്ങളെ സംബന്ധിച്ച സകല വിവരങ്ങളും അറിയാൻ ആഗ്രഹിച്ചു് അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ അവ നിങ്ങളോടു തന്നെ ചോദിച്ചറിയുകയാണു് ഉത്തമമെന്നു പറഞ്ഞു് ഒഴിഞ്ഞു കളയുകയാണു് അദ്ദേഹം ചെയ്തതു്. എന്താ പറയാൻ വല്ല വിഷമവുമുണ്ടോ ?

ഞാ: അശേഷമില്ല. ഭാനുവിലാസത്തിലെ രഹസ്യവും ആകസ്മികമായ സംഭവവും നിങ്ങൾക്കു് അറിവുള്ളതാണല്ലോ. അതിനാൽ എന്നെപ്പററിയും നിങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതു് ആവശ്യമാണു്. ദേഹസ്വാർത്ഥം വിദേശരാജ്യങ്ങളിൽ രസിക്കുന്ന എൻെറ വന്ദ്യപിതാവു് നവപുരത്തിലുള്ള 'വസുമതി' കാട്ടൻമിത്സിലെ പ്രവർത്തകരിൽ ഒരാളായിരുന്നു. ഒരു വ്യാഴവട്ടം മില്ലിലെ പ്രവർത്തനം വളരെ ഭംഗിയായി നടന്നു. അതിനുശേഷം പ്രവർത്തകർ തമ്മിൽ സാരചർച്ച നില്ലാതാകുകയും എൻെറ പിതാവു് പ്രവർത്തകസമിതിയിൽനിന്നു് പിന്മാറുകയും ചെയ്തു. അമ്മയുടെയും എൻെറയും ആവശ്യത്തിനു് വേണ്ട ധനം പിതാവു് ആർജ്ജിച്ചിരുന്നു. കൂടാതെ മാസംതോറും മാന്യമായ രീതിയിൽ ഒരു നല്ല വരുമാനം എനിക്കു്

ലഭിച്ചുകൊണ്ടിരിക്കുകയുമാണ്. എന്റെ പിതാവും, മി. പ്രശാന്തനും തമ്മിൽ ആത്മസുഹൃത്തുക്കളായിരുന്നു. മി. പ്രശാന്തൻ ഒരു വലിയ ജന്മിയും, നവപുരംനിവാസികളുടെ ആരാധനാവിഗ്രഹവുമായ ഒരു മഹാനുഭാവനുമായിരുന്നു എന്ന് ഡാക്ടർ അറിഞ്ഞിരിക്കുമല്ലോ. അദ്ദേഹത്തിന്റെ ഏകപുത്രിയാണു ലീലാവതി. അവൾക്ക് ഓർമ്മയാകുന്നതിനു മുമ്പുതന്നെ മാതാവു ചരമമടഞ്ഞു. അതിനുശേഷം പാർക്കുറോഡിലുള്ള 'ഭാനുവിലാസ'ത്തിലാണ് അദ്ദേഹം പുത്രിയൊന്നിച്ചു പാർത്തിരുന്നത്. കൂടക്കൂടെ സുഖവാസത്തിനായി അദ്ദേഹം ധർമ്മതീർത്ഥത്തിലുള്ള 'എസ്റ്റേയിറ്റി'ലേക്കു പോകാറുണ്ടായിരുന്നു. കഴിഞ്ഞ കൊല്ലം ഈസ്റ്റർ ഒഴിവിന് അച്ഛനെയും കുറെക്കാലം അദ്ദേഹത്തൊടൊന്നിച്ചു ധർമ്മതീർത്ഥത്തിൽ വസിക്കുന്നതിനു ക്ഷണിച്ചു. ആ ക്ഷണം അച്ഛൻ നിരസിച്ചില്ല. നിരന്തരമായ അദ്ധ്വാനം നിമിത്തം അച്ഛന് വിശ്രമം അത്യന്താപേക്ഷിതമാണെന്ന് എനിയ്ക്കും അമ്മയ്ക്കും തോന്നി. ഒരു പ്രഭാതത്തിൽ മി. പ്രശാന്തനും, ലീലാവതിയും, അച്ഛനുംകൂടി കാറിൽ ധർമ്മതീർത്ഥത്തിലേയ്ക്കു യാത്ര തിരിച്ചു. വിധിവൈപരീത്യത്താൽ കാറ് പകുതി വഴിയിലെത്തിയപ്പോൾ ഒരു വളവിൽവച്ച് മറിയുന്നതിനിടയായി. അവിടം ഒരു വിജനപ്രദേശമായിരുന്നു. ആ അത്യാഹിതത്തിൽപ്പെട്ട ലീലാവതി ദൈവഗത്യാ രക്ഷ പ്രാപിച്ചു. മി. പ്രശാന്തനും, അച്ഛനും, ഡ്രൈവർക്കും ഗുരുതരമായ പരുക്കുകൾ ഏല്ക്കുന്നതിനിടയായി. സ്വതേ കാസരോഗിയായ

അച്ഛന് കാറപകടത്തിനുശേഷം ആ രോഗം പൂർവ്വാധികം വർദ്ധിക്കുകയും, അതിൻെറ ശമനത്തിനായി അതിനിപുണനായ ഒരു ഡാക്ടരുടെ അഭിപ്രായമനുസരിച്ച് വിദേശരാജ്യങ്ങളിൽ ചികിത്സയിൽ കഴിഞ്ഞുകൂടുകയുമാണ്."

ഡാ. സു: ഇപ്പോൾ അദ്ദേഹത്തിനു സുഖമുണ്ടോ. ?

ഞാ: രോഗത്തിനു വലിയ കുറവൊന്നുമില്ലെങ്കിലും കൂടുതലില്ലെന്നുവേണം പറയാൻ. അപകടപ്പെട്ടവരെ സഹായിക്കാൻ തത്സമയം ആരുമുണ്ടായില്ല. കുറെ കഴിഞ്ഞപ്പോൾ സുഭഗനായ ഒരു യുവാവ് മോട്ടാർസൈക്കിളിൽ അതുവഴി വന്നു. മുറിവേററവർക്ക് വേണ്ട പ്രാരംഭശുശ്രൂഷകൾ അദ്ദേഹം നല്കി. കുറെ ദിവസത്തെ പരിചരണത്തിനു ശേഷം എല്ലാവരും സുഖം പ്രാപിച്ചു. സ്വാർത്ഥരഹിതനായ ആ യുവാവിൻെറ ദീനാനുകമ്പയിൽ സന്തോഷിച്ച മി. പ്രശാന്തൻ അദ്ദേഹത്തെ തൻെറ മാനേജരായി നിയമിച്ചു.

ഡാ: സു. അദ്ദേഹമായിരിക്കും മി. വസന്തകുമാർ. അല്ലേ?

ഞാ: അതെ. ഞാൻ തുടരട്ടെ. അച്ഛൻെറ വിരഹം നിമിത്തം സന്തപ്തചിത്തരായ അമ്മയും ഞാനും ഒരു ഒതുങ്ങിയ ജീവിതം നയിക്കുന്നതിനഭിലഷിച്ചു. നവപുരം നഗരത്തിലെ പൊടിയും, ബഹളവും, ഒരിക്കലും ഒടുങ്ങാത്ത ശബ്ദകോലാഹലവും ഞങ്ങൾക്കു തീരെ ഇഷ്ടമായില്ല. അതിനാൽ നഗരത്തിൽനിന്നും അല്പം അകലെ കാളേജ് സ്ക്വയറിലുള്ള ഒരു

വസതിയിലേയ്ക്കു് ഞങ്ങൾ താമസം മാററി. അതിനു ശേഷം സംഭവബാഹുലമായ വസന്തങ്ങൾ പലതു കഴിഞ്ഞു. വസന്തകുമാർ മി. പ്രശാന്തൻെറ വിശ്വസ്തമാനേജരായി. ബാങ്കുസംബന്ധമായും കുടുംബസംബന്ധമായുമുള്ള സകല പ്രവർത്തനങ്ങളും അദ്ദേഹം വസന്തകുമാറിനെ വിശ്വസിച്ചേല്പിച്ചു. അദ്ദേഹത്തോടു പെരുമാറുന്നവർക്കും പ്രീതിയും വിശ്വാസവും വർദ്ധിച്ചു. എന്നാൽ സ്വകുടുംബത്തെപ്പററി വല്ല വിവരണവും നല്കുന്നതിൽ അദ്ദേഹം ഒരു പ്രത്യേക വിമുഖത പ്രദർശിപ്പിക്കും. അദ്ദേഹത്തിൻെറ താമസം പ്രശാന്തൻെറ വകയായ 'ഐവിഗ്രോവ്' എന്ന മനോഹരമായ ഒരു ചെറുഭവനത്തിലാണു്. മി. പ്രശാന്തൻ മരണം പ്രാപിച്ച രാത്രി ഡാക്ടർ ഓർമ്മിക്കുന്നുണ്ടായിരിക്കും. ഏപ്രിൽ പതിമൂന്നാം തീയതി; അതെ—കഷ്ടിച്ചു് നാല്പത്തേഴു ദിവസങ്ങൾക്കു മുമ്പു്—അന്നുരാത്രി ഒരുമണിക്കായിരുന്നു അദ്ദേഹം ഭാനുവിലാസത്തിൽ വച്ചു് പരലോകപ്രാപ്തനായതു്. അദ്ദേഹത്തിൻെറ സർവസ്വത്തിനും അവകാശി ലീലയാണു്."

ഡാ. സു: "ലീലാവതിയോ"

ഞാ: അതെ. അവൾ നവപുരം നാഗരികാംഗനകളുടെ നടുനായകമാണു്. പ്രായത്തിനു യോജിച്ച വളർച്ചയും, കുലമഹിമയ്ക്കൊത്ത ധനസ്ഥിതിയും, വിദ്യയ്ക്കൊത്ത സംസ്കാരവും, സർവ്വോപരി അസൂയാവഹമായ സൗന്ദര്യവും സിദ്ധിച്ചവളാണു ലീല. ബാല്യസഖാക്കളായി

ഒരു മുററത്തു് ഒന്നിച്ചു കളിച്ചുവളർന്ന ഞങ്ങൾ യൗവന യുക്തരായപ്പോൾ പരസ്പരം അനുരാഗബദ്ധരായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ല. ഞങ്ങൾ പ്രേമബദ്ധരാണെന്നറിഞ്ഞു മാതാപിതാക്കന്മാർ വിവാഹത്തിനു് ഹൃദയപൂർവ്വം അനുമതി നൽകുകയും ഞങ്ങൾ ദാമ്പത്യ മധു ആസ്വദിക്കുന്നതു കാണാൻ അകമഴിഞ്ഞാഗ്രഹിക്കുകയും ചെയ്തു. വേഷവിധാനങ്ങളിൽ ഒട്ടും കരുതലില്ലാത്ത എന്നെ അപേക്ഷിച്ചു് പരിഷ്കാരപ്രിയയാണു ലീല. പ്രസംഗവേദിയിലും, സംഗീതസദസ്സിലും, ക്ലബ്ബിലും, സിനിമാഹാളിലും എന്നു വേണ്ട ബഹുമാന്യരായ ആളുകൾ കൂടാറുള്ള എല്ലാ സദസ്സിലും അവളെ കാണാം. വിവാഹത്തിനു പ്രതിശ്രുതരായിരുന്ന ഞങ്ങളുടെ പെരുമാററം ആർക്കും വൈരസ്യം ജനിപ്പിച്ചില്ല.

ഡാ. സു: മി. ചന്ദ്രൻ, അല്ലെങ്കിലും നവപുരത്തെ സംസ്കാര സമ്പന്നരും പരിഷ്കൃതരുമായ ആളുകൾ അതൊരു കുററമായി കരുതുമെന്നു് എനിക്കു തോന്നുന്നില്ല.

കോലാഹലസമന്വിതമായ നവപുരം സ്റ്റേഷനിൽ തീവണ്ടി വന്നുനിന്നപ്പോൾ അർദ്ധരാത്രി കഴിഞ്ഞു. സുമാർ മൂന്നു നാഴികയുണ്ടായിരുന്നു അവിടെനിന്നും കാളെജ് സ്റ്റൊയറിലുള്ള എൻെറ വസതിയിലെത്താൻ. ഞാൻ ഡാക്ടർ സുരേഷിനെ അദ്ദേഹത്തിൻെറ വാസസ്ഥലത്തേയ്ക്കു യാത്രയാക്കിയ ശേഷം ഒരു ടാക്സിയിൽ പ്രയാണം ചെയ്തു. അപ്പോൾ തന്നെ ലീലാവതിയെ സന്ദർശിച്ചാൽ കൊള്ളാമെന്നു ഞാൻ അഭിലഷിക്കാതിരുന്നില്ല. പക്ഷെ വൃദ്ധയായ

എൻെറ മാതാവു് രാത്രിയിൽ ഉറക്കമിളച്ചു് എന്നെ കാത്തിരുന്നു വിഷമിക്കുമെന്നുള്ള ചിന്ത വല്ലാതെ അസഹ്യപ്പെടുത്തുകയും വീട്ടിലേയ്ക്കു അതിവേഗത്തിൽ കാറോടിക്കാൻ ഞാൻ ഡ്രൈവറോട്ടു് ആജ്ഞാപിക്കുകയും ചെയ്തു.

## III

എൻെറ മുറിയിൽ ഘടിപ്പിച്ചിരുന്ന ടെലിഫോണിൽ തുടരെത്തുടരെ അടിക്കുന്ന മണിയുടെ ശബ്ദം കേട്ടു് ഞാൻ ഞെട്ടിയുണർന്നു. ഫോണിൽ ശ്രദ്ധിച്ചപ്പോൾ "മി. ചന്ദ്രൻ, അങ്ങയെ ഞാൻ അതിരാവിലെ വിഷമിപ്പിക്കുന്നതിൽ ക്ഷമിക്കണേ. അങ്ങു് ഇന്നലെ രാത്രി മടങ്ങി എത്തിയ വിവരം ഞാനറിഞ്ഞു. ഇപ്പോൾ ഇങ്ങോട്ടു വരുമോ? കണ്ടിട്ടു് എത്ര നാളായി. എന്തൊരു ജീവിതം ! ഞാൻ അങ്ങയോട്ടു് മുഷിഞ്ഞിരിക്കുകയാണു്. ഏതായാലും കാപ്പി കഴിക്കുന്നതു് ഇവിടെ വന്നതിനുശേഷം. ഞാൻ കാത്തിരിക്കും. മണി എട്ടുകഴിഞ്ഞിട്ടും ഉറക്കം മതിയാകാത്തതു് അത്ഭുതംതന്നെ." ലീലാവതിയുടെ കുയിൽനാദംപോലുള്ള മധുരസ്വരമായിരുന്നു ആ സുപ്രഭാതത്തിൽ എൻെറ ശ്രവണപുടങ്ങളിൽ പതിഞ്ഞതു്. "ലീലേ! ഒരു മണിക്കൂറിനകം അവിടെ എത്തിക്കൊള്ളാം." എന്നു പറഞ്ഞു ഞാൻ സംഭാഷണം അവസാനിപ്പിച്ചു.

"കുഞ്ഞേ ഇന്നത്തെ നിന്റെ യാത്ര എവിടേയ്ക്കാണു്. യാത്രചെയ്ത ക്ഷീണം മാറിയില്ലല്ലോ." അതിവേഗത്തിൽ ഞാൻ വസ്ത്രധാരണം ചെയ്യുന്നതുകണ്ടു് അമ്മ എന്നോടു പറഞ്ഞു. "നീ ഇങ്ങനെ ദിനകൃത്യങ്ങളിൽ അശ്രദ്ധനായി കാണുന്നതു് എനിക്കു് അനല്പമായ കുണ്ഠിതത്തിനു കാരണമാണു്. എനിക്കിനി നീ മാത്രമേയുള്ളു."

"അതെ അമ്മേ! എനിക്കു് അമ്മയും. ഞാൻ ഇതാ വന്നുകഴിഞ്ഞു. ലീലാവതി അവിടെ ചെന്നിട്ടു കാപ്പി കഴിക്കാവൂ എന്നു് പറഞ്ഞിരിക്കുകയാണു്." എന്നു പ്രത്യുത്തരം നല്കി ഞാൻ ഭാനുവിലാസത്തിലേക്കു നടകൊണ്ടു.

ലീലാവതി എന്നെ പ്രതീക്ഷിച്ചു് അക്ഷമയായി സന്ദർശനമുറിയിൽ ഇരിക്കുകയായിരുന്നു. അതുവരെയും സംഭാഷണത്തിൽ മുഴുകിയിരുന്ന അവളുടെ ചിററമ്മ "ഞാനിതാവരുന്നു" എന്നു പറഞ്ഞു് അകത്തേക്കു പോയി.

അന്നു ലീലയ്ക്കു് അസാധാരണമായ ആകാരസുഷമയുള്ളതായി എനിക്കു തോന്നി. അവൾക്കു വയസ്സു പതിനെട്ടേ ആയിരുന്നുള്ളു. കാളർവച്ച റോസ്സുനിറത്തിലുള്ള ഒരു ബ്ലൗസ്സും, അററത്തു് നീലക്കരയുള്ള ഇളം മഞ്ഞ നിറത്തിലുള്ള ഒരു സാരിയും, പിന്നിക്കെട്ടി ഒരു ചുമന്ന പനിനീർ പൂവു് തിരുകി പുറകോട്ടിട്ടിരുന്ന കബരീഭരവും, സുന്ദരമായ നെററിത്തടത്തിൽ ഒരു ചുമന്ന സിന്ദൂരപ്പൊട്ടും, അനുയോജ്യമായി അണിഞ്ഞിരുന്ന ആഭരണങ്ങളും, ഇടതുകയ്യിൽ ഒരു റിസ്റ്റുവാച്ചും എല്ലാം കൂടിയായപ്പോൾ ലീലയുടെ സൗന്ദര്യം ശതഗുണീഭവിച്ചതായി എനിക്കു തോന്നിയതിൽ അത്ഭുതപ്പെടാനില്ലല്ലോ.

അവൾ ലോലമൃദുലമായ സ്വരത്തിൽ പറഞ്ഞു. "അങ്ങ് ഇങ്ങനെയാണ് എന്നെ കരുതുക. വിധിവൈപരീത്യത്താൽ അച്ഛനമ്മമാരില്ലാത്തവളായിപ്പോയില്ലേ ഞാൻ. ക്രമേണ അങ്ങു എന്നെ മറക്കുമായിരിക്കും. ഈ ചിററമ്മയെ കൊണ്ടു ഞാൻ തോററു. എന്നെ എങ്ങോട്ടും പോകാൻ അനുവദിക്കുന്നില്ല. എത്ര സുഹൃൽസമ്മേളനങ്ങളാണു തെററിയത്. 'നിന്നെ ഞാൻ ചന്ദ്രൻെറ കയ്യിൽ ഏല്പിക്കട്ടെ' എന്നാണു ചിററമ്മ പറയുന്നത്."

ഞാൻ: ലീലേ! ഇങ്ങോട്ടു നോക്കു, ഈ പരിഭവങ്ങളൊക്കെ എന്തിനാണ്. രമേശനെ കണ്ടുപിടിക്കാൻ ഞാൻ പോലീസ്സുകാരോടൊപ്പം രാവും പകലും തീവ്രശ്രമം ചെയ്യുകയായിരുന്നു. എന്തായാലും അതിൻെറ യഥാർത്ഥവിവരങ്ങൾ അറിഞ്ഞതിനുശേഷമേ എനിക്കു സൈ്വരമുണ്ടാകുകയുള്ളൂ.

ലീല: പോലീസ്സുകാർക്കു കൂടുതലായി വല്ല വിവരവും ലഭിച്ചിട്ടുണ്ടോ?

ഞാ: ഇല്ല.

ലീല: രമേശൻ ഇത്ര നീചനായിപ്പോയല്ലോ. കഷ്ടം.

ഞാ. അച്ഛൻെറ മരണം, പണാപഹരണം, രമേശൻെറ അന്തർദ്ധാനം; ഇവയുടെ പുറകിൽ എന്തോ മഹത്തായ ഒരു രഹസ്യം ഉണ്ടെന്നു ചിലപ്പോഴെല്ലാം ഞാൻ ബലമായി സംശയിക്കാറുണ്ട്.

ലീല: അച്ഛൻെറ മരണം; അതിലും അവിടുത്തേയ്ക്കു സംശയമോ? എനിക്കു മനസ്സിലായി. അങ്ങ് എന്നിൽ

നിന്നും എന്തോ ഒരു രഹസ്യം മറച്ചുവെച്ചിരിക്കുകയാണ്. ഈവിധമുള്ള മനഃസ്ഥിതിയാണ് നമ്മുടെ അഭിപ്രായവ്യത്യാസങ്ങൾക്കെല്ലാം കാരണം. ആ രഹസ്യം എന്താണെന്ന് ഈ സാധുവായ എന്നോട് - അങ്ങയുടെ പ്രിയപ്പെട്ട ലീലയോട് പറയുകയില്ലേ? അത് ഞാനും അറിഞ്ഞിരിക്കേണ്ടതല്ലേ ?

ഞാ: ലീലേ, നിന്നിൽ നിന്നും മറച്ചുവെയ്ക്കേണ്ട ഒരു രഹസ്യവും എനിക്കില്ല. അച്ഛന്റെ മരണത്തെപ്പററിയുള്ള വിവരങ്ങൾ നീ അറിഞ്ഞിരിക്കേണ്ടതാണ്. മററാരും അറിയരുതെന്നേ എനിക്കു നിർബന്ധമുള്ളു.

ലീല: അവിടുത്തേക്ക് എന്നെ വിശ്വാസമുണ്ടല്ലോ?.

ഞാ: നിശ്ചയമായും.

ലീല: എന്നാൽ പറയരുതോ ?.

ലീല ശോകാവേശത്താൽ എന്റെ മുഖത്തേയ്ക്കു ദൃഷ്ടികൾ പതിപ്പിച്ചു. അവളുടെ മുഖത്തു് ഒരു കാളിമ വ്യാപിക്കുന്നതു ഞാൻ കണ്ടു. പ്രശാന്തൻ ചരമം പ്രാപിച്ച രാത്രി നവപുരത്തിലെ സംഗീതസമ്മേളനത്തിൽ ഭാഗഭാക്കാകാൻ ആഗതയായ നാട്യകലാകുശല, ശ്രീമതി ശാന്താദേവിക്ക് വനിതാസമാജം വകയായി ഒരു സ്വീകരണം നല്കി. പിതാവിന്റെ അനുമതിയോടുകൂടി ലീല അതിൽ സംബന്ധിക്കാൻ പോയിരുന്നു. ശാന്താദേവിയും, ലീലാവതിയും, ഒന്നിച്ചായിരുന്നു ഏതാനും മാസം കൽക്കട്ടയിൽ നർത്തനം അഭ്യസിച്ചിരുന്നതു്. പക്ഷെ അച്ഛന്റെ രോഗം ലീലയുടെ പഠനത്തിനു് ഒരു പൂർണ്ണവിരാമമിട്ടു.

"പറയൂ, അങ്ങു് എന്റെ ക്ഷമ പരീക്ഷിക്കുക യാണോ" എന്നു് വിചാരാധീനനായിരുന്ന എന്നോടു് ലീല ചോദിച്ചു.

"കേൾക്കുന്നതെല്ലാം രഹസ്യമായി സൂക്ഷിക്കണം" എന്നുള്ള മുഖവുരയോടുകൂടി ഞാൻ തുടങ്ങി. "അച്ഛന്റെ മരണദിവസം നാലുമണിക്കുള്ള തീവണ്ടിയിൽ വസന്തകുമാർ 'എസ്റ്റേറ്റു' കാര്യങ്ങൾക്കായി ധർമ്മതീർത്ഥത്തിലേയ്ക്കു യാത്ര പുറപ്പെട്ടു; രാത്രി പതിനൊന്നു മണിയോടുകൂടി ലീല മടങ്ങിവന്നപ്പോഴേയ്ക്കും രമേശനെ കാണാനില്ലെന്നും, പണപ്പെട്ടി തുറന്നുകിടക്കുകയാണെന്നും, അച്ഛനു സുഖക്കേടു വളരെ കൂടുതലാണെന്നും ഉടനെ എത്തണമെന്നുമുള്ള വിവരങ്ങൾ ഫോണിൽ എന്നെ അറിയിച്ചു. ഞാൻ തൽക്ഷണം അഭീന്ദ്രനെയും കൂട്ടിക്കൊണ്ടു് ഇവിടെ എത്തി. ഡാക്ടരും അതിനകം വന്നുകഴിഞ്ഞു. അപ്പോഴേയ്ക്കും അച്ഛൻ മൃതനായി. ഡാക്ടരും അഭീന്ദ്രനും പല പരീക്ഷണങ്ങൾ നടത്തിയ ശേഷം മരുന്നിൽ വിഷം കലർന്നിട്ടുണ്ടെന്നു് കണ്ടുപിടിച്ചു. ലീലയുടെ ഉദ്യാനത്തിൽ നില്ക്കുന്ന മാംസരോഹിണിക്കു് അച്ഛന്റെ ഉറക്കറയിൽനിന്നു് പതിനഞ്ചുവാര അകലമേയുള്ളു. അതിന്റെ രണ്ടാമത്തെ ശിഖരത്തിൽ കയറി ഇരുന്നാൽ ആ മുറിയിൽ നടക്കുന്ന സകല സംഭവങ്ങളും കാണാം. അതിന്റെ ചുവട്ടിൽ നിന്നും കണ്ടെടുത്ത ചെരുപ്പു് രമേശന്റേതാണെന്നു തെളിഞ്ഞിട്ടുണ്ടു്. കുപ്പിയിലുണ്ടായിരുന്ന മരുന്നിൽ വിഷം കലർത്തി അച്ഛനുകൊടുത്തിട്ടു്, അനന്തര സംഭവങ്ങൾ ഗ്രഹിക്കാൻ അയാൾ വൃക്ഷത്തിൽ കയറിയിരിക്കുകയും അച്ഛന്റെ ഊർദ്ധ്വശ്വാസത്തിനു ശേഷം പണവുമപഹരിച്ചു് രക്ഷപ്പെടുകയും ചെയ്തിരിക്കണം."

ലീല പ്രത്യുത്തരം ഒന്നും നൽകിയില്ല. അവൾക്കു അത്യധികമായ ദുഃഖമുണ്ടായി. അവളുടെ മനോഹരമായ നേത്രോല്പലങ്ങളിൽകൂടി ബാഷ്പകണങ്ങൾ പ്രവഹിക്കാൻ തുടങ്ങി. ഞാൻ അതു കൈലേസ്സുകൊണ്ടു തുടച്ചിട്ടു പറഞ്ഞു. "ലീലേ! നിന്നെപ്പോലെ സംസ്കാരം സിദ്ധിച്ചവർ ഇങ്ങനെ കരയുമോ? കഴിഞ്ഞ കാര്യങ്ങളെപ്പററി ചിന്തിച്ചു വ്യസനിക്കുകയോ? ഭാവികാര്യങ്ങളെപ്പററി ആലോചിക്കേണ്ട ബുദ്ധിയെ ഇങ്ങനെ മന്ദീഭവിപ്പിക്കരുതു്."

സന്ദർഭോചിതമായ സാന്ത്വനവാക്കുകളാൽ ഞാൻ അവളുടെ വ്യഥിതഹൃദയത്തെ സമാശ്വസിപ്പിച്ചു.

ലീലയുടെ ചിററമ്മ വാതിലിന്റെ തിരശ്ശീലയുടെ മറവിൽ നിന്നുകൊണ്ടു് പറഞ്ഞു. "ചന്ദ്രാ! അമ്മയ്ക്കു സുഖം തന്നെയല്ലേ? ഞാൻ നാളെ ലീലയുമായി അങ്ങോട്ടു വരാം."

"അമ്മയ്ക്കു വിശേഷിച്ചു സുഖക്കേടൊന്നുമില്ല." ഞാൻ മറുപടി നല്കി.

അവർ വീണ്ടും പറഞ്ഞു. "ലീലേ! ചന്ദ്രനെ കാപ്പി കഴിക്കാൻ ക്ഷണിക്കു."

ഞങ്ങൾ മൂവരുമായി ഭക്ഷണമുറിയിലേയ്ക്കു തിരിച്ചു. മേശപ്പുറത്തു് ഒരുക്കിയിരുന്ന അതിരുചികരമായ വിവിധ ഭക്ഷണസാധനങ്ങൾ മുഴുവനും പല നേരംപോക്കുകളും പറഞ്ഞു് ഞങ്ങൾ ഭക്ഷിച്ചു. ഭക്ഷണാനന്തരം ചിററമ്മ ഭൃത്യർക്കു് ചില നിർദ്ദേശങ്ങൾ നല്കുന്നതിനും ഞങ്ങൾ വീണ്ടും സന്ദർശനമുറിയിലേയ്ക്കും പോയി.

ലീല കസാലയിൽ ഉപവിഷ്ടയാകാൻ ഭാവിച്ചപ്പോൾ ഞാൻ അവളുടെ ഹസ്തം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു.

"ലീലേ! നീ ഒരു നവയൌവനയുക്തയാണു്. നിന്റെ ഈ അതിരുകവിഞ്ഞ പരിഷ്കാരങ്ങൾ അനർത്ഥകാരണങ്ങളാണു്. കുറെ കുറയ്ക്കുന്നതു നന്നായിരിക്കും. ലോകർ പല പ്രകാരത്തിൽ വ്യാഖ്യാനിക്കാനും കാരണമാകും."

ലീല: ലോകം എങ്ങനെയോ വ്യാഖ്യാനിച്ചുകൊള്ളട്ടെ. എനിക്കതിൽ കുണ്ഠിതമില്ല. ഞാൻ എപ്പോഴും അങ്ങയുടെ ഹിതാനുവർത്തിനിയായിരുന്നുകൊള്ളാം.

ഞാൻ: അച്ഛന്റെ നിരവധി സമ്പത്തിനു് അവകാശി ഇനി നീയാണു്. അദ്ദേഹത്തിന്റെ കുറിപ്പുപുസ്തകവും പ്രമാണങ്ങളും നീ പരിശോധിക്കണം. എന്റെ അറിവു് അദ്ദേഹത്തിനു വലിയ തുകകൾ പിരിഞ്ഞുകിട്ടാനുണ്ടെന്നാണു്. വസന്തകുമാറിനെ സർവ്വവും ചുമതലപ്പെടുത്തുന്നതു് ഉചിതമായിരിക്കുമോ? അദ്ദേഹം അത്യുത്തമനായ ഒരു മാന്യനാണു്. എങ്കിലും അനുകൂലമായ പരിതഃസ്ഥിതികളാൽ ദുഷിച്ചുപോകാൻ പാടില്ലേ? ആലോചിച്ചു പ്രവർത്തിക്കു.

ലീല: അച്ഛൻ എല്ലാം വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടു്. മാനേജർ സത്യവിരുദ്ധമായി ഒന്നും പ്രവർത്തിക്കുകയുമില്ല. അച്ഛൻ മാനേജരെ അത്യധികം സ്നേഹിച്ചിരുന്നു. അദ്ദേഹത്തിനും ഒരു നല്ല തുക പാരിതോഷികമായി അച്ഛൻ നീക്കിവച്ചിട്ടുണ്ടാവും.

ഞാ: എന്തായാലും അച്ഛന്റെ സകല സമ്പത്തും ലീലയുടെ ആധിപത്യത്തിലാക്കിയിട്ടു് വസന്തകുമാറിന്റെ ഭരണത്തിനു വിട്ടുകൊടുക്കുന്നതാണുത്തമം.

ലീല: അങ്ങയുടെ അഭിപ്രായംപോലെ ഞാൻ പ്രവർത്തിക്കാം.

ഞാ: ലീലേ! യാത്രചെയ്ത ക്ഷീണം മാറിയിട്ടില്ല. എനിക്കു വീട്ടിൽ പോയി അല്പം വിശ്രമിക്കണം. ഞാൻ വന്നിട്ടു് അമ്മയോടു് വർത്തമാനമൊന്നും പറഞ്ഞില്ല. അമ്മയ്ക്കും എന്നോടു് ഒരു നൂറുകൂട്ടം കാര്യം പറയാനുണ്ടാവും.

യാത്രപറഞ്ഞു ഞാൻ പോകാനായി കസേരയിൽ നിന്നും എഴുന്നേററു.

"ഇനി എന്നാണിങ്ങോട്ടു്." നിസ്സീമമായ പ്രേമംകൊണ്ടു വികസിച്ച നീലവിലോചനങ്ങളോടുകൂടി ലീല പറഞ്ഞു. "നാളെ തീർച്ചയായും വരണം."

"വരാം" എന്നുപറഞ്ഞു് ഞാൻ നടകൊണ്ടു.

## IV

**ഞാ**ൻ വീട്ടിനുള്ളിൽ പ്രവേശിച്ചപ്പോൾ അമ്മ പറഞ്ഞു. "ചന്ദ്രാ, നിന്നോടെന്തോ പറയാനായി വസന്തകുമാർ ഇവിടെ വന്നു. അധികനേരമിരുന്നു. സമയമില്ലാത്തതിനാൽ ഒരിക്കൽക്കൂടി ഇങ്ങോട്ടു വരാൻ തരപ്പെട്ടുകയില്ലെന്നും നീ വന്നാലുടനെ അങ്ങോട്ടു ചെല്ലണമെന്നും പറഞ്ഞു."

"അമ്മേ" ഞാൻ ചോദിച്ചു. "ഭാനുവിലാസത്തിലല്ലേ ഞാൻ പോയതെന്നു അമ്മ പറയുകയുണ്ടായോ? "

"ഇല്ല ചന്ദ്രാ, നീ അതിരാവിലെ എവിടേയ്ക്കോ പോയി എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. "

" അതു വളരെ നന്നായി അമ്മേ. "

ഞാൻ ഉടനെ വസന്തകുമാറിൻെറ വസതിയായ 'ഐവിഗ്രോവി'ലേക്കു പുറപ്പെട്ടു.

പരിചിതരായ അന്നുമുതൽ ഞാനും, മി. വസന്തകുമാറും തമ്മിൽ സുഹൃത്തുക്കളായി. ഔദ്യോഗികമായ പല പ്രധാനകാര്യങ്ങളിലും എൻെറ ഉപദേശവും സഹകരണവും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ഇങ്ങനെ തോന്നാൻ കാരണം എന്നെ ഒരാത്മസുഹൃത്തായി അദ്ദേഹം കരുതിയതുകൊണ്ടായിരിക്കാം.

വിവിധതരത്തിലുള്ള പ്രമാണങ്ങളും, പ്രാമിസറിനോട്ടുകളും, വിൽപത്രങ്ങളും, ചെക്കുകളും മേശപ്പുറത്തു നിരത്തിവച്ചു് കയ്യിൽ ഒരു പേനയുമായി ആലോചനാമഗ്നനായിരുന്ന വസന്തകുമാർ എൻെറ ആഗമനത്തിൽ സന്തുഷ്ടനായി പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു. "ചന്ദ്രാ! നിങ്ങളെ ഞാൻ ഇങ്ങോട്ടു വരാൻ പറഞ്ഞതിൽ സദയം ക്ഷമിക്കണേ. കുറെനാളായി ഞാൻ അസഹനീയമായ ഹൃദയവ്യഥയനുഭവിക്കുകയാണ്. അതിൽ നിന്നും നിവൃത്തനാകുവാൻ എനിക്കു സാധിക്കുമോ.?

ഞാൻ: മി. പ്രശാന്തൻെറ അവിചാരിതമായ മരണമായിരിക്കും നിങ്ങളുടെ ഹൃദയവ്യഥയ്ക്കു കാരണം.

വസ: അതെ. അദ്ദേഹത്തിന്റെ മരണം എന്റെ ജീവിതാശകളെ പാടെ നശിപ്പിച്ചു. പിതൃതുല്യമായ അദ്ദേഹത്തിന്റെ വാത്സല്യവും, പുത്രസദൃശമായ എന്റെ സ്നേഹാദരങ്ങളും സദാ അനുസ്മരിപ്പിക്കുകയും, അദ്ദേഹത്തിന്റെ വിരഹം എന്റെ ഹൃദയത്തെ പീഡിപ്പിക്കുകയും ചെയ്യുന്നു. മനഃശാന്തിക്കായി ഞാൻ ഒരു ഭൂലോകപര്യ്യടനത്തിനും, ശിഷ്ടായുസ്സ് ഏതെങ്കിലും ആശ്രമത്തിൽ ഏകാന്തവാസത്തിനും വിനിയോഗിക്കുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ചന്ദ്രൻ! നിങ്ങളെ ഞാൻ എന്റെ ഉപദേഷ്ടാവും ആത്മസുഹൃത്തുമായി കരുതി. ഞാൻ അസഹ്യപ്പെടുത്തുകയാണെന്നു വിചാരിക്കരുത്. നിങ്ങൾ എനിക്ക് ഒരു സാഹായ്യം കൂടി ചെയ്യണം. അതു് സസന്തോഷം നിർവഹിച്ചാൽ ഞാൻ അതീവകൃതാർത്ഥനാണ്. ചന്ദ്രാ! നിങ്ങൾക്ക് അതു ഭരമേല്ക്കാൻ പാടില്ലേ.

ഞാൻ അദ്ദേഹത്തിന്റെ മുഖത്തു തന്നെ ദൃഷ്ടിയുറപ്പിച്ചു സംഭാഷണം സശ്രദ്ധം ശ്രവിച്ചു. ഏതാനും നാളുകളായി അദ്ദേഹത്തിന്റെ മുഖം ഒരു ക്ഷയരോഗിയുടേതുപോലെ രക്തശൂന്യമായിരുന്നു. അതിന്റെ കാരണം അദ്ദേഹത്തിന്റെ ഹൃദയത്തെ സാരമായി സ്പർശിച്ചിട്ടുള്ള വ്യഥയായിരിക്കുമെന്നു ഞാൻ അനുമാനിച്ചു. "മി. വസന്തകുമാർ! നിങ്ങൾ എന്നെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്ന കാര്യനിർവഹണത്തിനു ഞാൻ അപ്രാപ്തനാണെങ്കിലോ" എന്നു ഞാൻ ചോദിച്ചു.

വസ: ഇല്ല സ്നേഹിതാ. സമർത്ഥനായ നിങ്ങൾക്ക് അതു് സാധ്യം തന്നെയാണ്. ഭാവിയിൽ നിങ്ങൾക്കും

ലീലാവതിക്കും ശ്രേയസ്സിന് നിദാനവുമാണിതു്.
ചന്ദ്രൻ നിങ്ങൾ അതിനു സന്നദ്ധനല്ലേ.

ഞാൻ: നിശ്ചമായും. ലീലാവതിക്കും എനിക്കും ശ്രേയസ്കരമായി ഭവിക്കുന്ന കാര്യം എന്തായിരിക്കും. എന്റെ പ്രിയതമയ്ക്കുവേണ്ടി എന്തും അനുഭവിക്കുവാൻ ഞാൻ സദാ സന്നദ്ധനാണു്.

വസന്തകുമാർ കസാലയിൽ നിന്നും എഴുന്നേററു് ചിന്താമഗ്നനായി വളരെനേരം അങ്ങോട്ടുമിങ്ങോട്ടും നടന്നു. അനന്തരം വീണ്ടും ആസനസ്ഥനായി. അദ്ദേഹത്തിനു വലിയ ക്ഷീണമുണ്ടെന്നു ഞാൻ ഗ്രഹിച്ചു. ഒരു കാളിമ അദ്ദേഹത്തിന്റെ ദേഹം മുഴുവനും വ്യാപിച്ചിരുന്നു കൂടാതെ വിയർക്കുന്നുമുണ്ടായിരുന്നു. മേശപ്പുറത്തു വച്ചിരുന്ന 'കാളിംഗ് ബെൽ' ഞാൻ അമർത്തി. ഒരു ഭൃത്യൻ എന്റെ സമീപത്തു വന്നു. "കുടിക്കാൻ കുറെ ശീതളപാനീയം കൊണ്ടുവരൂ;" എന്നു ഞാൻ അയാളോടാജ്ഞാപിച്ചു. ഉടനെ അയാൾ തണുപ്പിച്ച കുറെ പാനീയം കൊണ്ടുവന്നു. ഞാൻ അതു കുറെ പകർന്നു വസന്തകുമാറിനു കൊടുത്തു. അതു മുഴുവനും സംതൃപ്തിയോടുകൂടി അദ്ദേഹം കഴിച്ചു. "സ്നേഹിതാ" അദ്ദേഹം വീണ്ടും പറഞ്ഞു. "കാപട്യസംപൂർണ്ണമായ ഈ ലോകത്തോടു് എനിക്കു നിന്ദയും വെറുപ്പും തോന്നുന്നു. !"

ഞാൻ: നിങ്ങളുടെ സുഖദുഃഖങ്ങളിൽ സഹകരിക്കാൻ ഒരു സഖാവു്—അതെ ഒരു സ്ത്രീ ഇല്ലാത്തതുകൊണ്ടായിരിക്കും നിങ്ങളിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ വ്യത്യാസങ്ങൾ.

വസു: ഇല്ല. മി. ചന്ദ്രൻ; എനിക്ക സ്ത്രീലോകവുമായി യാതൊരു ബന്ധവുമില്ല. ഞാൻ അവരെ ഹൃദയപൂർവ്വം വെറുക്കുന്നു. പോകട്ടെ; നാം പ്രകൃതം വിട്ടു പോകുന്നു.

ഞാൻ: അതെ. എന്നെ ഭരമേല്പിക്കുവാൻ പോകുന്ന സംഗതി?.

വസു: ഞാൻ പറയാം. ഇന്നുതന്നെ ഈ ഉദ്യോഗത്തിൽ നിന്നും വിരമിച്ചാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ലീലാവതിയുടെ ഭാസുരമായ ഭാവിക്കുവേണ്ടി മി. പ്രശാന്തൻെറ സർവസമ്പത്തും ഞാൻ നിങ്ങളെ ചുമതലപ്പെടുത്തും. ലീലയോട്ട് ഇതിനെപ്പററി ഞാനൊന്നും പറഞ്ഞിട്ടില്ല. അവർക്ക അതു വളരെ സന്തോഷപ്രദമായിരിക്കുമെന്നു് എനിക്കു നിശ്ചയമുണ്ടു്. ഇന്നു രാത്രി ഞാൻ കണക്കുകളെല്ലാം എഴുതി അവസാനിപ്പിക്കും. അതിനുമുമ്പു് ലീലയുടെ അനുമതി വാങ്ങിക്കൊള്ളാം.

ഞാൻ: നിങ്ങളുടെ അവിചാരിതമായ ഈ പ്രവൃത്തി അദ്ഭുതത്തെ ജനിപ്പിക്കുന്നു.

വസു: അതെ. നിങ്ങൾക്കു ഇതെല്ലാം ആശ്ചര്യകരവും സംഭ്രമജനകവുമായി തോന്നുമായിരിക്കും. നിങ്ങൾ ഒരു യുവാവാണു്. ലോകരംഗത്തു് കാലുകുത്താൻ ആരംഭിച്ചിട്ടേയുള്ളൂ. ചന്ദ്രൻ! അല്പദിവസങ്ങളായി ഞാൻ അനുഭവിക്കുന്ന വ്യഥയ്ക്കു ഉപശാന്തിയുണ്ടാക്കാമോ എന്നു ഒന്നു പരീക്ഷിക്കട്ടെ. ഈവിധം ഏതാനും ദിവസങ്ങൾ കൂടി കഴിക്കേണ്ടിവന്നാൽ ഞാൻ ഒരു ഭ്രാന്തനാകും.

"ഒരു ഭ്രാന്തൻ" എന്നുച്ചരിച്ചുകൊണ്ട് അദ്ദേഹം പല്ലുകൾ ഉറുമ്മി മുഷ്ടിചുരുട്ടി മേശപ്പുറത്തു ശക്തിയോടുകൂടി ഇടിച്ചു. അദ്ദേഹത്തിൽ ദർശിച്ച ഈ ഭാവഭേദങ്ങളെല്ലാം എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലായില്ല. ഞാൻ വല്ലാതെ ഭയചകിതനായി.

ഞാൻ: മി. വസന്തകുമാർ, നിങ്ങൾക്കു സുഖമില്ലെന്നു തോന്നുന്നു. ഡാക്ടർക്ക് ആളയക്കട്ടെയോ ?

വസ: എന്തിന് ? എനിക്കോ ? ഡാക്ടരുടെ പരിചരണം എനിക്കിപ്പോൾ ആവശ്യമില്ല. നിങ്ങൾ എന്റെ ഈ ഭാവഭേദം കണ്ട് സംഭ്രമിക്കുന്നുണ്ടാകും. ഇന്നു രാത്രി ഒന്നരമണിക്ക് നിങ്ങൾ എന്നെ സന്ദർശിക്കുക. ഞാൻ ഈ പ്രമാണങ്ങളെല്ലാം നിങ്ങളെ ഏൾപ്പിക്കുകയും ജിജ്ഞാസാജനകമായ ഒരു വസ്തുത ഗ്രഹിപ്പിക്കുകയും ചെയ്യാം. എന്റെ ഈ സംഭ്രമങ്ങളെല്ലാം എന്തിനായിരുന്നു എന്നുള്ള നിങ്ങളുടെ സംശയത്തിന് അപ്പോൾ ഒരവസാനമുണ്ടാകും. നിങ്ങൾ എന്നെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ മാത്രം വന്നാൽ മതി.

ഞാൻ: ആ സംഗതി എന്താണെന്നു പറയാൻ ദയയുണ്ടാകുമോ ?

വസ: ഇല്ല. അതു് ഞാൻ ഇപ്പോൾ പറയുകയില്ല. നിങ്ങൾ അതിന് എന്നെ നിർബന്ധിക്കയുമരുതു്. ഇന്നു രാത്രി നിങ്ങൾക്കു കാണാം. അപ്പോൾ മനസ്സിലാകും. എന്നെ വിശ്വസിക്കുകയും ചെയ്യും.

ഞാൻ: ഇന്നു് അർദ്ധരാത്രി—കൃത്യം ഒന്നരമണിക്കു് ഞാൻ ഇവിടെ വരണമെന്നോ ?

വസ: അതെ. നിങ്ങൾ ഏകനായി; ഒന്നടിച്ചു മുപ്പതു മിനിററു കഴിയുമ്പോൾ.

ഞാൻ: മി. വസന്തകുമാർ സമയം മാററാൻ പാടില്ലേ. കുറെ നേരത്തെ ആയാലെന്താണു്.?

വസ: നിങ്ങൾക്കറിയാമല്ലോ ഞാൻ നിത്യവും ജോലിയിൽനിന്നും വിമുക്തനാകുന്ന സമയം അതാണെന്നു്. നിങ്ങൾ വരണമതിയാകൂ എന്നു് എനിക്കു് അശേഷം നിർബന്ധമില്ല. നിങ്ങൾക്കു സൌകര്യവും പൂർണ്ണ മനസ്സുമുണ്ടെങ്കിൽ മാത്രം വന്നാൽ മതി. എത്രത്തോളം പ്രാധാന്യമുള്ള ഒരു കാര്യമാണെന്നുള്ള വസ്തുത അപ്പോൾ മാത്രമേ നിങ്ങൾക്കു ബോദ്ധ്യമാകയുള്ളു. നിങ്ങൾക്കു സൌകര്യമില്ലെങ്കിൽ അതു് എന്റെ കുററവുമല്ല.

ഞാൻ: ആ സമയത്തു് നാം ഇരുവരും മാത്രമേ കാണുകയുള്ളോ?

വസ: അതിനു സംശയമുണ്ടോ ? നമ്മുടെ രഹസ്യസമാഗമം മറെറാരു മനുഷ്യജീവിയും അറിയാൻ പാടില്ല.

ഞാൻ: ശരി. എന്നാൽ ഞാൻ ഒന്നരമണിക്കു് ഇവിടെ എത്തും.

വസ: ഈ വാതിലുകൾ തുറന്നിട്ടേയ്ക്കും.

ആ ജിജ്ഞാസാജനകമായ സംഭാഷണം എനിക്കു് വീണ്ടും തുടരണമെന്നു് ആഗ്രഹമുണ്ടായില്ല. വസന്തകുമാർ

കുറെനേരം ചാരുകസാലയിൽ കിടന്നു. ഞാൻ ഉത്സുകനായി അ വിസ്തൃതമായ മുറിയുടെ നാലു ചുററും സൂക്ഷ്മനിരീക്ഷണം തുടങ്ങി. അതിലുണ്ടായിരുന്ന സാധനോപകരണങ്ങൾ പഴയപോലെ ഭംഗിയായി ക്രമീകരിച്ചിരുന്നു. അടുത്തടുത്തു് പ്രതിഷ്ഠിച്ചിരുന്ന പ്രശാന്തൻെറ ഒരു ചിത്രവും, ലീലാവതിയുടെ സുകുമാരസുഷമ കളിയാടുന്ന മറെറാരു പൂർണ്ണമായ ചിത്രവും കൂടാതെ ഇൻഡ്യയിലെ ധനികരുടെ പട്ടികയും, ബാങ്കുകൾ, വ്യവസായശാലകൾ, തുറമുഖങ്ങൾ, റയിൽപ്പാതകൾ, പ്രധാന റോഡുകൾ എന്നിവയെ കുറിക്കുന്ന ലേഖകളും അവിടെ ഘടിപ്പിച്ചിരുന്നു. അന്നു രാത്രിയിൽ ആ മുറിയിൽവച്ചു കാണാൻ സാധിക്കാവുന്ന വിശേഷസംഭവം എന്താണെന്നായി എൻെറ പിന്നത്തെ ചിന്ത. രാത്രി ഒന്നരമണിയ്ക്കു പലപ്പോഴും ഞങ്ങൾ അവിടെ സമാഗതരായി ഗഹനമായ പല വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്തിട്ടുണ്ടു്. ചില രാത്രിയിൽ ഞാൻ ആ മുറിയിൽ കിടന്നുറങ്ങിയിട്ടുമുണ്ടു്. പക്ഷെ അന്നൊന്നും ഞാൻ അവിടെ യാതൊരു വിശേഷസംഭവങ്ങളും കാണുകയുണ്ടായില്ല. എൻെറ ചിന്ത ഏതാണ്ടീവിധത്തിൽ സഞ്ചരിക്കുമ്പോഴേയ്ക്കും "മി. ചന്ദ്രൻ! നമുക്കു പുറത്തേക്കിറങ്ങാം. എനിക്കു ലീലാവതിയോടു ചില കാര്യങ്ങൾ പറയാനുണ്ടു്. ഞാൻ പറഞ്ഞതുപോലെ എല്ലാം കൃത്യബോധത്തോടുകൂടി നിങ്ങൾ പ്രവർത്തിക്കുമല്ലോ" എന്നു വസന്തകുമാർ പറയുന്നതു കേട്ടു് ഞാൻ ചിന്തയിൽനിന്നുമുണർന്നു. അദ്ദേഹം പോകാൻ തിടുക്കപ്പെടുന്നതു കണ്ടു് ഞാൻ പറഞ്ഞു.

"എന്നാൽ അങ്ങനെയാകട്ടെ."

## V

ഞാനും വസന്തകുമാറും തമ്മിലുള്ള സംഭാഷണം കഴിഞ്ഞിട്ട് കഷ്ടിച്ച് രണ്ടു മണിക്കൂറേ ആയുള്ളു. എങ്കിലും, എന്റെ ഹൃദയം യാതൊരു നൂതനവികാരങ്ങൾക്കും വിധേയമായില്ല. അഗ്നിസമാനമായ കിരണങ്ങളാൽ ലോകമെല്ലാം തപിപ്പിക്കുന്ന ഭാനുബിംബം രൂക്ഷത മാററുന്നതുവരെ എങ്ങോട്ടും പോകുന്നതല്ലെന്നു ശപഥം ചെയ്ത് ഞാൻ കട്ടിലിൽ ചെന്നു കിടന്നു. സമീപത്തുള്ള പൂങ്കാവിൽനിന്നും വിവിധപുഷ്പഗന്ധത്തെ അപഹരിച്ചുംകൊണ്ട് ശീതളശീകരനായ അനിലകിശോരൻ എന്റെ മുറിയ്ക്കുള്ളിൽ കടന്ന് എന്നെ നിദ്രാധീനനാക്കാൻ സഹായിച്ചുകൊണ്ടിരുന്നു. പക്ഷെ അന്ന് പതിവില്ലാതെ റോഡിൽക്കൂടി ത്വരിതസഞ്ചാരം ചെയ്തുകൊണ്ടിരുന്ന വാഹനങ്ങളുടെ കർണ്ണാരുന്തുദമായ നിർഘോഷങ്ങൾ എന്നെ ഭഗ്നാശയനാക്കി. താലോലിക്കാൻ പിച്ചവച്ചടുത്തണഞ്ഞ നിദ്ര എന്നൊപ്പിരിഞ്ഞ് എങ്ങോ പോയൊളിച്ചു. മേശപ്പുറത്തു കിടന്നിരുന്ന സുപ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനായ സ്റ്റീവൻസന്റെ "ഡാക്ടർ ജക്കിൾ ആൻഡ് മി. ഹൈഡ്" എന്ന ഗ്രന്ഥം വായിക്കുവാൻ ഞാൻ കയ്യിലെടുത്തു. ആ ഉദ്യമത്തിലും ഞാൻ പരാജിതനായി. ആ പ്രസിദ്ധഗ്രന്ഥം അപ്പോൾ എനിക്ക് ഒട്ടും ആസ്വാദ്യമായി തോന്നിയില്ല. അനന്തരം സമയക്കുറവിനാൽ പൂർണ്ണമാക്കാൻ സാധിക്കാതെ ഏതാനും

അദ്ധ്യായങ്ങൾ മാത്രം എഴുതിവച്ചിരുന്ന എൻെറ നോവലിൻെറ ചില കടലാസുകൾ എടുത്തു് ഞാൻ തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരുന്നു. ദീർഘസമയം ഞാൻ അങ്ങനെ കഴിച്ചിരിക്കണം. ഒരു മോട്ടാർകാർ പടിക്കൽ വന്നുനിന്നതായി എനിക്കു തോന്നി. താമസംവിനാ മരം കൊണ്ടു പണിതിരുന്ന കോണിപ്പടികൾ ഒന്നൊന്നായി ചവുട്ടിത്തകർത്തുകൊണ്ടു് ആരോ മുറിയുടെ വാതിലിൽ വന്നു് ബലമായി മുട്ടി. "അകത്തേയ്ക്കു വരാം" എന്നു് അനവധാനമായി ഞാൻ പറഞ്ഞിട്ടു് കടലാസുകളെല്ലാം അടുക്കി മേശയ്ക്കകത്തു വെയ്ക്കാൻ ഭാവിച്ചു. അപ്പോഴേയ്ക്കും "ആ കടലാസുകൾ എനിക്കു കാണാൻ പാടില്ലെന്നുള്ളതിനാലായിരിക്കും അങ്ങു് അതെല്ലാം എടുത്തു് ഭദ്രമായി സൂക്ഷിക്കുന്നതു്." എന്നു് മൃദുലവും, ആകർഷണീയവുമായ സ്വരത്തിൽ പറഞ്ഞു് ലീലാവതി എൻെറ സമീപത്തെത്തി.

ഞാൻ: ലീലയ്ക്കു കാണാൻ പാടില്ലാത്തതൊന്നുമല്ല. അതെല്ലാം ഞാനെഴുതുന്ന നോവലിൻെറ ചില ഭാഗങ്ങൾ മാത്രമാണു്. എഴുതി അവസാനിപ്പിക്കുന്നതിനു മുമ്പു് ആരോടെങ്കിലും ഈ ഗ്രന്ഥത്തെപ്പററി പറഞ്ഞാൽ മനോധർമ്മംപോലെ വിമർശിക്കാൻ തുടങ്ങും. അതു് എനിക്കു തെല്ലും സുഖകരമല്ലെന്നു ലീലയ്ക്കു അറിയാമല്ലോ. പ്രത്യേകിച്ചു് വിമർശകരെ എനിക്കു വലിയ ഭയവുമാണു്.

ലീല: അതെ, അതെ; ഞാൻ ഒരു വലിയ വിമർശകയാണു്. അതുകൊണ്ടു് അങ്ങു് എന്നെ നിശ്ചയമായും

ഭയപ്പെടുമല്ലോ. നിരർത്ഥകമായ ഈ ഭയം എന്തിനാണ്. നിരാഡംബരമായ ജീവിതം, പാവനമായ ചിന്ത, വിശാലമായ ഹൃദയം, അമോഘമായ സഹാനുഭൂതി, അനർഘമായ ഭാവനാശക്തി എന്നിത്യാദി വിശിഷ്ടഗുണങ്ങളുള്ള ആദർശസമ്പന്നനായ ഒരു സരസകഥാകൃത്തായിട്ടാണ് ലോകം അവിടുത്തെ കരുതുന്നത്.

ഞാൻ അതിനു പ്രത്യുത്തരം ഒന്നും നൽകിയില്ല. ലീലയുടെ ആവിർഭാവം മുതൽ എന്റെ ഹൃദയത്തിനും നാസാരന്ധ്രങ്ങൾക്കും ഒന്നുപോലെ നിതാന്തസൗഖ്യം നൽകുന്ന ഒരു സൗരഭ്യം ആ മുറി മുഴുവനും വ്യാപിച്ചിരുന്നു. പക്ഷെ, അവളുടെ ഇടതൂർന്ന കേശഭാരത്തിൽ ലേപനം ചെയ്തിരുന്ന സുഗന്ധദ്രവ്യത്തിന്റെയോ, ചൂടിയിരുന്ന മനോഹരസുമങ്ങളുടെയോ, ഏതിന്റെ പരിമളമാണ് അതെന്നു വിവേചിച്ചറിയാൻ എനിക്കു സാധ്യമായില്ല. അവളുടെ ആഭരണങ്ങളുടെ ശിഞ്ജിതം എന്റെ മനോവീണയിലുള്ള സ്നേഹതന്ത്രികളെ മീട്ടി. ഞാൻ ആനന്ദപുളകിതനായി സർവവും മറന്ന് തെല്ലുനേരം ഇരുന്നുപോയി.

ലീല: അങ്ങ് എന്താണ് ഒന്നും സംസാരിക്കാത്തത്.

ഞാൻ: ഒന്നുമില്ല ലീലേ. നിന്റെ ഈ വേഷവിധാനങ്ങൾ കണ്ടു ഞാൻ ആശ്ചര്യസ്തബ്ധനായിരുന്നുപോയി; അത്രേയുള്ളൂ.

ലീല: അവിടുന്നു എപ്പോഴും ഇങ്ങനെ പറയാറുണ്ട്. എന്താണു ചെയ്യുക. ചെറുപ്പമല്ലേ. യൗവനത്തിന്റെ ആനന്ദത്തിൽ സ്വൈരമായി വിഹരിക്കുന്നതിന്

എനിക്കും അതുഗ്രഹമില്ലേ. എങ്കിലും അങ്ങു പറയുന്നതുപോലെ പ്രവർത്തിക്കാൻ ഈയുള്ളവൾ സദാ സന്നദ്ധയാണ്.

ഞാൻ: എനിക്കൊന്നും പറയാനില്ല. ഈ ആർഭാടങ്ങൾ കൊണ്ട് വല്ല കുരുക്കിലും ചെന്നകപ്പെടരുതെന്നു മാത്രം. ലീലേ! വസന്തകുമാർ ഇന്ന് അവിടെ വന്നില്ലേ.- ?

ലീല: അതെ. അദ്ദേഹം ജോലിയിൽനിന്നും പിരിഞ്ഞാൽ കൊള്ളാമെന്നു വിനയപൂർവ്വം അപേക്ഷിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിൻെറ നയനങ്ങൾ ജലസമ്പൂർണ്ണമായിരുന്നു. അദ്ദേഹത്തിൻെറ അഭിമതത്തിനു ഞാൻ അനുകൂലിച്ചു. എല്ലാ പ്രമാണങ്ങളും ഉടനെ അങ്ങയെ ഏല്പിക്കും. എൻെറ വന്ദ്യപിതാവാർജ്ജിച്ച സമ്പത്തു മുഴുവനും വളരെ ശ്രദ്ധാപൂർവ്വം വസന്തകുമാർ സൂക്ഷിച്ചു. സത്യനിഷ്ഠയ്ക്കും സമസൃഷ്ടിസ്നേഹത്തിനും അദ്ദേഹത്തെപ്പോലെ മററൊരാളെ കാണാൻ പ്രയാസമാണ്. ഒരു കാര്യം ഞാൻ മറന്നുപോയി. ചിററമ്മയെ തനിച്ച് സന്ദർശനമുറിയിൽ ഇരിക്കാൻ പറഞ്ഞിട്ടാണ് ഞാൻ ഇങ്ങോട്ടു പോന്നത്. ഇനി ചെല്ലുമ്പോൾ ചിററമ്മ ദേഷ്യപ്പെടും. നമുക്ക് അങ്ങോട്ടു പോകാം.

ഞാൻ: ലീല പോകൂ. ഞാൻ പുറകേ വരാം.

ഞാൻ എഴുന്നേററു. എൻെറ ആജ്ഞ ശിരസാവഹിച്ച് ലീല താഴത്തേക്കിറങ്ങി. ആ സൌന്ദര്യവിഗ്രഹം എൻെറ മുറിയിൽനിന്നും തിരോഭവിച്ചു. എങ്കിലും അതിൽ

നിറം പുറപ്പെട്ട് ആ മുറിയിലുള്ള വായുമണ്ഡലത്തിൽ പ്രസരിച്ചിരുന്ന സൌരഭ്യം എൻെറ ഹൃദയത്തെ കുളുർപ്പിച്ചു കൊണ്ടിരുന്നു. ഞാൻ താഴത്തേക്കിറങ്ങാൻ ഭാവിച്ചപ്പോൾ ഒരു പട്ടുകൈലേസ് കസേരയിൽ കിടക്കുന്നതു കണ്ടു. അതിൽ ലീലാവതിയുടെ തയ്യൽ കലയിലുള്ള പ്രാവീണ്യം പ്രകടിതമായിരുന്നു. അതിൻെറ ഒററത്ത് അവളുടെ നാമധേയത്തിൻെറ ആദ്യക്ഷരം ചുവന്ന പട്ടുനൂലിൽ തച്ചിട്ടുണ്ടായിരുന്നു. ഞാൻ ആ കൈലേസും കൊണ്ടു താഴത്തേയ്ക്കിറങ്ങി. ലീല അപ്പോൾ അമ്മയെ അന്വേഷിച്ചു അകത്തേയ്ക്കു പോയിരുന്നു. ഞാൻ അവളുടെ പിന്നാലെ ചെന്ന് "ലീലേ! ഇതു് നിൻേറതല്ലേ? എന്താണ് ഈയിടെ ഇത്ര മറവി." എന്നു പറഞ്ഞു് കൈലേസ് അവൾക്കു നീട്ടി. അവൾ സുസ്മേരവദനയായി അതു വാങ്ങിച്ചുകൊണ്ടു പറഞ്ഞു. "എൻെറ സൂക്ഷ്മക്കുറവുകൊണ്ട് കൈലേസുകൾ പലപ്പോഴും കളഞ്ഞുപോകാറുണ്ട്. അങ്ങ് ഇപ്പോൾ എവിടേയ്ക്കാണു പോകാനാരംഭിക്കുന്നതു്. ഞങ്ങൾ അമ്മയേയും കൂട്ടിക്കൊണ്ടു് ശാന്താദേവിയുടെ നർത്തനത്തിനു പോകാൻ വന്നിരിക്കുകയാണ്. അവിടുന്നുകൂടി ഞങ്ങളോടൊന്നിച്ചു വരണം. അങ്ങു ശാന്തയെ കണ്ടിട്ടില്ലല്ലോ."

ഞാൻ: ലീലയുടെ സുഹൃത്തിൻെറ ഹൃദയഹാരിയായ നർത്തനം കാണാൻ എനിക്കും അതിയായ കൌതുകമുണ്ട്. പക്ഷെ, ഇന്ന് ഏഴുമണിക്ക് കാളേജ് ഹാളിൽ വച്ച് പൂർവവിദ്യാർത്ഥികളുടെ വകയായി നടത്തുന്ന സുഹൃൽസമ്മേളനത്തിലും വിവിധവിനോദപ്രകടനത്തിലും എനിക്കു സംബന്ധിക്കാതിരിക്കാൻ തരമില്ല. നിങ്ങളോടൊന്നിച്ചു് അമ്മ വരുമല്ലോ.

ലീല: അപ്പോൾ, അങ്ങു് പത്തുമണിക്കു മുമ്പു് ഇവിടെ മടങ്ങി വരികയില്ലേ. ?

ഞാൻ: ഇല്ല. അവസാനിക്കുമ്പോൾ പതിനൊന്നു കഴിയും, സമയം അതിക്രമിച്ചിരിക്കുന്നു. എനിക്കു് നേരത്തെ അവിടെ പോകണം.

## VI

ക്ലേശസമ്പൂർണ്ണമായ ഈ ജീവിതത്തിൽ ഏതു പരിതഃസ്ഥിതികളേയും സസന്തോഷം അഭിമുഖീകരിച്ചുകൊള്ളാമെന്നുള്ള ദൃഢപ്രതിജ്ഞയോടുകൂടി കലാലയം വിട്ടിറങ്ങി ഈശ്വരപ്രസാദത്താൽ ഓരോ മാന്യസ്ഥാനം പ്രാപിക്കാൻ ഭാഗധേയം സിദ്ധിച്ച എൻെറ അനവധി സുഹൃത്തുക്കളാൽ കാളെജ്ഹാൾ നിബിഡമായിരുന്നു. ഏകദേശം നാലു മണിക്കൂർ നീണ്ടുനിന്ന സുഹൃൽസമ്മേളനവും, വിവിധവിനോദപ്രകടനങ്ങളുമെല്ലാം മംഗളമായി സമാപിച്ചു. ആനന്ദസന്ദായകങ്ങളായ ആ മണിക്കൂറുകൾ പെട്ടെന്നു് അവസാനിച്ചതായി എനിക്കു തോന്നി. ഞാൻ പടിഞ്ഞാറെ ഗേററുവഴി കാളെജിനു പുറത്തിറങ്ങിയപ്പോൾ 'ചർച്ച് ടവ്വറിലെ' മണി പന്ത്രണ്ടു പ്രാവശ്യം അടിച്ചു. എൻെറ ഹൃദയം ത്വരിതമായി ത്രസിച്ചുതുടങ്ങി. ഒന്നരമണിക്കൂർ കഴിഞ്ഞാൽ ഞാൻ ഒരു വിശേഷസംഭവത്തിൻെറ പ്രേക്ഷ

കനായി ഭവിക്കും. വസന്തകുമാർ പറഞ്ഞതുപോലെ അത സംഭവം എൻെറയും ലീലയുടെയും ഭാസുരഭാവിയെ ചിത്രീകരിക്കുമോ? അദ്ദേഹം എന്നെ ചതിക്കുമോ ? ഈ വിഷയങ്ങളെപ്പററി ദീർഘമായി ചിന്തിക്കുന്നതിനുമുമ്പു് ഞാൻ വീടിൻെറ പ്രവേശനദ്വാരത്തിൽ എത്തി. എൻെറ ഭൃത്യൻ വിപുലൻ എന്നെ പ്രതീക്ഷിച്ചു് അമ്മൻെറ, ഉററ ചങ്ങാതിയായ നായ് 'ക്ലിയോനു'മായി മുററത്തു് കളിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. എൻെറ നിഴൽ കണ്ടമാത്രയിൽ നന്ദിയുള്ള ആ മൃഗം വാലാട്ടി കുണുങ്ങിക്കൊണ്ടു് എൻെറ സമീപത്തേയ്ക്കു പാഞ്ഞടുത്തു. "അമ്മ വന്നോ" എന്നു ഞാൻ വിപുലനോടു ചോദ്യം ചെയ്തു. "പത്തു മണിക്കു് അമ്മ വന്നു." അവൻ സവിനയം പറഞ്ഞു. "അമ്മ ഇപ്പോൾ ഉറങ്ങിക്കാണും. സാറിനു് പാലും പലഹാരങ്ങളും കൊണ്ടുവരട്ടോ."

"വിപുലാ! എനിക്കു് ഇന്നിനി ആഹാരമൊന്നും വേണ്ട. കേമമായ ഒരു 'കാപ്പി' കഴിഞ്ഞിട്ടാണു് ഞാൻ വന്നിരിക്കുന്നതു്. നീ പോയി ഉറങ്ങിക്കൊള്ളൂ. ഉറക്കമിളയ്ക്കുന്നതു് ശരീരത്തിനു ഹാനികരമാണു്."

വിപുലൻ ഉറങ്ങാൻ പോയിട്ടു് അരമണിക്കൂർ കഴിഞ്ഞിരിക്കണം. ഞാൻ ഐവിഗ്രോവിലേക്കു പോകാൻ മുറി വിട്ടിറങ്ങി. ആകാശത്തു തിളങ്ങിക്കൊണ്ടിരുന്ന ജ്യോതിർഗണങ്ങളെല്ലാം അപ്പോൾ പൊലിഞ്ഞുപോയിരുന്നു. വഴി സുപരിചിതമായിരുന്നെങ്കിലും അതിൻെറ വിജനാവസ്ഥയും കൂരിരുട്ടും എന്നെ വല്ലാതെ പരിഭ്രമിപ്പിച്ചു. ഞാൻ ധൈര്യമവലംബിച്ചു ബദ്ധപ്പെട്ടു നടന്നു് ഏതാനും മിനിററു കൊണ്ടു് ഐവിഗ്രോവിൽ എത്തി.

സമയമറിയാൻ അന്ധകാരത്തിലും തെളിഞ്ഞു കാണാമായിരുന്ന എന്റെ വാച്ചിൽ നോക്കി. ഒന്നരയാകാൻ ഏഴു മിനിട്ടേ ഉണ്ടായിരുന്നുള്ളു. വാതിൽ ബന്ധിച്ചിട്ടുണ്ടായിരുന്നില്ല. എന്റെ കപോലങ്ങളിൽ പൊടിഞ്ഞ സ്വേദബിന്ദുക്കളെ ഷാളിന്റെ അഗ്രംകൊണ്ടു് തുടച്ചതിനുശേഷം ഞാൻ അകത്തേയ്ക്കു നടന്നു.

ഒന്നടിച്ചു് മുപ്പതു മിനിററു കഴിച്ചു കഴിഞ്ഞപ്പോൾ ഞാൻ വസന്തകുമാറിന്റെ മുറിയുടെ മുൻഭാഗത്തെത്തി വാതിലിൽ മുട്ടി. "ചന്ദ്രനോ" അകത്തുനിന്നും പതിഞ്ഞ സ്വരത്തിൽ ഒരു ശബ്ദം പുറപ്പെട്ടു. "അതെ" ഞാൻ പ്രത്യുത്തരം നല്കി. "അകത്തേയ്ക്കു വരിക" എന്നു് വസന്തകുമാർ എന്നെ ക്ഷണിച്ചു.

വാതിൽ പതുക്കെ തുറന്നു് ഞാൻ അകത്തു പ്രവേശിച്ചു. കയ്യിൽ ഒരു സിഗററുമായി വസന്തകുമാർ ചാരുകസാലയിൽ കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തു് എന്തോ ഒരു മഹാകാര്യം നിർവഹിച്ചതുപോലുള്ള സംതൃപ്തി സ്ഫുരിച്ചിരുന്നു. എന്റെ ദർശനമാത്രയിൽ അദ്ദേഹത്തിന്റെ ഹൃദയം സ്നേഹാദരബഹുമാനാദികളുടെ തള്ളൽ കൊണ്ടു് പ്രചലിതമായി.

കാളെജ് ഹാളിൽവച്ചു നടന്ന സുഹൃൽസമ്മേളനത്തെപ്പററി അദ്ദേഹം എന്നോടു് പലതും ചോദ്യം ചെയ്തു. മധുരമയമായ പൂർവ്വസ്മരണകളെ ഉദ്ദീപിപ്പിക്കുന്ന എന്റെ സർവകലാശാലാജീവിതത്തെപ്പററി കുറെ നേരം ഞാൻ വസന്തകുമാറിനോടു പ്രസംഗിച്ചു. പ്രൊഫസരുടെ മുഷിവു തോന്നാത്തതും, ആശയബഹുലവും, ഫലിതസമ്മിശ്രവും, പ്രയോ

ജനകരവുമായിരുന്ന ഷേക്സ്പിയർക്ലാസ്സും, ഒരിക്കലും ഒഴി ഞ്ഞാത്ത ശബ്ദകോലാഹലവും അട്ടഹാസവും കൊണ്ടു് മുഖരിതമായിരുന്ന തത്വശാസ്ത്രക്ലാസ്സും, നിരവധി സാഹിത്യ പ്രണയികൾ സ്വച്ഛന്ദം വിഹരിച്ച സാഹിത്യസമാജവും, ഡ്രമാററിക് അസോസിയേഷനും, നിസ്വാർത്ഥരായ സതീർത്ഥ്യവൃന്ദവും എന്നു വേണ്ട എൻെറ അദ്ധ്യയനകാലത്തു് ആ മൂന്നാലുകൊല്ലങ്ങളിൽ പ്രാധാന്യം വഹിച്ച സകല സംഭവങ്ങളും ചലനചിത്രത്തിലെന്നപോലെ ആ നിമിഷം എൻെറ ഉൾത്തടത്തിലെങ്ങും നിഴലാടി. അന്നത്തെ സുഖസന്തോഷസുഭഗമായ ജീവിതത്തിലേക്കു് വീണ്ടും ചെന്നു ചേർന്നാൽ കൊള്ളാമെന്നു ഞാൻ അഭിലഷിക്കാതിരുന്നില്ല. ആനന്ദപൂർണ്ണമായ ആ ദിനങ്ങൾ സമാപിച്ചില്ലേ. ? ഇനി ആഗ്രഹിച്ചിട്ടെന്തുഫലം. ?

"ചന്ദ്രൻ" വസന്തകുമാർ സാവധാനം പറഞ്ഞു. "നിങ്ങൾ വന്നതു് ആരും അറിഞ്ഞിരിക്കാനിടയില്ലല്ലോ".

ഞാൻ: ഈ അസമയത്തു് ഒരു മനുഷ്യജീവിയെങ്കിലും പുറത്തിറങ്ങി സഞ്ചരിക്കാൻ ധൈര്യപ്പെടുമോ.?

വസ: നിങ്ങളുടെ ധൈര്യം അന്യാദൃശം തന്നെ.

ഞാൻ: അതിരിക്കട്ടെ. നിങ്ങൾ ഇന്നലെ ചെയ്ത വാഗ്ദാനം പാലിക്കുവാൻ—അതിൻെറ സമയം കഴിഞ്ഞിരിക്കുന്നു.

വസ: ഇല്ല. സമീപിക്കുന്നതേയുള്ളു. മി. ചന്ദ്രൻ, നിങ്ങൾ ചില പ്രതിജ്ഞകൾ ചെയ്യേണ്ടതുണ്ടു്.

ഞാൻ: നിങ്ങൾക്കു എന്നെ വിശ്വാസമില്ലേ. ?

വസ: നിങ്ങളെപ്പോലെ ഗണനീയനായ ഒരു സുഹൃത്തിൻെറ വാക്കുകൾ വ്യതിചലിക്കുന്നതല്ല. എങ്കിലും നിങ്ങൾ വളരെ കരുതലോടുകൂടി പെരുമാറേണ്ടതാവശ്യമാണല്ലോ. മനുഷ്യസ്വഭാവം എപ്പോഴും ഒന്നുപോലെയാണോ ? പരിതഃസ്ഥിതിയ്ക്കനുയോജ്യമായി അതും മാറികൊണ്ടിരിക്കും. അതുകൊണ്ടു് ഇന്നു രാത്രിയിലുള്ള ഈ രഹസ്യസമാഗമവും ഞാൻ കാണിക്കാൻ പോകുന്ന അത്ഭുതാവഹമായ സംഭവവും ആരോടും വിശിഷ്യ, നിങ്ങൾ ജീവിതസർവസ്വമായി കരുതുന്ന ലീലയോടുപോലും പറയുന്നതല്ലെന്നു പ്രതിജ്ഞ ചെയ്യാമോ?

ഞാൻ: അതിനെന്താണു വിഷമം. ? അങ്ങനെതന്നെ ചെയ്യാമല്ലോ.

വസ: അപ്പോൾ നിങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

ഞാൻ: അതെ.

വസ: ചന്ദ്രൻ ! പ്രമാണങ്ങളെല്ലാം നാളെ രാവിലെ നിങ്ങളെ ഏല്പിച്ചുകൊള്ളാം. എനിക്കു ഒന്നുകൂടി പറയാനുണ്ടു്. നിങ്ങൾ ഇവിടെ വന്നതു് ഒരു വിശേഷസംഭവം കാണുന്നതിനാണല്ലോ. ആ സംഭവത്തിൻെറ പ്രേക്ഷകനായിത്തീരുമ്പോൾ നിങ്ങൾ, പ്രതീകാരപരനാകരുതു്. നിശ്ശബ്ദനായി വന്നതുപോലെ തന്നെ മടങ്ങണം. ചോദ്യങ്ങളാൽ എന്നെ വിഷമിപ്പിക്കയുമരുതു്. എല്ലാം പിന്നീടു നിങ്ങളോടു സവിസ്തരം ഞാൻ പറയും.

ഞാൻ: അങ്ങനെയാകാം.

## VII

“എൻെറ കൂടെ വരു ചന്ദ്രൻ” എന്നു പറഞ്ഞു വസന്തകുമാർ കസാല വിട്ടെഴുന്നേററു് വരാന്തയിലേക്കു നടന്നു. ഞാനും അദ്ദേഹത്തെ പിന്തുടർന്നു. ഞങ്ങൾ ഇരുവരും ആ വരാന്തയുടെ പടിഞ്ഞാറുവശത്തുള്ള ഒരു ചെറിയ മുറിയുടെ സമീപത്തേയ്ക്കു പോയി. അവിടെ ഘടിപ്പിച്ചിരുന്ന വൈദ്യുതദീപം പ്രകാശിപ്പിച്ചു് അദ്ദേഹം കീശയിൽ നിന്നും ഒരു ചെറിയ താക്കോലെടുത്തു് താഴിലിട്ടു തിരിച്ചു. “ചന്ദ്രൻ” വസന്തകുമാർ പറഞ്ഞു. “നിങ്ങൾ അത്ഭുതപരവശനായി നിലവിളിക്കരുതേ! അതാ നോക്കൂ.” അദ്ദേഹം വാതിൽ തള്ളിത്തുറന്നു. “ആരു്? രമേശനോ? ഇവൻ നശിച്ചാൽ എടാ! ദുഷ്ടാ” എന്നട്ടഹസിച്ചുകൊണ്ടു് മുഷ്ടി ചുരുട്ടി ഞാൻ അകത്തേയ്ക്കു പാഞ്ഞു. വസന്തകുമാർ എൻെറ ഹസ്തത്തിൽ കടന്നുപിടിച്ചു പുറകോട്ടു മാററി. എൻെറ ധമനികളിൽക്കൂടി രക്തം തിളച്ചുകയറി. ഞാൻ നഖശിഖാന്തം, വിറപൂണ്ടു. ആ മുറിയിൽ ദർശിച്ച ആശ്ചര്യജനകമായ കാഴ്ച ഒരു സ്വപ്നമല്ലേ എന്നു ഞാൻ ശങ്കിച്ചു. പക്ഷെ അതു സുഷുപ്തിയും മായയും ഒന്നുമായിരുന്നില്ല. ഒരു യഥാർത്ഥ സംഭവം. എൻെറ പ്രേയസിയുടെ പിതാവിനെ കൊന്നശേഷം അദ്ദേഹത്തിൻെറ പണപ്പെട്ടിയിൽ നിന്നും അൻപതിനായിരം രൂപാ കവർന്നെടുത്തു് പോലീസ്സുകാരുടെ സശ്രദ്ധമായ അന്വേഷണപരിധിയിൽപ്പെടാതെ അജ്ഞാത

വാസം ചെയ്യുന്ന ഭാനുവിലാസത്തിലെ വിശ്വസ്തഭൃത്യൻ രമേശൻതന്നെയായിരുന്നു എൻെറ മുമ്പിൽ ഒരു കസാല യിൽ ഉപവിഷ്ടനായിരുന്നതു്. സംസാരിക്കാൻ സാദ്ധ്യ മാകാതെ അയാളുടെ വായ്മൂടികെട്ടിയിരുന്നു. അതു കൂടാതെ അയാളുടെ കയ്യും കസേരയോടു ചേർത്തു് ബലമായി ബന്ധി ച്ചിരുന്നു. ക്ഷുരകൻെറ അഭാവം അയാളുടെ മുഖത്തു് പ്രത്യക്ഷപ്പെട്ടിരുന്നു. അടുകപ്പാടെ ശരീരത്തിന് ചടവു പററീട്ടുണ്ടായിരുന്നതു് ശരിയായ ആഹാരവും നിദ്രയും ഇല്ലാത്തതുകൊണ്ടായിരിക്കാമെന്നു ഞാൻ അനുമാനിച്ചു. എന്നെ കണ്ട മാത്രയിൽ രമേശൻെറ നേത്രങ്ങളിൽക്കൂടി ബാഷ്പകണങ്ങൾ ധാരധാരയായി പ്രവഹിക്കുവാൻ തുടങ്ങി. അവ ഒരു നിരപരാധിയുടെ കണ്ണീർകണങ്ങളായിരിക്കുമോ?

"മി. വസന്തകുമാർ" പരിഭ്രമത്തോടു് ഞാൻ ചോദിച്ചു. "നിങ്ങളുടെ ഫോൺ ഒന്നു ഉപയോഗിക്കാൻ അനുവദി ക്കുമോ ?

വസ: എന്തിന് ?

ഞാൻ: പോലീസുകാരെ വിവരമറിയിക്കുവാൻ. ഈ ദുഷ്ടനെ നശിപ്പിച്ചാൽ അതു ലോകത്തിനു ചെയ്യാ വുന്ന ഒരു മഹത്തായ സേവനമായിരിക്കും.

വസ: ചന്ദ്രാ ! അരുതു്. നിങ്ങളുടെ വാഗ്ദാനം നിറവേ റവുക. രമേശനെ ഞാൻ പോലീസിൽ ഏല്പിച്ചു കൊള്ളാം.

ഞാൻ: എപ്പോൾ. ?

വസ: നാളെ രാവിലെ—കുറെ അധികം പുലർന്നതിനു ശേഷം. അതായതു പത്തു മണിക്ക്. നിങ്ങളും അപ്പോൾ ഇവിടെ ഉണ്ടായിരിക്കണം.

ഞാൻ: ശരി. അപ്പോൾ നിങ്ങൾക്കു എങ്ങനെ രമേശനെ ബന്ധിക്കാൻ കഴിഞ്ഞു.

വസ: അതു് സുദീർഘവും അതിരസകരവും ആയ ഒരു കഥയാണു്. അതു പറയാൻ ഈ സന്ദർഭം ഒട്ടും യോജിച്ചതല്ല. നാളെ സൌകര്യംപോലെ ആകാമല്ലോ.

ഞാൻ: മതി. വസന്തകുമാർ! നിങ്ങൾ അത്യന്തം ദുഷ്കരമായ ഒരു കൃത്യമാണു് നിർവഹിച്ചിരിക്കുന്നതു്. അതിനു് എൻെറ ഹാർദ്ദമായ അഭിനന്ദനം.

വസ: എൻെറ കടമ ഞാൻ നിറവേററി. നിങ്ങളുടെ കർത്തവ്യം നിങ്ങൾ അനുഷ്ഠിക്കുക.

ഞാൻ: അതു് അക്ഷരംപ്രതി പാലിക്കും.

വസ: ഞാൻ പറഞ്ഞതൊന്നും നിങ്ങൾ വിസ്മരിച്ചിട്ടില്ലല്ലോ.

ഞാൻ: ഇല്ല.

വസ: എന്നാൽ ഇപ്പോൾതന്നെ വീട്ടിലേക്കു മടങ്ങണമെന്നു നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു. എനിക്കു വല്ലാത്ത തലവേദന. ഒന്നുറങ്ങിയിട്ടു് ദിവസങ്ങളല്ല ആഴ്ചകൾ പലതു കഴിഞ്ഞു. ഈ അസമയത്തു ഞാൻ യാത്ര പറയുന്നില്ല.

ഏതൃയും മന്ദസ്വരത്തിലായിരുന്നു വസന്തകുമാറും ഞാനും തമ്മിൽ സംഭാഷണം ചെയ്തിരുന്നതു്. അദ്ദേഹം രമേശനെ ബന്ധനാസ്ഥനാക്കിയിരുന്ന മുറിയുടെ വാതിൽ അടയ്ക്കാൻ ഭാവിക്കുന്നതു കണ്ടു് ഞാൻ പിന്തിരിഞ്ഞു നടന്നു. ആ അന്ധകാരത്തിൽ തപ്പിയും തടഞ്ഞും ഒരു വിധം ഷൈവിഗ്രോവിലെ ഗേററിനു സമീപമെത്തി. അപ്പോൾ ലതാവിഗളിതമായ ഏതോ കുസുമത്തിൻെറ സൗരഭ്യം എനിക്കനുഭവപ്പെട്ടു. മുല്ലപ്പൂവിൻെറ ആനന്ദ പ്രദായകമായ സൗരഭ്യമാണു് അതെന്നു് നിമിഷനേരം കൊണ്ടു മനസ്സിലായി. ആ പരിസരങ്ങളിൽ മുല്ല നട്ടുവളർത്തിയിട്ടില്ലെന്നു എനിക്കു നിശ്ചയമുണ്ടായിരുന്നു. രണ്ടുനാലു ചുവടു മുമ്പോട്ടു വച്ചപ്പോൾ എൻെറ കാലുകൾ മൃദുലമായ ഒരു വസ്തുവിൽ സ്പർശിച്ചു. ഞാൻ അതു വേഗം കുനിഞ്ഞെടുത്തു. ഒരു പട്ടുകൈലേസായിരുന്നു അതു്. വീണ്ടും കുറെ നടന്നപ്പോൾ ഒരു മുല്ലപ്പൂമാലയും എനിക്കു ലഭിച്ചു. അതിൻെറ പരിമളമായിരുന്നു ഞാൻ അനുഭവിച്ചതു്. ഒരു സ്ത്രീയുടെ തലയിൽ നിന്നും അതു് നിലം പതിച്ചതായിരിക്കാനേ തരമുള്ളു. ഞാൻ വസന്തകുമാറിൻെറ മുറിയിൽ കയറിയതിനുശേഷം ഒരു സ്ത്രീ അവിടെ ആഗതയായിരിക്കാം? എൻെറ സിരകൾ ത്രസിച്ചു. ഹൃദയം അത്ഭുത തരളിതമായി.

വീട്ടിൽ ചെന്നു് ആ സാധനങ്ങൾ പരിശോധിക്കാൻ തീവ്രമായ അഭിനിവേശമുണ്ടായി. ആ സാധനങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടു് ഞാൻ അതിവേഗം നടന്നു.

ഒരുവിധം ഞാൻ വീട്ടിലെത്തി. ദീപപ്രകാശത്തിൽ പൂവും കൈലേസും പരിശോധിച്ചു. പൂവു് അന്നു വൈകു

നോരം വികസിച്ചതായിരുന്നു. കൈകലേസിൽ അടയാളു മൊന്നുമുണ്ടായിരുന്നില്ല. പക്ഷെ തയ്യലിൽ നിപുണതയുള്ള ഒരാളുടെ അസാമാന്യപാടവം അതിൽ പ്രകാശിച്ചിരുന്നു. അതു് ലീലയുടേതായിരിക്കുമോ? ലീല ആ അർദ്ധരാത്രിയിൽ ഏകാകിനിയായി അവിടെ വരാൻ ധൈര്യപ്പെടുമോ? സ്ത്രീഹൃദയം ആർക്കറിയാം. ഹാ! ദൈവമേ! എന്തൊരു കാപട്യസമ്പൂർണ്ണമായ ലോകം. ഒരു മണിക്കൂറിനുള്ളിൽ കഴിഞ്ഞ സംഭവങ്ങൾ ഓരോന്നായി ഓർമ്മിച്ചപ്പോൾ എന്റെ തല കറങ്ങിത്തുടങ്ങി. നാഡി ശക്തിഹീനമാകു ന്നതുപോലെ തോന്നി. ഞാൻ പതുക്കെപ്പതുക്കെ ചുവടുവച്ച് കിടക്കയിൽ ചെന്നു വീണു. അപ്പോൾ മണി മൂന്നടിക്കുന്നതു് വ്യക്തമായി എനിക്കു കേൾക്കാമായിരുന്നു.

## VIII

അപ്രതീക്ഷിതസംഭവങ്ങളാൽ വിസ്മിതനും ഭീതനു മായിത്തീർന്ന ഞാൻ ഉണർന്നതു് വാതിലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടാണു്. അപ്പോൾ പുലരിയുടെ ഇളം കിരണ ങ്ങൾ ജനാലകളിലൂടെ അകത്തേയ്ക്കു പ്രവേശിച്ചു തുടങ്ങിയി രുന്നു. ഞാൻ എഴുന്നേററു വാതിൽ തുറന്നപ്പോൾ വിപുലൻ തണുപ്പു മാറിയ വെള്ളവും ചൂടുചായയുമായി വരാന്തയിൽ നില്ക്കുകയായിരുന്നു. "അവിടുന്നു ഇന്നുണരാൻ വളരെ

താമസിച്ചു. ഇപ്പോൾ മണി ആറു കഴിഞ്ഞു." എന്നു പ്രസന്നസ്മിതം അണിയുന്ന വദനത്തോടു കൂടെ അവൻ പറഞ്ഞു. തലേ രാത്രിയിലെ കാഴ്ചകൾകണ്ടു് എൻെറ ഹൃദയം ഉന്മേഷരഹിതമായിരുന്നു. ഞാൻ അതു പ്രകടിപ്പിക്കാതെ പറഞ്ഞു. "ഇന്നലെ ഉറങ്ങാൻ വളരെ വൈകി. വിപുലാ! നീ പോയി ഒരു ടാക്സി ഏർപ്പാടു ചെയ്യു്. ഉടൻ വേണം. എനിക്കു് ഇന്നു നാലഞ്ചു സ്നേഹിതരെ സന്ദർശിക്കാനുണ്ടു്."

വിപുലൻ അതിശീഘ്രം നടന്നു റോഡിൽ ഇറങ്ങി വളവു തിരിഞ്ഞുപോകുന്നതു് ഞാൻ നോക്കിനിന്നു. അവൻ മടങ്ങി വരുന്നതിനുമുമ്പു് എൻെറ യാത്രയ്ക്കു വേണ്ട സജ്ജീകരണങ്ങൾ പൂർത്തിയാക്കേണ്ടതു് ആവശ്യമായിരുന്നു. ഏതായാലും, വിപുലൻ കൊണ്ടുവച്ചിരുന്ന ചായ കഴിച്ചിട്ടാവാം മററു കാര്യങ്ങൾ എന്നു നിശ്ചയിച്ചപ്പോഴേയ്ക്കും ഫോണിൽ തെരുതെരെ മണിയടിക്കുന്നതുകേട്ടു. ഉടൻതന്നെ എൻെറ ശ്രദ്ധ അവിടേയ്ക്കെത്തി. "സുഹൃത് സമ്മേളനവും, വിവിധവിനോദപ്രകടനവും കഴിഞ്ഞു് എപ്പോഴാണു് ചന്ദ്രൻ തിരിച്ചെത്തിയതു്. ? ഇന്നു് ഇങ്ങോട്ടു വരുമോ. ? ലീലയ്ക്കു തീരെ സുഖമില്ല. നേരം വെളുക്കാറായപ്പോൾ അവൾക്കു ഒരു സുഖക്കേടു തുടങ്ങി. ഡാക്ടർ മിസ്സസ്സ് മാലതിക്കു് ആളയച്ചിട്ടുണ്ടു്. പരിഭ്രമിക്കാനൊന്നുമില്ല." ലീലാവതിയുടെ ചിററമ്മയുടെ സ്വരം ഞാൻ വികാരപരവശനായിട്ടായിരുന്നു ശ്രവിച്ചതു്. അതിനൊരു മറുപടിയല്ലാതെ മററൊന്നും അപ്പോൾ പറയണമെന്നു ഞാൻ ആഗ്രഹിച്ചില്ല. "ചിററമ്മേ! മാററിവയ്ക്കാൻ പാടില്ലാത്ത ചില കാരണങ്ങളുണ്ടെങ്കിലും ഞാൻ വേഗം അങ്ങോട്ടു വരാൻ നോക്കാം. എന്തെങ്കിലും വിശേഷമുണ്ടെങ്കിൽ ഉടനെ

അറിയിക്കണേ. " എന്നു് ഗൽഗദസ്വരത്തിൽ പ്രതിവചിച്ചു് ഫോൺ താഴത്തുവച്ചു. ജന്നലിൻെറ സമീപം ചെന്നുനിന്നു് ഞാൻ ചായകുടിക്കാൻ തുടങ്ങി. അതു മുഴുവനും കഴിക്കുന്നതിനു മുമ്പു ഫോണിൽ ആരോ വീണ്ടും എന്നെ വിളിച്ചു. ഫോണെടുത്തു ഞാൻ ചെവിയോടു ചേർത്തു പിടിച്ചു. "മി. ചന്ദ്രൻ! ഇന്നലെ അർദ്ധരാത്രി ഐവിഗ്രോവിൽ മർമ്മസ്പൃക്കായ ഒരു കൃത്യം നടന്നു." വിനയാന്വിതമെങ്കിലും ഒരു പോലീസുമേധാവിക്കു യോജിച്ച ഗംഭീരസ്വരത്തിലായിരുന്നു മി. രവീന്ദ്രൻ എന്നോടു സംസാരിച്ചതു്. അദ്ദേഹം തുടർന്നു. "നിങ്ങളും ഉടനെ അവിടെ എത്തണം. ഞാൻ അങ്ങോട്ടു പോകാൻ ഭാവിക്കയാണു്. അവിടെവച്ചു തമ്മിൽ കാണാം."

സംഭ്രാന്തിജനകമായ ആ വൃത്താന്തം ഗ്രഹിച്ചു് ഞാൻ ദീർഘമായി ഒന്നു നിശ്വസിച്ചു. എൻെറ ചിത്തം പൂർവ്വവൽ പ്രക്ഷുബ്ധമായി. അതിനുള്ളിൽ പൊങ്ങിവന്ന വികാരവീചികളെ അടക്കുന്നതിനുള്ള ശ്രമം തെല്ലും ഫലപ്രദമായില്ല. രമേശനിൽ നിന്നും വസന്തകുമാറിനു് എന്തെങ്കിലും ആപത്തു സംഭവിച്ചിരിക്കും എന്നു ഞാൻ സുദൃഢമായി വിശ്വസിച്ചു.

"സാർ, എന്താണു് ഇങ്ങനെ ആലോചിക്കുന്നതു്." വിപുലൻ വാതില്ക്കൽ വന്നു നിന്നു് ഇങ്ങനെ പറഞ്ഞപ്പോഴേ പിന്നീടുള്ള എൻെറ കർത്തവ്യങ്ങളെപ്പററി ഞാൻ ഓർമ്മിച്ചുള്ളു. മാന്ത്രികപ്രയോഗത്താലെന്നപോലെ പ്രഭാതകൃത്യങ്ങളെല്ലാം കഴിച്ചെന്നുവരുത്തി ഞാൻ കാറിൽകയറി. അതിവേഗം അതു എന്നെയുംകൊണ്ടു് ഐവിഗ്രോവിലേക്കു ധാവനം ചെയ്തു.

ഞാൻ അകത്തേക്കു പോകാൻ തുടങ്ങിയപ്പോൾ "യജമാനൻെറ അനുവാദമില്ലാതെ ആർക്കും പ്രവേശനമില്ല." എന്നു് പ്രവേശനദ്വാരത്തിൽനിന്ന രക്ഷിഗണങ്ങളിൽ ഒരാൾ എന്നെ അറിയിച്ചു. അവിടത്തെ അസാധാരണസംഭവത്തെപ്പററി അക്ഷമനായി ഞാൻ അവരോടു പലതും ചോദിച്ചു. യജമാനൻെറ കർശനമായ ആജ്ഞയുള്ളതിനാൽ അതൊന്നും പുറത്തു പറയാൻ പാടില്ലെന്നു അവർ വിനയപുരസ്സരം പറഞ്ഞു. അനന്തരം ഒരു കുറിപ്പ് അഭീന്ദ്രനു കൊടുക്കാൻ ഞാൻ ഒരാളെ ഏല്പിച്ചു. അയാൾ അകത്തേക്കു പോയി. അല്പം കഴിഞ്ഞു് മടങ്ങിവന്നു് "പ്രവേശനാനുവാദം ലഭിച്ചിരിക്കുന്നു" എന്നറിയിച്ചു.

പരിഭ്രമവും ഭയവും കലശലായിരുന്നു എങ്കിലും ഞൊടിയിടകൊണ്ടു് ഞാൻ വസന്തകുമാറുമായി സാധാരണ സമ്മേളിക്കാറുള്ള മുറിയിലെത്തി. വസന്തകുമാർ ഉപയോഗിച്ചിരുന്ന കട്ടിലിൽ ലാവണ്യവതിയായ ഒരു സ്ത്രീ നിർജ്ജീവയെപ്പോലെ കിടന്നിരുന്നു. അഭീന്ദ്രനും, ഡാക്ടർ സുരേഷും, ഒരു നഴ്സും, സി. ഐ. ഡി. വകുപ്പിലെ മററൊരുദ്യോഗസ്ഥനും കട്ടിലിനോടു ചേർന്നു നിന്നു് ആ സ്ത്രീയെ പരിചരിക്കുകയായിരുന്നു. ആ മുറിയിൽ വ്യാപിച്ചിരുന്ന നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് "വസന്തകുമാർ എവിടെ? ഈ സ്ത്രീക്കു എന്തു സംഭവിച്ചു." എന്നു ഞാൻ ചോദിച്ചു. അഭീന്ദ്രൻ മന്ദസ്വരത്തിൽ പ്രത്യുത്തരം നല്കി. "വസന്തകുമാറിനെ കാണാനില്ല. ഈ സ്ത്രീ ജീവിക്കുമോ എന്നു പരിശോധിക്കട്ടെ. ക്ഷമിക്കു. എല്ലാം നിങ്ങൾക്കു ക്രമത്തിൽ മനസ്സിലാകും."

ആസന്നമരണയായി കിടന്ന സ്ത്രീ ആരാണെന്നറിയാൻ ഞാൻ അവരുടെ മുഖത്തേക്ക സൂക്ഷിച്ചു നോക്കി. അത് ലീലയുടെ ആത്മമിത്രമായ ശാന്താദേവിയാണെന്ന ഗ്രഹിക്കാൻ എനിക്ക പെട്ടെന്നു കഴിഞ്ഞു. അവർക്ക ലീലയോടൊപ്പമേ പ്രായമുണ്ടായിരുന്നുള്ളു. നിരക്തവും, വികൃതവുമായിരുന്നു ദേവിയുടെ സുകുമാരസുഷമ കളിയാടിയിരുന്ന വദനം. മരണദേവതയുടെ ഘോരാട്ടഹാസം അതിൽ നിഴലിച്ചിരുന്നു. അവരുടെ ഇടതു തോളിൽ ഏതോ ആയുധപ്രയോഗത്താൽ അര ഇഞ്ചു നീളത്തിൽ ക്ഷതം പററിയിരുന്നു. മുറിവിൽനിന്നും ധാരാളമായുണ്ടായ രക്തപ്രവാഹത്തിൻെറ ചിഹ്നം കാണാമായിരുന്നു. എങ്കിലും ആ മുറിവ് മരണഹേതുകമായി എനിക്ക തോന്നിയില്ല.

മൃത്യുവക്ത്രത്തിൽ നിന്നും അത്ഭുതകരമായി പലരേയും വീണ്ടെടുത്തിട്ടുള്ള, സുപ്രസിദ്ധനായ ഡാക്ടർ സുരേഷ് ദേവിയെ വളരെ നേരം പരിശോധിച്ചു. അദ്ദേഹത്തിൻെറ അഭിപ്രായം പ്രതീക്ഷിച്ച് ഞങ്ങൾ അക്ഷമരായി കഴിച്ചു. ഏതാനും നിമിഷം കഴിഞ്ഞപ്പോൾ അദ്ദേഹം പരീക്ഷണത്തിൽനിന്നും വിരമിച്ചു വിയർത്തൊലിക്കുന്ന മുഖത്തോടുകൂടി പറഞ്ഞു. "ഈ മൂർച്ഛ വിട്ടുമാറുകയില്ല. വിഷലിപ്തമായ കഠാരകൊണ്ടാണ് മുറിവേല്പിച്ചിട്ടുള്ളത്. ദേഹം മുഴുവനും വിഷം വ്യാപിച്ചുകഴിഞ്ഞു. ഹൃദയസ്പന്ദനം ഏതാനും മിനിററിനുള്ളിൽ നിലയ്ക്കും. താമസിച്ചുപോയി."

ഡാക്ടർ സുരേഷ് പറഞ്ഞവസാനിപ്പിച്ചു. അതിനെ തുടർന്ന് ഒരു ദീർഘനിശ്ശബ്ദത. അദ്ദേഹത്തിൻെറ നിരാശാവചനങ്ങൾ ഞങ്ങളെ ശോകാബ്ധിയിൽ ആഴ്ത്തി. നഴ്സ്

ശാന്താദേവിയുടെ ഹൃദയസ്പന്ദനം പരിശോധിക്കുകയായിരുന്നു. ഞാൻ ജനാലയുടെ ഇരുമ്പുകമ്പികളിൽ പിടിച്ചുകൊണ്ടു കിഴക്കോട്ടഭിമുഖമായും നിന്നു. ബാലാർക്കന്റെ ഇളംകിരണങ്ങളാലും കാററത്തിളകി ആടിയ തരുഗുല്മങ്ങളുടെ മർമ്മരരവത്താലും, വികസിച്ചുനില്ക്കുന്ന കുസുമസഞ്ചയങ്ങളുടെ മനോഹരതയാലും പ്രകൃതി പുളകം പൂണ്ടു. ഹൃദയാഭിരാമമായ ആ കാഴ്ചകളൊന്നും ആസ്വാദ്യമായി എനിക്കു അപ്പോൾ തോന്നിയില്ല. ഏതാനും മണിക്കൂർ മുമ്പ് സ്വതസ്സിദ്ധമായ അഭിനയപാടവത്താൽ ഗോഖലെ ഹാളിൽ തിങ്ങിക്കൂടിയിരുന്ന പൗരാവലിയെ ആകമാനം ആനന്ദപുളകിതരാക്കിത്തീർത്ത കുലീനയും, സംസ്കൃതചിത്തയുമായ ആ നാട്യകലാപ്രവീണ വിധിബലത്താൽ കാലയവനികയ്ക്കുള്ളിൽ പൊടുന്നനെ തിരോഭവിക്കുമല്ലോ എന്നോർത്തപ്പോൾ എന്റെ നേത്രങ്ങൾ അശ്രുപൂർണ്ണമായി.

ആ നിശ്ശബ്ദാന്തരീക്ഷത്തിൽ എന്റെ നയനങ്ങൾ ആ മുറി മുഴുവനും സഞ്ചരിച്ചു. തലേരാത്രിയിൽ അവിടെ ഞാൻ വീക്ഷിച്ച സാധനസാമഗ്രികൾക്കൊന്നിനും സ്ഥാനം പിഴച്ചിരുന്നില്ല. വസന്തകുമാറിനു പകരം ഒരു യുവതി കട്ടിലിൽ നിണമണിഞ്ഞു ദീർഘനിദ്രയിൽ ലയിച്ചിരിക്കുന്നു എന്നൊരു പ്രത്യേകത മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ സ്ത്രീ ഇവിടെ എങ്ങനെ വന്നു? ഇവർക്കും വസന്തകുമാറിനും തമ്മിലുള്ള ബന്ധം എന്തായിരിക്കും? ഈ ഭീകരപ്രവൃത്തിയുടെ കർത്താവു് ആരായിരിക്കാം.?

ശാന്ത ആഭരണങ്ങളൊന്നും അണിഞ്ഞിരുന്നില്ല. ഇടതുകയ്യിൽ ഒരു വാച്ചു മാത്രമേ ധരിച്ചിട്ടുള്ളു. അതു രണ്ടടിച്ചു് പതിനഞ്ചു മിനിററു് കഴിഞ്ഞപ്പോൾ നിന്നുപോയി.

ഭാനുവിലാസത്തിലെ ആ ഭയങ്കരസംഭവം കഴിഞ്ഞിട്ട് ഏതാനും ആഴ്ചകളേ ആയുള്ളു. ഇപ്പോഴിതാ അതിനോട്ട ബന്ധിച്ച മറെറാരു സംഭവം. ആദ്യത്തേത് പോലീസിൻെറ ഊർജ്ജിതമായ അന്വേഷണത്തിലാണ്. അതു് തെളിയുമോ?

കഴിഞ്ഞ രാത്രിയിൽ രണ്ടു മണിക്കാണ് വസന്തകുമാറും ഞാനും തമ്മിൽ പിരിഞ്ഞതു്. അവിചാരിതവും രഹസ്യവുമായ ഈ കൃത്യം നടന്നതു്, അതിനു ശേഷമായിരിക്കണം. ശാന്തമനസ്കനും അഭിമാനിയുമായ വസന്തകുമാർ ഒരിക്കലും ഇങ്ങനെ ഒരു സാഹസകൃത്യത്തിനൊരുമ്പെട്ടുകയില്ല. രമേശനേയുംകൊണ്ടു് അദ്ദേഹം മറഞ്ഞതു് ഭീതികൊണ്ടായിരിക്കാം. അല്ലെങ്കിൽ അഭീന്ദ്രൻ ഇരുവരെയും ബന്ധിക്കുമായിരുന്നു. അവർ രണ്ടാളും എവിടെ? എനിക്കു അതറിയാനുണ്ടായ ഉൽക്കണ്ഠ സീമാതീതമായി വർദ്ധിച്ചു.

# IX

"ഡോക്ടർ! ശാന്ത മരിച്ചു" എന്നു് നഴ്സ്, ശോകപരയായ കലർന്ന വദനത്തോടെ പറഞ്ഞു. യാതൊരു ഭാവഭേദവും കൂടാതെയാണ് ഡോക്ടർ ആ ദുഃഖവാർത്ത ശ്രവിച്ചതു്. ഇതുപോലെ എത്രയെത്രപേർ താരുണ്യത്തിളപ്പിൽ ജീവിതത്തിൻെറ മോഹനാംശങ്ങളാസ്വദിക്കുന്നതിനു മുമ്പു് അപമൃത്യു പ്രാപിച്ചിട്ടുണ്ടു്. അദ്ദേഹത്തിന് അതൊന്നും

പുത്തരിയായിരുന്നില്ല. അഭീന്ദ്രനും ആത്തരത്തിലുള്ള സംഭവങ്ങളോട്ട് എന്നെക്കാൾ കൂട്ടതൽ പരിചയം സിദ്ധിച്ചിരുന്നു. ഞാൻ അദ്ദേഹത്തിന്റെ സമീപം ചെന്ന് ഇങ്ങനെ ചോദിച്ചു. "അഭീന്ദ്രൻ! നിങ്ങൾ ഇവരുടെ വീട്ടിൽ അറിവു കൊടുത്തിട്ടില്ലേ."

അഭീ: നിങ്ങൾ വരുന്നതിനു മുമ്പ് ഞാൻ ഒരു കമ്പി സന്ദേശമയച്ചു. പക്ഷെ വീട്ടിൽ ആരുമില്ല. എല്ലാവരും വിദൂരമായ മറേറതോ ദേശത്താണെന്നു ലീല പറഞ്ഞു.

ഞാൻ: അപ്പോൾ ലീലയും ഈ സംഭവങ്ങളൊക്കെ അറിഞ്ഞു കഴിഞ്ഞുവോ?

അഭീ: ശാന്തയുടെ കാര്യം നിരാശാജനകമാണെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളു. അതു 'കേൾക്കാനുള്ള സഹനശക്തി അല്പംപോലും അവൾക്കുണ്ടായിരുന്നില്ല. പരിഭ്രമിച്ച് ബോധക്ഷയമുണ്ടായി. പക്ഷെ അത് അല്പസമയത്തേക്കു മാത്രം. ഞാൻ വല്ലാതെ വിഷമിച്ചു. അവളുടെ ആപ്തമിത്രമായിരുന്നില്ലേ ശാന്ത? ഇഷ്ടജനവിരഹം ഹൃദയവ്യഥയ്ക്കു കാരണമാണല്ലോ!

അദ്ദേഹം ഡയറിയിൽ എന്തോ കുറിക്കുവാൻ തുടങ്ങി. അതിൽ നോക്കിനില്ക്കുന്നതു മര്യാദയ്ക്കു വിപരീതമാകയാൽ, ഞാൻ കുറെ അകലെ കിടന്നിരുന്ന ഒരു കസാലയിലിരുന്നു. നഴ്സ് വരാന്തയിലും, ഡാക്ടർ, അഭീന്ദ്രനു സമീപവും ഇരുന്നു വിശ്രമിക്കുകയായിരുന്നു.

"ചന്ദ്രാ" അഭീന്ദ്രൻ എഴുന്നേറ്റ് അവസാനിപ്പിച്ച് വാത്സല്യപുരസ്സരം എന്നെ സംബോധനചെയ്തു. അദ്ദേഹം തുടൻന്നു, "ഇത്രയും നേരം വിഷമിപ്പിച്ചതിൽ ദുഃഖിക്കുന്നു."

ഞാൻ: ഇങ്ങനെയൊരു പരിതഃസ്ഥിതിയിൽ ഞാൻ ഭാഗഭാക്കാകുന്നത് ഇന്നാദ്യമായിട്ടാണ്. എനിക്കു അവല്ലായ്മയേയുള്ളു.

അഭീ: ലോകത്തിൽ ഈവിധം എത്രയെത്ര സംഭവങ്ങളാണ് ദൈനന്ദിനമുണ്ടായിക്കൊണ്ടിരിക്കുന്നത്. അനിശ്ചിതമായ ഇഹലോകജീവിതത്തിൽ ക്ലേശകരങ്ങളായ സംഭവങ്ങളും നാം ശാന്തതയോടുകൂടി സഹിക്കണം. ഭാവനാലോകത്തിൽ സ്വൈരമായി വിഹരിക്കുന്ന നിങ്ങൾക്കു ഇത്ര മനോഭാരം തോന്നുന്നതിൽ ഞാനത്ഭുതപ്പെടുന്നു.

ഞാൻ: മി. അഭീന്ദ്രൻ, ഭാവനയിൽ എത്രയും ഭീകരമായ സംഭവങ്ങൾ ചിത്രീകരിക്കുവാൻ എനിക്കു കഴിയും. പക്ഷേ അവ സ്വാനുഭവത്തിൽ കടന്നുകൂടുമ്പോഴത്തെ അവസ്ഥ എന്തായിരിക്കും.

ഞാൻ അഭീന്ദ്രന്റെ കരം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു. "വരു നമുക്കു കുറെ അകലെ മാറിനിന്നു സംസാരിക്കാം."

ആ മുറിയുടെ ഒരു കോണിൽ ഞങ്ങൾ അഭിമുഖമായി നിന്നു. ഞാൻ പറഞ്ഞു. "അഭീന്ദ്രൻ! വസന്തകുമാർ തിരോഭവിച്ചിരിക്കുന്ന സ്ഥിതിക്കു ഈ കേസ്സ് നിങ്ങൾ എങ്ങനെ തെളിയിക്കും!"

അഭീ: ഇവിടെയും ഭാനുവിലാസത്തിലും നടന്ന സംഭവങ്ങൾക്കു തമ്മിൽ ബന്ധമുണ്ടെന്നാണ് എന്റെ

വിശ്വാസം. ഒന്നാമത്തെ സംഭവത്തിനുശേഷം രമേശനും, രണ്ടാമത്തെ സംഭവത്തിനുശേഷം വസന്തകുമാറും മറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഒരാളെ കണ്ടുകിട്ടിയാൽ എല്ലാ കാര്യങ്ങളും വെളിപ്പെടും.

ഞാൻ: ഈ കേസ്സ് നിങ്ങളെ നല്ലപോലെ വിഷമിപ്പിക്കാതിരിക്കുകയില്ല.

അഭീ: അതു ശരിതന്നെ. എന്റെ സർവ്വശക്തികളും പ്രയോഗിച്ച് ഞാൻ ഇതു തെളിയിക്കുകയില്ലെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ. ?

ഞാൻ: അങ്ങനെ ഞാൻ ഒരിക്കലും വിശ്വസിക്കയില്ല. ഈ ഉദ്യമത്തിൽ നിങ്ങൾക്ക് വിജയമുണ്ടാകാൻ ഞാൻ സദാ ഈശ്വരനോടു പ്രാർത്ഥിക്കും.

അഭീ: യഥാർത്ഥ കുററവാളി ആരായിരുന്നാലും നിയമാനുസൃതം ശിക്ഷ അനുഭവിച്ചേ മതിയാകൂ.

ഞാൻ മൗനാവലംബിയായി അഭീന്ദ്രന്റെ മുഖത്തേക്കു ദൃഷ്ടിയുറപ്പിച്ചു നിന്നു. കുറെ നേരം കഴിഞ്ഞ് "ചന്ദ്രൻ! ആലോചിച്ചിട്ടെന്തുകിട്ടി" എന്ന് അഭീന്ദ്രൻ എന്നോടു ചോദിച്ചു.

ഞാൻ: ഒന്നുമില്ല. ശാന്താദേവിയെ മൃതിപ്പെടുത്തിയ കഠാര അതിരിക്കും മേശപ്പുറത്തു കിടക്കുന്നത്.

അഭീ: അതെ. അത് ആ കട്ടിലിലായിരുന്നു കിടന്നിരുന്നത്. ആ കഠാര വസന്തകുമാറിന്റേതാണെന്നു പിടിയിൽ കൊത്തിയിട്ടുള്ള അക്ഷരങ്ങൾകൊണ്ടു നിർണ്ണയിക്കാം.

ഞാൻ: അതു് വസന്തകുമാറിൻേറതാണെന്നറിഞ്ഞാൽ തന്നെ എന്തു ഫലം. പ്രയോഗിച്ച ആയുധം അതെന്നല്ലാതെ കൂടുതലായ വല്ല അറിവും ലഭിക്കുന്നുണ്ടോ?

"ഇല്ല. എന്നാൽ നോക്കൂ." എന്നു പറഞ്ഞു് അഭീന്ദ്രൻ കീശയിൽ നിന്നും ഒരു സാരിപിൻ എടുത്തു് എന്നെ കാണിച്ചു. അതുപോലെ വിലകൂടിയ നീലക്കല്ലുകൾ പതിച്ച ഒരെണ്ണം ഞാൻ അന്നു് ആദ്യമായാണു കാണുക. അഭീന്ദ്രൻ തുടർന്നു "ശാന്തയുടെ പിൻ അവളുടെ സാരിയിൽത്തന്നെ ഇപ്പോഴുമുണ്ടു്. ഇതു രണ്ടും തമ്മിൽ വളരെ അന്തരമില്ലേ. ഇതെങ്ങനെ ഇവിടെ വന്നു. അപ്പോൾ ഇവിടെ മററൊരു സ്ത്രീയും വന്നിട്ടുണ്ടായിരിക്കണം. സംഭവിച്ച കൃത്യത്തിനു അവരും ദൃക്സാക്ഷിയായിരിക്കും. അല്ലെങ്കിൽ അവർക്കു ഇതിനെപ്പററി അറിവുണ്ടായിരിക്കും. അഥവാ ഈ സാഹസകൃത്യത്തിനു പ്രേരിപ്പിച്ചതു് അവർ ആയിരിക്കുമോ? "

ഞാൻ: ഒരു സ്ത്രീയോ. ?

അഭീ: അതേ. വസന്തകുമാറിനു് ഏതെങ്കിലും സ്ത്രീയുമായി രഹസ്യസമാഗമമുണ്ടായിരുന്നതിനു വല്ല സൂചനയും നിങ്ങൾക്കു ലഭിച്ചിട്ടുണ്ടോ. ?

ഞാൻ: വസന്തകുമാർ ഒരു സ്ത്രീവിദ്വേഷിയാണെന്നാണു് എൻെറ അറിവു്.

ഞങ്ങളുടെ സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ പ്രവേശനാനുവാദം കാംക്ഷിച്ചു് ഒരാൾ വെളിയിൽ നില്ക്കുന്നു എന്നുള്ള വിവരം അഭീന്ദ്രനോടു ഒരു ഭൃത്യൻ വന്നു പറഞ്ഞു.

"സന്ദർശകൻ ആരാണെന്നു നിനക്കറിയാമോ" എന്നു ദ്ദേഹം അയാളോടു ചോദിച്ചു.

മുറിവേററു കിടക്കുന്ന സ്ത്രീയുടെ ആരോ ആണെന്നു തോന്നുന്നു" എന്നയാൾ ഉത്തരം നല്കി.

"എന്നാൽ വരാൻ പറയൂ". അഭീന്ദ്രൻ ആജ്ഞാപിച്ചു.

ഞങ്ങൾ വരാന്തയിൽ വന്ന് ആഗതനെ പ്രതീക്ഷിച്ചുനിന്നു. ഏതാനും മിനിററു കഴിഞ്ഞപ്പോൾ സുഭഗനായ ഒരു യുവാവ് ഞങ്ങളുടെ മുമ്പിൽ ആഗതനായി. ഞാൻ അദ്ദേഹത്തെ ആപാദചൂഡം വീക്ഷിച്ചു. ഒരു വിശാലഹൃദയത്തിൽ നിന്നും തിളച്ചു പൊങ്ങിയ രാജ്യാഭിമാനരക്തം അദ്ദേഹത്തിൻെറ ധമനികളിൽക്കൂടി പ്രവഹിച്ചുകൊണ്ടിരുന്നു. അതിന് ഉത്തമ ലക്ഷ്യമായിരുന്നു ആഡംബരരഹിതവും ശാലീനവുമായിരുന്ന അദ്ദേഹത്തിൻെറ വസ്ത്രധാരണരീതി എന്നെനിക്കു തോന്നി. സർവസാഹോദര്യം പ്രസ്ഫുരിക്കുന്ന അദ്ദേഹത്തിൻെറ മുഖത്ത് കുലീനമുദ്ര പ്രസ്പഷ്ടമായിരുന്നു. അഭീന്ദ്രൻ അദ്ദേഹത്തെ അഭിവാദനം ചെയ്തതിനു ശേഷം കുശലപ്രശ്നത്തിലേർപ്പെട്ടു. അദ്ദേഹം ശാന്തയുടെ പിതൃവ്യപുത്രനും, നിയമവിദ്യാർത്ഥിയും, സാധുസംരക്ഷണപ്രസ്ഥാനത്തിലെ ഒരംഗവുമാണെന്നു സംഭാഷണത്തിൽ നിന്നും ഞാൻ ഗ്രഹിച്ചു. 'മോഹൻദാസ്'എന്നായിരുന്നു ആ മാന്യൻെറ നാമധേയം.

ശാന്താദേവിയുടെ അപമൃതിയേ കുറിച്ച് സവിസ്തരമായ ഒരു വിവരണം ഡാക്ടരും അഭീന്ദ്രനുംകൂടി ആഗതനു നല്കി. ഞങ്ങൾ മൃതശരീരത്തിനു സമീപം ചെന്നു.

ദേവിയുടെ മരണവാർത്ത ഗ്രഹിച്ചിട്ടും മൃതശരീരം ദർശിച്ചിട്ടും ആ യുവാവു് സന്താപത്തിൻെറ ലാഞ്ഛനപോലും പ്രത്യക്ഷപ്പെടുത്തിയില്ല. ഭക്ത്യാദരബഹുമാനാദികളോടു കൂടി പ്രശാന്തമനസ്കനായി അദ്ദേഹം സഹോദരിയുടെ ഭൗതികാവശിഷ്ടങ്ങൾക്കു സമീപം നിന്നു.

ദേവിയുടെ ഭൗതികാവശിഷ്ടങ്ങൾ താമസംവിനാ സ്വദേശത്തേക്കു കൊണ്ടുപോകാൻ അനുവദിക്കണമെന്നുള്ള അദ്ദേഹത്തിൻെറ അപേക്ഷയ്ക്കു അഭീന്ദ്രൻ വിസമ്മതം പുറപ്പെടുവിച്ചില്ല. ഞങ്ങളുടെ ഏവരുടെയും സഹകരണത്തോടുകൂടി ദേവിയുടെ മെയ്യ് ആഗതൻെറ കാറിൽ വിന്യസിച്ചിരുന്ന ശയ്യയിൽ കിടത്തി. ഞങ്ങളുടെ പ്രവർത്തികൾക്കു ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിച്ചുകൊണ്ടു് അദ്ദേഹം കാറിൽ കയറി. യാത്രയ്ക്കു കാർ തയ്യാറാക്കിക്കൊണ്ടിരിക്കവേ അഭീന്ദ്രൻ പറഞ്ഞു. "അന്വേഷണം എത്രയും ഊർജ്ജിതമായിരിക്കുമെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഒരു മാസത്തിനകം വിവരം നിങ്ങളെ അറിയിക്കാം. അതുവരെ ദയാപുരസ്സരം ക്ഷമിക്കണം." "ആകട്ടെ" എന്നു് അദ്ദേഹം പ്രത്യുത്തരം നല്കി. കാർ അതിശീഘ്രം പ്രയാണം ആരംഭിച്ചു. ഞങ്ങളുടെ ദൃഷ്ടികളിൽ നിന്നും അതിവേഗം മറഞ്ഞു.

# X

മൂന്നുമണിക്ക് ആതുരാലയത്തിൽ ഡാക്ടരുടെയും നഴ്സിൻെറയും സാന്നിദ്ധ്യം അത്യന്താപേക്ഷിതമായിരുന്നു. ഞങ്ങൾ അവരെ യാത്രയാക്കിയശേഷം അഭീന്ദ്രൻ എന്നോടു പറഞ്ഞു. "നിങ്ങൾക്കു പോകാൻ തിടുക്കമില്ലല്ലോ. എനിക്കു വസന്തകുമാറിൻെറ മേശയുടെ വലിപ്പുകൾ പരിശോധിക്കാനുണ്ട്. അത് പെട്ടെന്ന് അവസാനിപ്പിച്ചുകൊള്ളാം."

ഞാൻ പറഞ്ഞു. "അത്രയും സമയം താമസിക്കുന്നതുകൊണ്ടു് വിഷമമൊന്നുമില്ല."

അഭീന്ദ്രൻ മേശയുടെ വലിപ്പുകൾ ഓരോന്നായി തുറന്ന് പരിശോധന തുടങ്ങി. ഞാൻ അദ്ദേഹത്തിൻെറ സമീപത്തു നിന്നു. ചില രസീതുകളും പ്രമാണങ്ങളുമല്ലാതെ സംശയാസ്പദമായ രഹസ്യക്കത്തുകളൊന്നും തന്നെ അ മേശയ്ക്കുള്ളിൽ ഉണ്ടായിരുന്നില്ല.

"ഈ പരിശോധനകൊണ്ടു് യാതൊരു ഫലവുമില്ല. ഇതൊരു പ്രത്യേകതരത്തിലുള്ള കേസ്സാണ്." അഭീന്ദ്രൻ പറഞ്ഞു "ഇങ്ങനെ ഒന്ന് എനിക്ക് ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. എങ്കിലും ഇവിടെനിന്നും ലഭിച്ചിട്ടുള്ള നിസ്സാരമായ ഉപകരണങ്ങൾകൊണ്ടു് ഈ കേസ്സു തെളിയിക്കാൻ ഞാൻ ഉദ്യമിക്കും."

ഞാൻ: അതെങ്ങനെ. ?

അഭീ: ഏതാനും മണിക്കൂറിനു മുമ്പ് ഒരു സാരിപ്പിൻ നിങ്ങളെ കാണിച്ചില്ലേ? ഞാൻ അതിൻെറ ഉടമസ്ഥയെ കണ്ടുപിടിക്കും.

ഞാൻ: അതു വളരെ പ്രയാസമേറിയ ഒരു കൃത്യമല്ലേ?

അഭീ: അതെ. അതുകൊണ്ടെന്തു്? ക്ലേശങ്ങളൊന്നും കൂടാതെ വിജയം ലഭിക്കുമോ ?

ഞാൻ: ഒരിക്കലുമില്ല.

അഭീ: മി. ചന്ദ്രൻ, നിങ്ങളും എന്നോടുകൂടി ആത്മാർത്ഥമായി സഹകരിക്കണമെന്നപേക്ഷിക്കുന്നു. ഈ കേസ്സു സംബന്ധമായി കഴിവുള്ളെടത്തോളം രഹസ്യങ്ങൾ സമാർജ്ജിക്കാൻ നിങ്ങൾ ഉദ്യമിക്കണം.

ഞാൻ: ശ്രമിക്കാം. ഇനി എനിക്കു പോകാൻ പാടില്ലേ." എനിക്കു ലീലയെ കാണേണ്ടതാവശ്യമാണ്.

അഭീ: പ്രിയതമയെ കാണാൻ നിങ്ങൾക്ക് ഇത്ര തിടുക്കമായോ. ? ഒരു നിമിഷംപോലും പിരിഞ്ഞിരിക്കസാദ്ധ്യമല്ല, അല്ലേ. ?

ഞാൻ: സുഖക്കേടായി കിടപ്പിലല്ലേ ലീല? എന്നെ കാണാൻ അവൾക്കും അനുഗ്രഹമുണ്ടാവും.

അഭീ: ഞാൻ നിങ്ങളെ വിഷമിപ്പിക്കുന്നില്ല. ഷൈവിഗ്രോവിൻെറ പ്രധാനവാതിൽ ബന്ധിച്ചു് മുദ്രവയ്ക്കുന്ന താമസമേയുള്ളൂ. കേസ്സു തെളിയുന്നതുവരെ ഷൈവി

ഗ്രോവ് പോലീസു കൈവശത്തിലാണെന്നു ലീലാ വതിയോടു പറയാൻ മറക്കരുതേ.

ഞാൻ: നമുക്കൊരുമിച്ച് ഭാനുവിലാസത്തിലേക്കു പോകാം. ഈ വസ്തുതയെല്ലാം നിങ്ങൾതന്നെ ലീലയെ ഗ്രഹിപ്പിക്കുന്നതാണുത്തമം.

"ഏതായാലും ഞാനിപ്പോൾ വരുന്നില്ല. നോക്കൂ മണി മൂന്നര കഴിഞ്ഞു. ഇനി ഇന്നു എന്നെക്കൊണ്ട് ഒന്നും കഴിയുകയില്ല. നിങ്ങളും എൻെറ കൂടെ വരൂ."

അഭീന്ദ്രൻ പോലീസുകാർക്കു ചില നിർദ്ദേശങ്ങൾ നല്കി. ഞങ്ങൾ കാറിൽ പുറപ്പെട്ടു. ഞാൻ ഭാനുവിലാസത്തിലിറങ്ങി. അഭീന്ദ്രൻ യാത്ര തുടർന്നു.

## XI

" ചന്ദ്രൻ, ലീലയ്ക്കു മരുന്നു കുടിക്കാൻ വലിയ വിഷമമാണ്; ഇതു് അവൾക്കു കൊടുത്തു നോക്കൂ." എന്ന് എന്നോട്ട് സംസ്കാരസമ്പന്നയായ ചിററമ്മ പറഞ്ഞു. അവർ തുടർന്നു. "ലീല വളരെ നേരമായി മയങ്ങുകയാണ്. ഞാൻ ഉണർത്താം." അവർ ഉച്ചത്തിൽ പറഞ്ഞു. "ലീലേ ചന്ദ്രൻ വന്നതു കണ്ടില്ലേ? ഇതാ നോക്കൂ; ചന്ദ്രൻ."

ലീല കണ്ണുതുറന്നു. ഞാൻ അവളുടെ കരപല്ലവങ്ങളിൽ തലോടിക്കൊണ്ടു പറഞ്ഞു. "ലീലേ എന്താണു സുഖക്കേട്. ഇപ്പോൾ എങ്ങനെ തോന്നുന്നു."

"അല്പം കുറവുണ്ട്." ദീനസ്വരത്തിൽ അവൾ പറഞ്ഞു. "അങ്ങ് എപ്പോൾ വന്നു. അധികനേരമായോ? ഇരിക്കാത്തതെന്തു്? എനിക്കു നന്നേ ക്ഷീണമുണ്ട്."

ഞാൻ പറഞ്ഞു. "സംസാരിച്ചാൽ ലീലയ്ക്കു തലവേദനയും ക്ഷീണവും വർദ്ധിക്കും. സൈ്വരമായി കിടന്നുകൊള്ളു."

"ചിററമ്മേ!" ഞാൻ ചോദിച്ചു. "ഡാക്ടർ പരിശോധിച്ചിട്ടെന്തു പറഞ്ഞു?"

"ഭയംകൊണ്ടുണ്ടായതെന്നാണ് ഡാക്ടർ മാലതിയുടെ അഭിപ്രായം." ചിററമ്മ തുടർന്നു. "ഇന്നലെ രാത്രിയിൽ അവൾ ഒരു സ്വപ്നം കണ്ടു ഭയന്നു നിലവിളിച്ചു. ഞാൻ വന്നു നോക്കി. അപ്പോൾ വിളറി വിയർത്തു് സംസാരിക്കാൻ പാടില്ലാതെ കിടക്കുന്നു. കുറെ കഴിഞ്ഞു് അവസ്ഥിതിയൊക്കെ മാറി. പനിയും തലവേദനയും വല്ലാത്ത ക്ഷീണവുമുണ്ടായി. ഇപ്പോൾ പനിക്കും തലവേദനയ്ക്കും കുറവുണ്ട്. എന്റെ ഭഗവാനെ! ഞാൻ വല്ലാതെ പരിഭ്രമിച്ചു. അതാണു ഞാൻ ഫോൺ ചെയ്തതു്. ചന്ദ്രൻ സമീപത്തുള്ളതിനാൽ ഇപ്പോൾ എനിക്കു വളരെ സമാധാനമായി."

ഞാൻ ചിററമ്മയുടെ കയ്യിൽനിന്നും മരുന്നുകുപ്പി വാങ്ങി. "ലീലേ! ഇതു കുടിക്കു" എന്നു സസ്നേഹം പറഞ്ഞുകൊണ്ടു് ഒരു ഔൺസ് പകർന്നു കൊടുത്തു. മനസ്സില്ലാതെയാണെങ്കിലും നിഷേധിക്കാൻ പാടില്ലെന്നുള്ളതിനാൽ

അത്ത് മുഴുവനും അവൾ കുടിച്ചു. ലീലയുടെ മനോഹരമായ നാസികാഗ്രങ്ങളിൽ പൊടിഞ്ഞ വിയർപ്പുകണങ്ങൾ ഞാൻ തുടച്ചെടുത്തു. ഭയചകിതയായ അവളുടെ വദനം ദർശിച്ചു് ഞാൻ വികാരപരവശനായി. എൻെറ ഹൃദയം ശീഘ്രഗതിയിൽ തുടിച്ചു. എങ്കിലും യാതൊരു ഭാവവ്യത്യാസവും ഞാൻ പ്രത്യക്ഷപ്പെടുത്തിയില്ല.

ഭയന്നിട്ടുണ്ടായതാണ് ലീലയുടെ സുഖക്കേടെന്നുള്ള ഡാക്ടരുടെ അഭിമതം, എനിക്കു ലഭിച്ച കൈലേസ്സ്, പൂമാല ഇവ എല്ലാംകൂടി തുലനംചെയ്തു നോക്കിയപ്പോൾ തലേദിവസം രാത്രിയിൽ ലീല ഹൈവിഗ്രോവിൽ ഉണ്ടായിരുന്നില്ലേ എന്നു ഞാൻ സംശയിച്ചു. ഈ വിവരങ്ങളെല്ലാം ലീലയോടു തുറന്നുപറയണമെന്ന് എനിക്കാഗ്രഹമുണ്ടായി. എന്നാൽ അവളുടെ സുഖക്കേടും അപ്പോഴത്തെ മററു പരിതഃസ്ഥിതികളും അതിനു യോജിച്ചതല്ലെന്നു തോന്നി.

ആവശ്യമുള്ള വിവരങ്ങളെല്ലാം ചിററമ്മയിൽ നിന്നും ഗ്രഹിക്കാമെന്നു ഞാൻ വിചാരിച്ചു. ഞങ്ങളുടെ സംഭാഷണം ലീല കേൾക്കരുതെന്നും എനിക്കു നിർബന്ധമുണ്ടായി. ഞാൻ ഒരു വിദ്യ പ്രയോഗിച്ചു. "ചിററമ്മേ! എനിക്കു നല്ല വിശപ്പും ദാഹവും ഉണ്ടു്. എന്തെങ്കിലും ആഹാരം എനിക്കു തന്നേ തീരൂ." എന്നു ഞാൻ പറഞ്ഞു.

ലീല എൻെറ യാചനകേട്ടു് മന്ദഹസിച്ചു. "ഇന്ന് അങ്ങു് തനിച്ചു കാപ്പി കഴിക്കണം." എന്നു അവൾ പറഞ്ഞു.

ചിററമ്മ എന്നെ കാപ്പി കഴിക്കാൻ ക്ഷണിച്ചു. ഒരു വെള്ളിച്ചഷകത്തിൽ ചൂടുള്ള പാലു് പകർന്നു തന്നതിനു

ശേഷം എന്റെ സമീപത്തിരുന്ന ആ വൃദ്ധയായ വിധവ യോട്ട് ഞാൻ പലതും പറഞ്ഞു. ശാന്തയുടെ അപമൃതി, വസന്തകുമാറിന്റെ തിരോധാനം മുതലായവയെപ്പററിയുള്ള വിവരങ്ങൾ കേൾക്കാൻ അവർ ജിജ്ഞാസ പ്രകടിപ്പിച്ചു. അതെല്ലാം ഉചിതമായ രീതിയിൽ ഞാൻ വർണ്ണിച്ചു കേൾപ്പിച്ചു. അനന്തരം ഞങ്ങളുടെ സംഭാഷണം ലീലയുടെ സുഖക്കേടിനെക്കുറിച്ചായി. ലീല അന്നു രാത്രി ഭാനുവിലാസത്തിൽ ഉണ്ടായിരുന്നോ എന്നുള്ള രഹസ്യം മാത്രമേ പ്രധാനമായി ഞാൻ അറിയാൻ ആഗ്രഹിച്ചുള്ളു. അതു് അറിയുന്നതിനായിരുന്നു എന്റെ ശ്രമം മുഴുവനും. ലീലയെപ്പററി സംസാരിക്കുന്നതിൽ കൂടുതലായ മറെറാരാനന്ദവും എനിക്കപ്പോഴില്ലെന്നു ചിററമ്മ ധരിച്ചു.

എന്റെ അപേക്ഷാനുസരണം അവർ പറഞ്ഞു. "നർത്തനം കഴിഞ്ഞു പതിനൊന്നു മണിക്ക് ഞങ്ങൾ മടങ്ങി. ലീലയ്ക്കു് ശാന്തയെ കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അത്യാവശ്യമായി മറേറതോ കാര്യമുണ്ടായിരുന്നതിനാൽ നർത്തനം അവസാനിച്ച നിമിഷംതന്നെ അവർ പോയി എന്നു ലീലയുടെ അന്വേഷണത്തിൽനിന്നുമറിഞ്ഞു. അവർക്ക വല്ലായ്മയുണ്ടായി. രണ്ടു മാസം ലീലയും ശാന്തയും ഒന്നിച്ചു പഠിച്ചു. അവർ ആത്മസ്നേഹിതരായിരുന്നു. അവർ എപ്പോഴും കത്തുകൾ അയയ്ക്കും. വീട്ടിലെത്തിയപ്പോൾ നല്ല സുഖം തോന്നാത്തതിൽ അവൾ ആഹാരം വേണ്ടെന്നു പറഞ്ഞു. ഞാൻ നിർബന്ധിച്ചില്ല. നിർബന്ധിച്ചാൽ അവൾ ശുണ്ഠിപിടിക്കും. ഉടനെ അവൾ പോയി കിടന്നു. ഒരു മണിക്കു ഞാനുറങ്ങി. അതിനു മുൻപു് രണ്ടു മൂന്നു

പ്രാവശ്യം ഞാൻ അവളുടെ മുറിയിൽപോയി. അപ്പോഴെല്ലാം സുഖമായി അവൾ ഉറങ്ങുകയായിരുന്നു. നാലു മണി കഴിഞ്ഞയുടനെ ലീലയുടെ മുറിയിൽ വലിയ ശബ്ദവും നിലവിളിയും കേട്ടു. ഞാൻ പരിഭ്രമിച്ചു ഓടിചെന്നു. അവൾ സംസാരിക്കാൻ പാടില്ലാതെ കിടക്കുന്നതുകണ്ടു. അപ്പോഴേക്കും ഭൃത്യരും ഓടി എത്തി. ഞാൻ വളരെ പണിപ്പെട്ടു അവളുടെ ഭയം അല്പം അകററി. ഒരു ദുസ്വപ്നം കണ്ടതാണു കാരണമെന്ന് അവൾ വിമ്മിഷ്ടപ്പെട്ടു പറഞ്ഞു. ചന്ദ്രനും അവളുമായി നിലാവത്ത് സല്ലപിച്ചു ആററുവക്കത്തുകൂടി നടക്കുമ്പോൾ ഒരു ദുഷ്ടൻ ചന്ദ്രനെ ഓടിച്ചു വധിച്ചു എന്നും അങ്ങനെ ലീലയും ചന്ദ്രനും തമ്മിൽ എന്നെന്നേയ്ക്കുമായി പിരിഞ്ഞു എന്നും ആയിരുന്നു സ്വപ്നം. പ്രഭാതമായപ്പോഴാണ് ഞാൻ ഡാക്ടർക്ക് ആളയച്ചതും ചന്ദ്രനെ വിവരം ധരിപ്പിച്ചതും."

ചിററമ്മ ഉറങ്ങിയ സമയം ലീല വെളിയിൽ പോയിരിക്കുമോ എന്നു ഞാൻ സംശയിച്ചു. അവരെ അതു ധരിപ്പിക്കുന്നതിന് എനിക്കു വൈമനസ്യം തോന്നി. ഏതായാലും ലീല സുഖം പ്രാപിക്കുന്നതുവരെ ക്ഷമിച്ചിരിക്കാമെന്നുതന്നെ ഞാനുറച്ചു.

അല്പസമയം ആരും ഒന്നും സംസാരിച്ചില്ല. മൌനഭഞ്ജനം ചെയ്തതു് ചിററമ്മയായിരുന്നു. അവർ പറഞ്ഞു. "ചന്ദ്രനോടുള്ള ലീലയുടെ സ്നേഹത്തിന്റെ അഗാധത എത്രമാത്രമെന്നുള്ളതിനു ഇതിൽക്കൂടുതൽ വല്ല തെളിവും ആവശ്യമുണ്ടോ.? നിങ്ങൾ ഒന്നിച്ചു ജീവിക്കേണ്ടവരാണ്. നിങ്ങളുടെ ദാമ്പത്യജീവിതം അത്യാനന്ദപ്രദമായിരിക്കുമെന്നും എനിക്കറിയാം. ഇനി [illegible] സിക്കണം."

MUL
165274
UNIVERSITY
165274
38202
032:3y8
H5

ഞാൻ ചിന്താക്ലിന്നനായി പറഞ്ഞു, "വിവാഹം കുറെക്കൂടി കഴിഞ്ഞിട്ടാവാം. അതാണ് എന്റെ ആഗ്രഹം. ഈ കഴിഞ്ഞ സംഭവങ്ങൾ ശമിപ്പെടട്ടെ. അന്തരീക്ഷം ശാന്തമാകട്ടെ. ഒളിവിൽ വസിക്കുന്നവരെ കണ്ടുപിടിക്കട്ടെ. / എന്നിട്ടാവാം ബാക്കി കാര്യങ്ങൾ."

"നിങ്ങളുടെ അഭിമതത്തിനു വിട്ടുതന്നാൽ ഞങ്ങൾക്കു കുററമില്ല. ചന്ദ്രൻ കാപ്പികുടി മതിയാക്കുകയാണോ! അധികമൊന്നും കഴിച്ചില്ലല്ലോ."

"കൊള്ളാം. ആവശ്യത്തിൽ കൂടുതൽ എന്റെ വയററിനകത്തായി. ചിററമ്മേ! ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. വൈവിഃഗ്രാവിലെ സംഭവങ്ങളുടെ വിശദവിവരങ്ങൾ ലീലയെ ഇപ്പോൾ അറിയിക്കാമോ?"

"വേണ്ട. കൂടുതലായി ഒന്നും അവളെ ഇപ്പോൾ ധരിപ്പിക്കേണ്ട. ഈ സ്ഥിതി വളരെ സൂക്ഷിക്കണമെന്ന് ഡാക്ടർ പറഞ്ഞു. മററുവല്ല സുഖക്കേടും ഉണ്ടാകുമോ എന്നാണ് അവർക്കു ഭയം."

"ലീല വേഗം സുഖം പ്രാപിക്കാൻ ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു."

ഞങ്ങൾ വീണ്ടും ലീലയുടെ സമീപത്തേയ്ക്കുനടന്നു. അവൾ മയങ്ങുകയായിരുന്നു, ചിററമ്മ പറഞ്ഞു "സന്ധ്യക്കു മുമ്പ് ഡാക്ടർ വരികയാണു പതിവ്. സ്വഭാവഗുണമുള്ള ഒരു നഴ്സിനെ അയക്കണമെന്നും ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. സന്ധ്യയായിട്ടും ആരെയും കാണുന്നില്ല."

"ഡാക്ടർക്ക് ഒരു രോഗിയെ മാത്രം ചികിത്സിച്ചാൽ മതിയോ. ഉത്തരവാദമുള്ളതല്ലേ."

"ശരിയാണ്."

"വല്ല വിശേഷവുമുണ്ടെങ്കിൽ എന്നെ ഫോണിൽ വിളിക്കണേ."

"ചന്ദ്രൻ ഇത്ര ക്ഷണം പോകുകയാണോ. ലീലയുടെ മയക്കം തീരട്ടെ."

"അവൾ സുഖമായി ഉറങ്ങാൻ ഡാക്ടർ മോർഫിയാ കുത്തിവച്ചിട്ടുണ്ട്. ലീലയുടെ മേശപ്പുറത്തു കിടക്കുന്ന ഡാക്ടരുടെ കുറിപ്പിൽ നിന്നും അതു ഞാൻ ഗ്രഹിച്ചു.

"അങ്ങനെയാണോ?"

"അതെ,"

## XII

സൂര്യൻ അസ്തമിച്ചിട്ട് ഒരു നാഴിക കഴിഞ്ഞിരിക്കണം. വീഥിയിലെ വൈദ്യുതദീപങ്ങളെല്ലാം പ്രദീപ്തങ്ങളായി. ചന്ദ്രൻ പൂനിലാവു ചൊരിഞ്ഞുകൊണ്ടിരുന്നു. ഞാൻ ഭാനുവിലാസത്തിൽ നിന്നും ഒരു ഫാർലാങ് പ്രയാണം ചെയ്തപ്പോൾ മദ്ധ്യവയസ്കനായ ഒരാൾ എന്നെ സമീപിച്ചു വന്ദിച്ചു. "നിങ്ങൾക്കു എന്തുവേണം." ഞാൻ അയാളോടു ചോദിച്ചു. "അവിടുത്തേയ്ക്കു ഒരു കത്തുണ്ട്." വിനീതഭാവത്തിൽ അയാൾ മറുപടി നല്കി കത്തെനിക്കു

നീട്ടി. ഞാൻ അതു വാങ്ങി. വസന്തകുമാറിന്റെ കത്താണ് അതെന്ന് അക്ഷരങ്ങളുടെ വടിവും വെടിപ്പും കൊണ്ട് മനസ്സിലായി. ഞാൻ അശ്വാസ്ഥ്യസമന്വിതം ചോദിച്ചു. "ഈ കത്തു നിങ്ങൾക്ക് ആരു തന്നു."

"ഇത്രയും നേരമായി തൊഴിലൊന്നും കിട്ടാതെ ഞാൻ പാർക്കു റോഡിൽകൂടി അങ്ങോട്ടുമിങ്ങോട്ടും അലഞ്ഞുനടന്നു. അപ്പോൾ ഒരാൾ ഈ കത്തു അവിടുത്തെ പക്കൽ ഏല്പിക്കാമോ എന്നു ചോദിച്ചു. അതിനു പ്രതിഫലമായി നാലണ തരാമെന്നും പറഞ്ഞു. ഞാൻ സമ്മതിച്ചു. നാലണ—എനിക്കു വലിയ സന്തോഷമായി. ഞാൻ ഭാനു വിലാസത്തിലേക്ക് അതിവേഗം ഓടി."

"എന്നെ നിങ്ങൾക്കെങ്ങനെ പരിചയം."

"കൊള്ളാം. അങ്ങയെപ്പോലെ പ്രസിദ്ധനായ ഒരാളെ ഞങ്ങൾക്കറിയാൻ പാടില്ലെന്നോ ? "

"ഞാൻ ഭാനുവിലാസത്തിലാണെന്നു എങ്ങനെ മനസ്സിലായി ? "

"അങ്ങ് ഇപ്പോൾ ഭാനുവിലാസത്തിൽ കാണുമെന്ന് ഈ കത്ത് എന്നെ ഏല്പിച്ച ആൾ പറഞ്ഞു. അഥവാ അവിടെ ഇല്ലെങ്കിൽ അങ്ങയുടെ വീട്ടിലെങ്കിലും ഇന്നു തന്നെ എത്തിക്കണമെന്നാണു നിർദ്ദേശം."

"ഈ കത്തു നിങ്ങളെ ഏല്പിച്ച ആളിന്റെ പേരു പറയാമോ ? "

"അതൊന്നും എനിക്കറിയാൻ പാടില്ല. ഞാൻ ഇതിനു മുമ്പ് അദ്ദേഹത്തെ കണ്ടിട്ടില്ല."

"അദ്ദേഹത്തിൻെറ ആകൃതിയും മററും പറയാൻ സാധിക്കുമോ! എൻെറ സ്നേഹിതന്മാർ ആരെങ്കിലുമാണൊ എന്നറിയാനാണു്."

"അതൊന്നും ഞാൻ അത്ര ശ്രദ്ധിച്ചില്ല. ഈ ദേശത്തുകാരനാണെന്നും തോന്നുന്നില്ല. ഒരു മാന്യനാണ് അദ്ദേഹം. ഒരു ചെറുപ്പക്കാരൻ. കാഴ്ചയ്ക്കു് തരക്കേടില്ല. അല്പം വെളുത്തതും മെലിഞ്ഞതുമായ ശരീരം. ഇതിൽ കൂടുതൽ അറിവു് എനിക്കു തരാൻ പ്രയാസമാണു്."

"ആരാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ശരി. നിങ്ങൾ ഇനി അദ്ദേഹത്തെ എപ്പോൾ കാണും."

"ഞങ്ങൾ തമ്മിൽ കാണുമോ എന്നു സംശയമാണു്. ഈ കത്തു കൊടുത്തിട്ടു് എൻെറ വഴിക്കു പോകാൻ അദ്ദേഹം പറഞ്ഞു. ഇനി തമ്മിൽ കാണുകയാണെങ്കിൽ ഞാൻ എല്ലാം ചോദിച്ചു മനസ്സിലാക്കാം."

എന്നെ തേടിപ്പിടിച്ചു് കത്തു കൊണ്ടുതന്നതിൽ ഞാൻ സന്തുഷ്ടനായി നാലണ ആ സാധുവിനു കൊടുത്തു. പാരിതോഷികമായി നല്കിയ തുക അയാൾ ഭക്തിപൂർവ്വം വാങ്ങി എന്നെ വന്ദിച്ചു മടങ്ങി.

കത്തിലെ ഉള്ളടക്കം എന്താണെന്നറിവാൻ ഞാൻ അക്ഷമനായി. ഞ്ഞതെരുവിലെ ദീപത്തിനോടു വളരെ സമീപിച്ചുനിന്നു ഞാൻ കത്തു പൊട്ടിച്ചു. എൻെറ സമീപത്തുകൂടി ധാരാളം ആളുകളും വാഹനങ്ങളും ഗതാഗതം ചെയ്തുണ്ടായിരുന്നു. സ്ഥലനാമമോ, തീയതിയോ ആ കത്തിൽ ഉണ്ടായിരുന്നില്ല.

“പ്രിയപ്പെട്ട ചന്ദ്രൻ,

ഈ കത്തു വായിക്കുമ്പോൾ നിങ്ങൾക്കു പരിഭ്രമവും വിസ്മയവുമുണ്ടാവാം. ചിലപ്പോൾ എന്നോട്ട് അതിരു കവിഞ്ഞ രോഷവും തോന്നാം. അതിനൊന്നിനും കാരണഭൂതൻ ഞാനല്ല. എല്ലാം ക്രമേണ നിങ്ങൾക്കു മനസ്സിലാകും.

ഹൈവിഗ്രോവിലെ സംഭവം ആകസ്മികമാണ്. രമേശനും മറെറാരു മാന്യയായ സ്ത്രീയുമാണ് അതിനുത്തരവാദികൾ. ആ സ്ത്രീയുടെ സൽപേരിനും രക്ഷയ്ക്കുമായി ഞാൻ ഇപ്പോൾ ഒളിവിൽ പാർക്കുന്നു. ഞാൻ പ്രത്യക്ഷപ്പെട്ടാൽ ഒന്നും മറച്ചുവയ്ക്കാതെ സർവവും പോലീസുകാരെ ധരിപ്പിക്കേണ്ടിവരും. അങ്ങനെയാണെങ്കിൽ ആരെല്ലാം അതിൽ കുടുങ്ങുമെന്ന് എനിക്കറിയാം.

രമേശൻ എൻെറ അധീനതയിലാണ് ഇപ്പോഴും. അയാളെ നിങ്ങളെ ഏല്പിക്കുന്നതിൽ എനിക്കു വിരോധമില്ല. പക്ഷെ എന്നെ കുഴപ്പത്തിലാക്കരുതെന്നൊരപേക്ഷയുണ്ട്.

എൻെറ ഇപ്പോഴത്തെ വാസസ്ഥലം വളരെ ഗൂഢമായ ഒരു സ്ഥലത്താണ്. ഒരു മനുഷ്യജീവിക്കും ആ പ്രദേശം കണ്ടുപിടിക്കാൻ സുസാദ്ധ്യമല്ല. രഹസ്യമായി വച്ചുകൊള്ളാമെങ്കിൽ എൻെറ ഇപ്പോഴത്തെ വാസസ്ഥലത്തു് ഒരിക്കൽ നിങ്ങളെ കൂട്ടിക്കൊണ്ടുപോകാം. ഞാനെത്രനാളിങ്ങനെ കഴിക്കേണ്ടിവരുമെന്ന് ഒരു നിശ്ചയവുമില്ല.

എനിക്കു പല സംഗതികൾ നിങ്ങളോടു സംസാരിച്ചാൽ കൊള്ളാം. എന്നെ സന്ദർശിക്കണമെന്ന് നിങ്ങൾക്ക്

അനുഗ്രഹമുണ്ടെങ്കിൽ ഇന്നു രാത്രി കൃത്യം പതിനൊന്നുമണിക്കു കൃപലാനി സ്ട്രീററിലുള്ള പതിനേഴാം നമ്പർ ഗൃഹത്തിലെ മൂന്നാം നമ്പർ മുറിയിൽ വരിക. ആകാംക്ഷയോടുകൂടി ഞാൻ കാത്തിരിക്കും. ഈ കത്ത് വളരെ രഹസ്യമായി സൂക്ഷിച്ചുകൊള്ളണമെന്നപേക്ഷ.

നിങ്ങളുടെ ഉത്തമസുഹൃത്ത്,

വസന്തകുമാർ.”

കത്തു വായിച്ചു തീർന്നപ്പോൾ നേത്രങ്ങളിൽ ഒരു മൂടൽ വ്യാപിച്ചതുപോലെ എനിക്കു തോന്നി. വസന്തകുമാറിൻെറ ഒരു കത്ത് ഞാൻ സ്വപ്നേപി പ്രതീക്ഷിച്ചിരുന്നില്ല. അദ്ദേഹം ഐവിർഗ്രാവിലെ സംഭവത്തിനുശേഷം നവപുരം വെടിഞ്ഞിരിക്കണമെന്നു ഞങ്ങളെല്ലാവരും ധരിച്ചിരുന്നു. നവപുരം പോലീസുകാരുടെ സൂക്ഷ്മദൃഷ്ടികളിൽപ്പെടാതെ വസന്തകുമാർ രമേശനോടുകൂടി അജ്ഞാതവാസം ചെയ്യുന്നതു് അത്ഭുതാവഹമായി തോന്നി. നേത്രങ്ങളിലെ മൂടൽ മാറിയപ്പോൾ ഞാൻ വീണ്ടും ആ കത്ത് സൂക്ഷ്മനിരീക്ഷണം ചെയ്തു. കയ്യെഴുത്തും ഒപ്പും വസന്തകുമാറിൻെറ തന്നെ. ഏതായാലും അദ്ദേഹവുമായുള്ള സന്ദർശനത്തിൽ സകലതും ഗ്രഹിക്കാമല്ലോ എന്നോർത്ത് ഞാൻ ചാരിതാർത്ഥ്യം പൂണ്ടു. എൻെറ ശരീരം കോരിത്തരിച്ചു.

# XIII

മണി പതിനൊന്നു കഴിഞ്ഞു. ആ രാത്രിയിൽ വളരെ പ്രയാസപ്പെട്ടു് കൃപലാനിസ്ട്രീററിലുള്ള പതിനേഴാം നമ്പർ ഗൃഹം ഞാൻ കണ്ടുപിടിച്ചു. പ്രധാന വാതിൽ പൂട്ടിയിരുന്നില്ല. ഞാൻ ധൈര്യസമേതം വാതിൽ തള്ളിത്തുറന്നു് അകത്തേക്കു കടന്നു. എൻെറ കൈവശമുണ്ടായിരുന്ന ദീപം പ്രകാശിപ്പിച്ചു് വിശാലമായ അങ്കണത്തിൽകൂടി മറുവശത്തു സ്ഥിതിചെയ്തിരുന്ന സൌധത്തിലേക്കു നടന്നു. അതിൻെറ വിശാലവും ദീർഘവുമായ വരാന്തയിൽകൂടി ഞാൻ മൂന്നാം നമ്പർ മുറിയുടെ സമീപത്തെത്തി. മുറിയ്ക്കകം പ്രഭാപൂരിതമായിരുന്നു. ശീഘ്രഗതിയിലുള്ള ഹൃദയത്രസനം അടക്കിക്കൊണ്ടു് ഞാൻ വാതിലിൽ മുട്ടി. "അകത്തേക്കു വരാം" എന്നുള്ള അപരിചിതമായ ഒരു സ്വരം എൻെറ കർണ്ണപുടങ്ങളിൽ പതിഞ്ഞു. ഞാൻ അകത്തു പ്രവേശിച്ചപ്പോൾ പ്രത്യക്ഷപ്പെട്ടതു് ഒരാൾ എൻെറ നേർക്കു് ദൃഷ്ടികൾ ഉന്നമിപ്പിച്ചുകൊണ്ടിരിക്കുന്നതാണു്.

"നിങ്ങൾക്കു ആരെ കാണണം" ആ അപരിചിതൻ എന്നോടു സഗൗരവം ചോദിച്ചു.

"എൻെറ ഒരു സ്നേഹിതനെ സന്ദർശിക്കാനാണു വന്നതു്. അദ്ദേഹം ഇവിടെ ഇല്ലല്ലോ."

“ നിങ്ങളുടെ സ്നേഹിതൻ ആരാണെന്നറിയാതെ ഞാൻ എന്തു പറയണം.”

“ എനിക്കു തെററിപ്പോയിരിക്കാം. എൻെറ സ്നേഹിതൻ എന്നെ പ്രതീക്ഷിച്ചിരിക്കുമെന്നു പറഞ്ഞ സ്ഥലം ഇതായിരിക്കുകയില്ല. ഞാൻ നിങ്ങളെ ഉപദ്രവിച്ചതിൽ സദയം ക്ഷമിക്കണേ.”

“മി. ചന്ദ്രൻ, നിങ്ങൾ ഇച്ഛാഭംഗപ്പെട്ട് പോകുകയാണോ.? നിങ്ങൾക്കു തെററിയില്ല. കൃപലാനിസ്ട്രീററിൽ പതിനേഴാം നമ്പർ ഗൃഹത്തിലെ മൂന്നാം നമ്പർ മുറിയിലാണ് നാം ഇപ്പോൾ. നിങ്ങളുടെ സ്നേഹിതൻ വസന്തകുമാർ കത്തിൽ പ്രസ്താവിച്ചിട്ടുള്ള സ്ഥലം ഇതുതന്നെ. നിങ്ങൾ പരിഭ്രമിക്കാതെ ഇവിടെ ഇരിക്കൂ.”

“ നിങ്ങൾ വസന്തകുമാറിനെ അറിയുമോ.? ഈ വിവരങ്ങൾ നിങ്ങൾ എങ്ങനെ അറിഞ്ഞു. അതെല്ലാം രഹസ്യമാണല്ലോ.”

“ അതെ. എല്ലാം വളരെ രഹസ്യമാണ്. എന്നാൽ വസന്തകുമാർ നിങ്ങൾക്കു തരാൻ ആ കത്ത് എന്നെയാണ് ഏല്പിച്ചത്. മറെറന്തോ അത്യാവശ്യമുള്ളതിനാൽ അദ്ദേഹത്തിനു ഇങ്ങോട്ടു വരാൻതരപ്പെട്ടില്ല. അദ്ദേഹത്തിൻെറ പ്രതിപുരുഷനായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. ഇപ്പോൾ മനസ്സിലായോ ?”

“ ദയവായി നിങ്ങൾ ആരാണെന്നു പറയുമോ ?”

“ ഞാൻ മി. വസന്തകുമാറിൻെറ ഒരു വിശ്വസ്തമിത്രമാണ്.”

“ വസന്തകുമാർ ഈ വിവരം എന്നോടു പറഞ്ഞിട്ടി ല്ലല്ലോ.”

“ സാരമില്ല. ജീവിതരഹസ്യങ്ങൾ എല്ലാ സുഹൃത്തു ക്കളും അന്യോന്യം അറിയിക്കുമോ ? അതുകൂടാതെ വസന്ത കുമാർ നിങ്ങളോടു് അദ്ദേഹത്തിൻെറ ജീവിതരഹസ്യങ്ങൾ വല്ലതും പറഞ്ഞിട്ടുണ്ടോ.”

“ ഞാൻ അറിയണമെന്നു ആഗ്രഹിച്ചുമില്ല.”

“ നിങ്ങൾ എന്നെ കണ്ടിട്ടില്ലേ ?”

“ ഞാൻ ഓർമ്മിക്കുന്നില്ല.”

“ കൊള്ളാം. ഏതാനും മണിക്കൂറിനുമുമ്പു് ഐവി ഗ്രോവിൽ വച്ചു് നിങ്ങൾ എന്നെ കണ്ടില്ലേ. ഇത്ര പെട്ടെന്നു മറന്നുപോയോ ?”

“ ക്ഷമിക്കണേ ! ഞാൻ നിങ്ങളെ കണ്ടിട്ടേ ഇല്ല.”

“ കഷ്ടം. ശാന്താദേവിയുടെ പിതൃവ്യപുത്രനായി ഒരാൾ ഐവിഗ്രോവിൽ വന്നില്ലേ. അതു ഞാനാണു്.”

“ ഇല്ല. ഞാൻ അതു വിശ്വസിക്കുകയില്ല.”

“ നിങ്ങളെ ഞാൻ വിശ്വസിപ്പിക്കാം. നോക്കൂ. എനിക്കു് അപ്പോൾ കണ്ണട ഉണ്ടായിരുന്നില്ല. എൻെറ തലമുടി ചീകിയിരുന്നതു് ഈ വിധത്തിലല്ലായിരുന്നു. ഇപ്പോഴത്തെ എൻെറ വേഷം യൂറോപ്യൻ രീതിയിലല്ലേ. പെട്ടെന്നുള്ള എൻെറവേഷപ്പകർച്ചകൊണ്ടാണു് നിങ്ങൾക്കു സംശയം. എൻെറ മുഖത്തേക്കു് ഒന്നു സൂക്ഷിച്ചു നോക്കൂ. അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. എന്നെ നല്ല പരി

ചയമില്ലാത്ത ആളുകൾക്ക് എൻെറ വേഷപ്പകർച്ചകൊണ്ടു് പലപ്പോഴും തെററിയിട്ടുണ്ടു്."

ഞാൻ അദ്ദേഹത്തിൻെറ മുഖത്തേക്ക് വളരെ നേരം സൂക്ഷിച്ചു നോക്കി. എൻെറ സംശയം അസ്തമിച്ചു. അദ്ദേഹം പറഞ്ഞതു് വാസ്തവമായിരുന്നു. ഞാൻ മന്ദഹസിച്ചുകൊണ്ടു് സംബോധന ചെയ്തു. "മി. മോഹൻദാസ്."

"അതെ നിങ്ങൾക്ക ഇപ്പോൾ എന്നെ മനസ്സിലായി. കാളെജിലും മററും സാധാരണ നടക്കാറുള്ള വേഷപ്രച്ഛന്ന മത്സരങ്ങളിൽ ഞാനും ഭാഗഭാക്കാകാറുണ്ടു്. അപ്പോഴെല്ലാം വിഷമമെന്യേ പ്രഥമസ്ഥാനം ഞാനാണു് കരസ്ഥമാക്കുക. നിങ്ങളെ ഞാൻ കുറെ വിഷമിപ്പിച്ചു."

"അതു സാരമില്ല. നിങ്ങളും വസന്തകുമാറും ആത്മസുഹൃത്തുക്കളായതു എങ്ങനെ എന്നു പറയുമോ?"

"പറയാം. പക്ഷെ മററാരും അതൊന്നും അറിഞ്ഞിട്ടില്ല."

"ഞാൻ അറിയുന്നതുകൊണ്ടു് നിങ്ങൾക്ക യാതൊരു പദ്രവവും ഉണ്ടാകുകയില്ലെന്നു് ഉറപ്പു തരുന്നു."

"അതെനിക്കറിയാം. നിങ്ങൾ അദ്ദേഹത്തിൻെറ ഉത്തമനായ ഒരു സുഹൃത്താണെന്നും വാദാനം സൂക്ഷ്മതയോടു പാലിക്കുമെന്നും വസന്തകുമാർ പറഞ്ഞിട്ടുണ്ടു്. ശാന്തയും, വസന്തകുമാറും തമ്മിൽ പരസ്പരം പ്രണയബദ്ധരായിരുന്നു. ആ വഴിക്ക ഞാനും വസന്തകുമാറും സുഹൃത്തുക്കളായി."

"പരമാർത്ഥമായ ഒരു പരമരഹസ്യം അല്ലേ? അദ്ദേഹവുമായുള്ള എൻെറ സഹവാസത്തിനിടയ്ക്കു് ഇതിൻെറ ഒരു സൂചനപോലും ലഭിച്ചില്ല. പ്രണയം ഒളിച്ചുവയ്ക്കാൻ സാധിക്കുന്നതാണോ. ? അതു് എപ്പോഴെങ്കിലും ശക്തിയായി പ്രകാശിക്കുന്നതല്ലേ? അദ്ദേഹത്തിനു് അതെങ്ങനെ സാധിച്ചു."

"വളരെനാളായി വളർന്നു വന്നതാണു്. മി. ചന്ദ്രൻ, ഇവിടെ അശേഷം കാററില്ല. നമുക്കു പുറത്തേക്കിറങ്ങാം. നിങ്ങൾക്കു ദാഹിക്കുന്നില്ലേ. നമുക്കു അടുത്തുള്ള റാംമോഹൻ ഹോട്ടലിൽ പോയി അല്പമെന്തെങ്കിലും കഴിക്കാം."

"എനിക്കിപ്പോൾ ഒന്നും വേണ്ട. ഞാൻ ഊണു കഴിച്ചിട്ടു് അധികനേരമായില്ല. രണ്ടു മണിക്കൂറെങ്കിലും കഴിയാതെ എങ്ങനെയാണു് വീണ്ടും ആഹാരം കഴിക്കുക. അതു് ആരോഗ്യത്തിനു ഹാനികരമാണല്ലോ."

"ഈ വേനൽക്കാലത്തു് കുറെ ശീതള പാനീയം കഴിക്കുന്നതുകൊണ്ടോ? വരു. അല്ലെങ്കിൽ പിന്നെ ഒരു സുഖവുമില്ല."

ഞങ്ങൾ ഇരുവരും റോഡിൽ ഇറങ്ങി. എതിർവശത്തുള്ള റാംമോഹൻ ഹോട്ടലിലേയ്ക്കു നടന്നു. രാത്രി അതിക്രമിച്ചിട്ടും പട്ടണത്തിലെ ബഹളം ശമിച്ചില്ല. ഗതാഗതതടസ്സംകൊണ്ടു് റോഡു കടന്നു മറുവശത്തെത്തുന്നതിനു് ഞങ്ങൾക്കു അധികം നേരം വേണ്ടിവന്നു. "നമുക്കു് മട്ടുപ്പാവിൽ പോകാം. അവിടെ നല്ല കാററുണ്ടായിരിക്കും. മററുപദ്രവങ്ങളുമില്ല." എന്നു മോഹൻദാസ്സ് എന്നോടും, "കുറെ ശീതളപാനീയവും മധുരഫലങ്ങളും കൊണ്ടു വരു."

എന്നു് ഞങ്ങളെ സ്വീകരിക്കാൻ ആഗതനായ ഭൃത്യനോടും പറഞ്ഞു. മോഹൻദാസ് കോണിപ്പടി കയറി. ഞാനും അദ്ദേഹത്തെ അനുഗമിച്ചു.

മട്ടുപ്പാവിൽ കുളുർമ്മയുള്ള കാററു് വീശുന്നുണ്ടായിരുന്നു. ഒരു അണ്ഡാകൃതിയിലുള്ള മേശയ്ക്കു സമീപം കിടന്ന രണ്ടു കസാലകളിൽ ഞങ്ങൾ ഉപവിഷ്ടരായി. ആകാശം അർദ്ധചന്ദ്രനാൽ പ്രകാശിച്ചു. താമസംവിനാ മധുരഫലങ്ങളും ശീതളപാനീയവും മേശപ്പുറത്തു നിരത്തി.

"നിങ്ങൾ പോകൂ" മോഹൻദാസ്സ് ഭൃത്യനോടു പറഞ്ഞു. "കുറെ കഴിഞ്ഞിട്ടു ഇങ്ങോട്ടു വന്നാൽ മതി."

ഭൃത്യൻ പോയി. അനന്തരം ഞാൻ പറഞ്ഞു. "എനിക്കു് ഇപ്പോൾ ഇതിന്റെ യാതൊരാവശ്യവുമില്ല. എന്തിനാണു് ഈ വിലകൂടിയ പദാർത്ഥങ്ങളെല്ലാം വരുത്തിയതു്."

"ഞാൻ നിങ്ങളെ വെറുതെയിരിക്കാൻ അനുവദിക്കുകയില്ല. ഈ വേനൽക്കാലത്തു ഇതൊക്കെ ചെന്നില്ലെങ്കിൽ വയററിനു് ഒരു സുഖവും കാണുകയില്ല. നിങ്ങളും ഇതിൽ സഹകരിച്ചേ മതിയാകൂ."

മോഹൻദാസ്സിന്റെ നിർബന്ധം സഹിക്കവഹിയാതെ ഞാൻ ഓരോന്നു തൊട്ടും ഭക്ഷിച്ചും ഇരുന്നു.

"മി. ചന്ദ്രൻ നിങ്ങൾക്കു വസന്തകുമാരിനെ അറിയിക്കാനുള്ളതെല്ലാം എന്നോടു പറയാം. ഞാൻ അന്യനല്ല; നിങ്ങൾ ഇരുവരുടെയും സുഹൃത്താണു്. പോരെങ്കിൽ

എന്നെ പ്രതിപുരുഷനായി അദ്ദേഹം നിയോഗിച്ചിരിക്കുക യുമാണല്ലോ. ”

“ എന്നാൽ ഞാൻ ഒന്നു ചോദിക്കട്ടെ. ഐവിഗ്രോവിലുണ്ടായ സംഭവങ്ങളെപ്പററി വല്ല വിവരവും നിങ്ങൾക്കു തരാൻ കഴിയുമോ. ? അവിടെ ശാന്തയെക്കൂടാതെ ഒരു സ്ത്രീ ഉണ്ടായിരുന്നല്ലോ. അതാരാണെന്നറിയാൻ എനിക്ക് വളരെ ഉൽകണ്ഠയുണ്ട്. ”

“ അതിൻെറ വിശദവിവരങ്ങൾ നല്കാൻ എനിക്കു വസന്തകുമാറിൻെറ അനുവാദമില്ല. പക്ഷെ, അതു് നിങ്ങളേയും, ലീലാവതിയേയും, വസന്തകുമാറിനേയും, രമേശനേയും ഒന്നുപോലെ ബന്ധിക്കുന്നതാണെന്നു മാത്രമേ എനിക്ക് പറയാൻ സാധിക്കുകയുള്ളു. ഇതിലധികം വല്ല വിവരവും ലഭിക്കണമെങ്കിൽ അതു് വസന്തകുമാറിനോട്ടു് ചോദിക്കുകയാണുത്തമം. അദ്ദേഹം എല്ലാം നിങ്ങളോട്ടു് പറയാതിരിക്കുകയില്ല. ”

“എന്നെയും ലീലാവതിയേയും കൂടി സംബന്ധിക്കുന്നതോ: ? ”

“ അതെ. ”

“ അതെന്താണെന്നു പറയുമോ. ? ”

“ എനിക്കു പറയാൻ പാടില്ല. പോകട്ടെ. അതു നിസ്സാരമായ ഒരു കാര്യം. നിങ്ങളിരുവർക്കും രക്ഷപ്രാപിക്കാം. വസന്തകുമാർ നിങ്ങളെ സഹായിക്കും. അദ്ദേഹത്തെ മററു വല്ലതും അറിയിക്കാനുണ്ടോ. ? ”

"വസന്തകുമാറിനെ ഒന്നു കാണാൻ എനിക്ക് സൌകൎയ്യമുണ്ടാകുമോ. ?"

"അതിനു നാലഞ്ചുദിവസത്തെ താമസം നേരിടും. അതുവരെ ക്ഷമിച്ചിരിക്കണം. ഞാൻ കത്തയക്കുകയോ നമുക്കു രണ്ടാൾക്കുമായി പോകുകയോ ചെയ്യാം. ? കത്തയക്കുകയാണെങ്കിൽ എവിടെ എത്തണമെന്നും അറിയിക്കാം."

"ശരി; ഇങ്ങനെ സംസാരിച്ചു് സമയം കളയുന്നതുകൊണ്ടു പ്രയോജനമില്ല. നിങ്ങളും വെറുതെ ഉറക്കമിളയ്ക്കുന്നു. ഞാൻ പോകട്ടെ."

"മി. ചന്ദ്രൻ, ഞാൻ നാളെ രാവിലെ പോകുന്നു. കാളെജ് തുറക്കുന്നതുവരെ ഇങ്ങനെ സഞ്ചരിക്കും. ഇനി എന്നെ കണ്ടാൽ നിങ്ങൾക്കു തെറ്റുകയില്ലല്ലോ."

"ഇല്ലെന്നാണു തോന്നുന്നതു്."

കരതലാശ്ലേഷാനന്തരം ഞങ്ങൾ പിരിഞ്ഞു.

## XIV

അനേകം അവിചാരിതസംഭവങ്ങൾക്കു ശേഷം ശരീരത്തിനും മനസ്സിനും വിശ്രമം അന്നത്തെ രാത്രിയിൽ എനിക്കു് അപരിഹരണീയമായി തോന്നി. എൻെറ ജീവി

ത്തിൽ കഴിഞ്ഞ മറെറല്ലാ രാത്രികളെക്കാളും അന്നത്തെ രാത്രി അന്ധകാരപൂർണ്ണവും വികാരാധീനവുമായിരുന്നു. സ്വപ്നേപി ചിന്തിക്കാത്ത എത്രയെത്ര സംഭവങ്ങളാണു് ഒരു കൊള്ളിമീൻപോലെ പ്രത്യക്ഷപ്പെട്ടതും അസ്തമിച്ചതും.

എൻെറ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു് വസന്തകുമാറിൻെറ കത്തു്, മോഹൻദാസ്സും ഞാനും തമ്മിലുള്ള സംഭാഷണം, എന്നിവയെപ്പററി ഗഹനമായി പലതും ചിന്തിച്ചു. മാന്യയായ ഒരു സ്ത്രീയുടെയും മററു ചിലരുടെയും രക്ഷയെ കരുതിയാണു് വസന്തകുമാർ ഗ്രന്ഥമായ ഒരു സ്ഥലത്തു വസിക്കുന്നതെന്നു് അദ്ദേഹത്തിൻെറ കത്തിൽനിന്നും വിശദമായിരുന്നു. ആ മാന്യസ്ത്രീ ലീലയായിരിക്കുമോ ? ഞങ്ങൾ അന്യോന്യം ഹൃദയം തുറന്നു് വിശ്വസിച്ചു സ്നേഹിച്ചാരാധിച്ചു തുടങ്ങിയിട്ടു് ആനന്ദപ്രദമായ കൊല്ലങ്ങൾ പലതു കഴിഞ്ഞു. ആസന്നഭാവിയിൽ ഈശ്വരപ്രസാദത്താൽ ഞങ്ങൾ ദാമ്പത്യജീവിതത്തിൽ പ്രവേശിക്കും.

പരസ്പരവിരുദ്ധങ്ങളായ പല കാരണങ്ങളാൽ ലീലയെ സംശയിക്കുന്നതിനും സംശയിക്കാതിരിക്കുന്നതിനും കഴിഞ്ഞു. ചിററമ്മയുടെ പ്രഖ്യാപനം എൻെറ ഹൃദയത്തിൽ പ്രബലമായി ഉദിച്ചിരുന്ന സംശയത്തെ നിവാരണം ചെയ്തു. അഭീന്ദ്രൻ എന്നെ കാണിച്ച സാരിപിൻ ലീലയുടേതല്ലെന്നുള്ളതു് നിർവിവാദമായിരുന്നു. അവൾക്കു എന്തെല്ലാം ആഭരണങ്ങളുണ്ടെന്നും മററും എനിക്കു നിശ്ചയമുണ്ടു്. ഞാൻ മുഖാന്തരമല്ലാതെ യാതൊന്നും ലീല പുറമേനിന്നും വാങ്ങാറുമുണ്ടായിരുന്നില്ല.

എൻെറ സംശയങ്ങൾ ഞാൻ തന്നെ ഏറക്കുറെ നിവാരണംചെയ്തു. എങ്കിലും, ഫൈവിഗ്രോവിൽ അന്നത്തെ അർദ്ധരാത്രിയിൽ ലീല സന്നിഹിതയായിരുന്നോ എന്നും, അവിടെനിന്നു ലഭിച്ച കൈലേസിൻെറ ഉടമസ്ഥ അവളാണോ എന്നും പൂർണ്ണസുഖമുണ്ടായശേഷം ചോദിക്കണമെന്നു് ഞാൻ തീരുമാനിച്ചു.

വസന്തകുമാറും ശാന്തയും തമ്മിലുള്ള പ്രണയം വിശ്വസനീയമോ ? അദ്ദേഹം സ്ത്രീകളെ ഹൃദയപൂർവ്വം വെറുക്കുന്നു എന്നാണു പറഞ്ഞിട്ടുള്ളതു്. ആ അഭിപ്രായം പ്രണയത്തിൽ നിരാശപ്പെട്ടതിനാലായിരിക്കാം. മോഹൻദാസ് എന്നെ കബളിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഒരു നിയമവിദ്യാർത്ഥിക്കു് എന്നെ കബളിപ്പിച്ചിട്ടു് എന്തു സാഫല്യം സിദ്ധിക്കുന്നു.

രമേശൻ എവിടെയായിരിക്കും ? അയാളെ വസന്തകുമാർ പോലീസ്സിൽ ഏല്പിക്കാതിരിക്കുന്നതിനുള്ള കാരണം ആർക്കറിയാം. ഒരു സംഭവത്തെ അനുബന്ധിച്ചു് പല സംഭവങ്ങളുണ്ടാകാം ? ആരെല്ലാം ഈ കുഴഞ്ഞ കേസ്സിൽ കുടുങ്ങുമോ. ?

എനിക്കു ലഭിച്ച വൃത്താന്തങ്ങൾ അഭീന്ദ്രനോടു ഉടനെ പറയുന്നതു് നന്നായിരിക്കുകയില്ലെന്നു ഞാൻ നിശ്ചയിച്ചു. സത്യാവസ്ഥ അറിയാതെ വല്ലതും പ്രവർത്തിച്ചാൽ അതു നിരപരാധികൾക്കു ഉപദ്രവകരമാകും. പരഹൃദയത്തെ വേദനിപ്പിക്കുന്നതു എൻെറ ആദർശങ്ങൾക്കു വിപരീതമായിരുന്നു.

എന്നെ ഒരു കശ്മലൻ വധിച്ചു എന്നും, അങ്ങനെ ഞങ്ങളുടെ ആശാസൗധം തകർന്നു എന്നുമുള്ള ലീലയുടെ സ്വപ്നം എനിക്കും ഭീതിയുളവാക്കി. മരിക്കാൻ എനിക്കു ഭയമില്ല. പക്ഷെ വേദന അനുഭവിച്ച് ഈ ഹൃദയം നീറിയുള്ള ഒരു അന്ത്യം എനിക്കു സ്മരിക്കുവാൻകൂടി വയ്യ. എൻെറ ചിന്താസരണി ഈ വിധം ദുർഗ്ഗമമായ മാർഗ്ഗങ്ങളിൽകൂടി സഞ്ചരിച്ചു. ഒടുവിൽ നിദ്രാദേവി എന്നെ ആലിംഗനം ചെയ്യാൻ അടുത്തണഞ്ഞു. അല്പസമയം കൊണ്ട് ഞാൻ സർവവും മറന്ന് അവളുടെ പരിരംഭണസുഖത്തിൽ ലയിച്ചു.

## XV

അന്നു പുലരിയിൽ മുറിയിലിരുന്നു അച്ചടിക്കാൻ പ്രസ്സിൽ ഏല്പിക്കുന്നതിന് എൻെറ ഒരു നോവൽ പരിശോധിക്കുകയായിരുന്നു. ഏതാനും പേജുകൾ വായിച്ചു കഴിഞ്ഞപ്പോൾ സുപ്രഭാതം ആശംസിച്ചുകൊണ്ട് അഭീന്ദ്രൻ അവിടെ ആഗതനായി. ഞാൻ ജോലിയിൽ നിന്നും നിവൃത്തനായി പ്രത്യഭിവാദനം ചെയ്തു.

“ചന്ദ്രൻ” അഭീന്ദ്രൻ ഉപവിഷ്ടനായതിനു ശേഷം പറഞ്ഞു. “ഈ സംഭവങ്ങളുടെ ഇടയ്ക്ക് നിങ്ങളുടെ ബുദ്ധി എങ്ങനെ കേന്ദ്രീകരിക്കാൻ സാധിക്കുന്നു. എൻെറ

ഈയിടയ്ക്കുള്ള ചിന്ത മുഴുവനും ഭാനുവിലാസത്തിലും ഹൈവിഗ്രോവിലും സംഭവിച്ച കഴിഞ്ഞ കേസ്സുകൾ എങ്ങനെ കണ്ടുപിടിക്കുമെന്നാണ്. എൻെറ സ്വന്തകാര്യങ്ങൾ ആലോചിച്ചു പ്രവർത്തിക്കുന്നതിനുപോലും ഇപ്പോൾ ബുദ്ധിയെ നിയന്ത്രിക്കാൻ കഴിയുന്നില്ല."

"ഒരു തുമ്പും കിട്ടാതെ ഓരോ സംഭവങ്ങളെക്കുറിച്ച് ആലോചിച്ച് എൻെറ ബുദ്ധിയും മന്ദീഭവിച്ചിരിക്കുന്നു. ഒരു വിശ്രമത്തിനാണ് ഇതു കയ്യിലെടുത്തതു്."

"നന്നായി."

"പതിവില്ലാതെ എന്താണ് രാവിലെ ഇങ്ങോട്ട്. ഞാൻ വിചാരിച്ചു വല്ല വിശേഷ വർത്തമാനവും കൊണ്ടാണെന്ന്."

"ഞങ്ങളെപ്പോലുള്ള ഉദ്യോഗസ്ഥന്മാർക്ക് എപ്പോഴും പുതിയ വിശേഷങ്ങൾ ലഭിക്കാറില്ലേ."

"ഇന്നലെ നാം തമ്മിൽ പിരിഞ്ഞതിനു ശേഷം എന്തെങ്കിലും രഹസ്യം വെളിപ്പെട്ടോ?"

"എൻെറ അന്വേഷണത്തിൽ നിന്നും ഒരു സംഗതി അറിഞ്ഞു. വസന്തകുമാറിനെ ഇന്നലെ സായാഹ്നത്തിൽ പാർക്കു റോഡിൽ വച്ച് ചിലർ കണ്ടു എന്നു പറയുന്നു. അപ്പോൾ അദ്ദേഹം ഈ നഗരത്തിൽ തന്നെ ഒളിവിൽ പാർക്കുകയാണ്. സംസ്കാരസമ്പന്നനും കുലീനനും ആയ അദ്ദേഹത്തിന് ഞങ്ങളോടു കാര്യങ്ങളെല്ലാം തുറന്നു പറഞ്ഞാലെന്താണ്."

"അദ്ദേഹം ഈ നഗരത്തിലുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഒരു ദേശസഞ്ചാരത്തിന് അദ്ദേഹം ആഗ്രഹിച്ചിരിക്കുകയായിരുന്നു. ഈ അവസരം അതിനു വിനിയോഗിച്ചിരിക്കും."

"എന്തായാലും സിററിപോലീസുകാർക്ക് വേണ്ട നിർദ്ദേശങ്ങൾ ഇന്നുതന്നെ നല്കിയിട്ടുണ്ട്. അദ്ദേഹത്തെ കണ്ടുപിടിക്കുകയാണെങ്കിൽ ശാന്തയുടെ മൃതിക്കു കാരണഭൂതൻ ആരാണെന്നു വെളിപ്പെട്ടുമല്ലോ. അതല്ലാതെ മററു വഴിയൊന്നും ഞാൻ കാണുന്നില്ല. അദ്ദേഹത്തിനു യാതൊരുപദ്രവവും സംഭവിക്കാതെ പ്രത്യേകം കരുതിക്കൊള്ളാം. ദിവസം കഴിയുന്തോറും പുതിയ ആളുകളെ സംശയിക്കുന്നതിനും വാശിയും രോഷവും വർദ്ധിക്കുന്നതിനും കാരണമാകുന്നു. എനിക്കു വേറൊരു സംഗതികൂടി അറിയിക്കാനുണ്ട്. അന്നു ഞാൻ കാണിച്ച സാരിപിൻ ഓർക്കുന്നുണ്ടോ. അതിൻെറ ഉടമസ്ഥൻ ആരാണെന്നറിഞ്ഞു."

"അയാളുടെ പേരു പറയുന്നതുകൊണ്ടു വിഷമമില്ലല്ലോ."

"ഉണ്ടെങ്കിൽ ഞാൻ ഇതെല്ലാം പറയണമോ. ആ പിൻ പ്രസിദ്ധ സ്വർണ്ണ ഉരുപ്പടി വ്യാപാരികളായ ലാൽ ആൻറു ബ്രദേഴ്സിൽ നിന്നുമാണ് വാങ്ങിച്ചതു്. അതു വില്പനനടത്തിയിട്ട് ഒരാഴ്ചയേ കഴിഞ്ഞുള്ളു. വസന്തകുമാറിനാണ് അതു വിററതെന്നും, ഭാനുവിലാസത്തിലെ ഭൃത്യൻ രമേശനാണ് വാങ്ങാൻ ചെന്നതെന്നും ഞാൻ അറിഞ്ഞു."

"എനിക്കു മനസ്സിലായി. വസന്തകുമാർ ആ പിൻ വാങ്ങിച്ചതു് ശാന്തയ്ക്കു സമ്മാനിക്കാനാണ്."

"അതെങ്ങനെ നിങ്ങൾക്കറിയാം."

"അതൊരു രഹസ്യമാണ്. വസന്തകുമാറും ശാന്തയും പ്രണയബദ്ധരായിരുന്നു എന്നുള്ള കഥ ഞാൻ അറിഞ്ഞിട്ടുണ്ട്."

"ശരിയായിരിക്കാം. കാമിനീകാമുകന്മാർ അനുരാഗദൃഢതയ്ക്കുവേണ്ടി പല സാധനങ്ങളും പരസ്പരം വിനിമയം ചെയ്യാറില്ലേ? നിങ്ങൾക്ക നിശ്ചയമുണ്ടല്ലോ?"

"മി. അഭീന്ദ്രൻ, നിങ്ങൾ എന്നെ കളിയാക്കുകയാണോ."

"നിങ്ങളോടുള്ള അസൂയകൊണ്ട് ഞാൻ പറഞ്ഞതാണ്. എനിക്ക അങ്ങനെയൊരു പ്രണയിനിയില്ലല്ലോ. നിശ്ചയമായും ആ സാരിപിൻ വാങ്ങിയത് ശാന്തയ്ക്കു സമ്മാനിക്കാനാണ്."

"അപ്പോൾ ഐവിഗ്രോവിൽ മറെറാരു സ്ത്രീയും—"

"എന്ത്? മറെറാരു സ്ത്രീയോ?"

"അല്ല—മററു ചില സ്ത്രീകൾ അവിടെ ഉണ്ടായിരുന്നു എന്നു വിചാരിക്കാൻ ഇടയില്ലല്ലോ."

"ഇല്ലെന്നാണ് ഇപ്പോൾ തോന്നുന്നത്."

"ശരി. ആ കഥ അങ്ങനെയായി."

"ഓരോ നിമിഷം കഴിയുംതോറും സംഭവങ്ങളെല്ലാം കൂടുതൽ കുഴയുകയാണ്. അപ്പോൾ വിഷമം അധികമാകുന്നു. ഏതായാലും ഞാൻ ഒരു യാത്രയ്ക്കു വേണ്ട പരിപാടി തീർച്ചപ്പെടുത്തി. ധർമ്മതീർത്ഥത്തിൽ ഒരു സംഘം ഭീകര

പ്രസ്ഥാനക്കാരുണ്ടെന്നു് വിശ്വസനീയമായ അറിവു ലഭിച്ചിട്ടുണ്ടു്. അക്രമികളും കവർച്ചക്കാരും കൊലപാതകികളുമായ അവർ സംസ്കാരസമ്പന്നരും അഭ്യസ്തവിദ്യരുമായ ആളുകളായി വർത്തിച്ചു് ജനങ്ങളെ വഞ്ചിക്കുന്നു. ആ ഗൂഢസംഘത്തെ കണ്ടുപിടിച്ചു് അമർച്ചവരുത്തുന്നതിനും ഭാനുവിലാസത്തിലും, ഐവിഗ്രോവിലും നടന്ന അദ്ഭുതസംഭവങ്ങളുടെ സൂക്ഷ്മമറിയുന്നതിനും ഈ യാത്രയിൽ സാധിക്കുമെന്നാണു് എന്റെ വിശ്വാസം."

"എനിക്കു അങ്ങനെ ഒരു വിശ്വാസമില്ല. വെറുതെ യാത്രചെയ്തു് അലഞ്ഞുതിരിയുന്നതു് ശരീരത്തിനു ഹാനികരമെന്നേ എനിക്കു ഉപദേശിക്കാനുള്ളു."

"നിങ്ങളുടെ അഭിമതം പോലെ വീട്ടിലിരുന്നാൽ എല്ലാം ശരിയാകുമോ?"

"അതില്ല. പക്ഷെ കുറെ കാലദൈർഘ്യമുണ്ടാകാം."

"അങ്ങനെ അവസരം കാത്തിരിക്കേണ്ട ആവശ്യമില്ല."

"ഏകനായിട്ടാണോ യാത്ര?"

"അതെ. എന്റെ അഭാവത്തിൽ ഈ സംഭവങ്ങളെപ്പററി വല്ല വിവരവും ലഭിക്കുകയാണെങ്കിൽ ആ ക്ഷണത്തിൽ എന്നെ അറിയിക്കാൻ മറക്കരുതേ. ഞാൻ ഏതെല്ലാം ദിവസം എവിടെയെല്ലാമായിരിക്കുമെന്നു നിങ്ങളെ അറിയിക്കാം."

"എന്റെ സഹായം എപ്പോഴുമുണ്ടായിരിക്കും."

“ ഇന്നത്തെ രാത്രി വണ്ടിക്ക് പോകണമെന്നു നിശ്ച യിച്ചിരിക്കുകയാണ്. ”

“ ഒരു രാത്രികൊണ്ടു തീർച്ചപ്പെടുത്തിയോ. ? യാത്ര ചോദിക്കാനായിരിക്കും ഇങ്ങോട്ടു വന്നത്. ”

“ അതെ. ”

“ സൗകര്യമുണ്ടെങ്കിൽ ഞാൻ വൈകുന്നേരം സ്റ്റേഷ നിൽ വരാം. ”

“ അവിടെ വച്ചു തമ്മിൽ കാണാം. ”

## XVI

അനാരോഗ്യപരമായ കാരണങ്ങളാൽ എനിക്ക് ഏതാനും ദിവസങ്ങൾ വീടു വിട്ടു പുറത്തിറങ്ങാൻ സാധി ച്ചില്ല. അമ്മയും വാതമായി ശയ്യയെ അവലംബിച്ചിരുന്നു. സുഖമില്ലാതായതിൽപിന്നെ അമ്മയ്ക്കു ഞാൻ എല്ലായ്പോഴും അടുത്തുണ്ടായിരിക്കണമെന്നു നിർബന്ധമാണ്. ഈ ദിവസ ങ്ങളിലൊന്നിലും ഞാൻ ലീലയെ സന്ദർശിച്ചില്ല. പക്ഷെ നിത്യവും രണ്ടും മൂന്നും പ്രാവശ്യം ഫോണിൽ അവി ടത്തെ വിശേഷങ്ങൾ അത്യാർത്തിയോടുകൂടി ചോദിക്കുക പതിവായിരുന്നു. നിരാനന്ദമായി കഴിഞ്ഞ ആ ദുർദ്ദിന ങ്ങളെ ഞാൻ ഹൃദയംപൂർവ്വം ശപിച്ചു.

ഏതാനും ദിവസത്തെ വിശ്രമവും സമർത്ഥമായ വൈദ്യസഹായവുംകൊണ്ട് നഷ്ടപ്രായമായിപ്പോയ എന്റെ കായശക്തി വീണ്ടും കരഗതമായി. എനിക്ക് പൂർണ്ണസുഖം ലഭിച്ച ദിവസം; വ്യാഴാഴ്ച സന്ധ്യയ്ക്ക്, ഈശ്വരപ്രാർത്ഥന കഴിഞ്ഞു ഞാൻ അമ്മയുടെ കിടക്കറയിൽനിന്നും എന്റെ മുറിയിലേയ്ക്കു പോകാൻ തുടങ്ങി. അപ്പോൾ വിപുലൻ വേഗം ഓടി വന്നു പറഞ്ഞു. "ഒരാൾ സാറിനെ കാണാനായി പടിക്കൽ വന്നു നില്ക്കുന്നു. ആരാണെന്നു പറയുന്നില്ല. അകത്തേയ്ക്കു വരാൻ പറഞ്ഞിട്ട് അതിനും വിസമ്മതിക്കുന്നു. ഞാൻ ഇത്രയും കാലത്തിനിടയ്ക്ക് ഇങ്ങനെ ഒരു വിദ്വാനെ കണ്ടിട്ടേയില്ല."

"നേരമ്പോക്കുകാരായ എന്റെ സ്നേഹിതന്മാരിലൊരാളായിരിക്കും അത്. നിന്നെ വിഡ്ഢിയാക്കി രസിക്കാനാണ് ആ വിദ്വാന്റെ ഉദ്യമം. ഏതായാലും ഞാൻതന്നെ അങ്ങോട്ടു പോകാം."

ഞാൻ വാതില്ക്കലേക്കു നടന്നു.

"അല്ല! മി. മോഹൻദാസ്സോ. നിങ്ങൾ കത്തു് അയയ്ക്കാമെന്നാണല്ലോ പറഞ്ഞിരുന്നത്."

"അതിനു സൌകര്യപ്പെട്ടില്ല. സദയം ക്ഷമിക്കണേ. ഇന്നുതന്നെ വീണ്ടും ഇങ്ങോട്ടു മടങ്ങേണ്ട ചില പ്രധാന കാര്യങ്ങളുണ്ടായി."

"അതെന്താണ്. വസന്തകുമാർ എന്നെ എന്തെങ്കിലും അറിയിക്കാൻ ഏല്പിച്ചിട്ടുണ്ടോ?"

"ഇല്ല. വസന്തകുമാറിനെ ഞാൻ ഈയിടെ കാണാറില്ല. അദ്ദേഹത്തെപ്പററി എനിക്കു വല്ല വിവരവും ലഭിച്ചിട്ട് ഏതാനും നാളായി. എവിടെയാണെന്ന് ഒരു രൂപവുമില്ല."

"കത്തയക്കുകയില്ലല്ലേ.?"

"അങ്ങനെയാണ് എൻെറ പ്രതീക്ഷ."

"നാം ഇവിടെ നിന്നു ഇങ്ങനെ സംഭാഷണം ചെയ്താലോ. വരൂ അകത്തേയ്ക്കു പോകാം."

"ഈ ഉദ്യാനത്തിലിരുന്നു മന്ദപവനനമാസ്വദിച്ച് നമുക്കു സംസാരിക്കാം. അതാണ് എനിക്കാശ്വാസപ്രദം."

"യാത്ര ചെയ്തു ക്ഷീണിച്ചിരിക്കുന്ന നിങ്ങൾക്കു കുളിയും ഊണും അവശ്യമില്ലേ.?"

"ഞാൻ ഇന്നു രണ്ടു മണിക്ക് ഇവിടെ എത്തി. യാത്രാക്ഷീണം തീർക്കാൻ അല്പം വിശ്രമിച്ചു. അതിനുശേഷമാണ് ഇങ്ങോട്ടു പോന്നത്. നിങ്ങളുടെ ഹൃദയപൂർവ്വമുള്ള സല്ക്കാരങ്ങളെല്ലാം മറെറാരവസരത്തിൽ ഞാൻ ആനന്ദപുരസ്സരം സ്വീകരിച്ചുകൊള്ളാം."

"നിങ്ങളുടെ ഇഷ്ടംപോലെയാകട്ടെ."

"മാന്യസുഹൃത്തേ! ഞാൻ ഈ ദീർഘയാത്ര ചെയ്ത് ഇവിടെ വരാനുണ്ടായ കാരണം എന്താണെന്നു നിങ്ങൾക്കറിയാമോ. അതു നിങ്ങളുടെ ജീവിതത്തെ ഗാഢമായി സ്പർശിക്കുന്ന ഒരു കാര്യത്തിനു മുന്നറിവു നൽകാനാണ്. നിങ്ങളെ ഞാൻ ഒരാത്മസുഹൃത്തായി കരുതുന്നു. യഥാർത്ഥം

പറയുകയാണെങ്കിൽ ഞാൻ ലോകത്തിൽ കൂടുതൽ സ്നേഹിക്കുന്നതു് നിങ്ങളെയാണു്. നിങ്ങളെ ഞാൻ എപ്പോഴും സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണു്. നിങ്ങളെ ഞാൻ എപ്പോഴും ആരാധിച്ചുകൊണ്ടിരിക്കുകയാണു്."

മോഹൻദാസ്സ് പറഞ്ഞതുകേട്ടു് ഞാൻ ഭയചകിതനായി. ഒരു വിദ്യുൽപ്രപാതംപോലെ ആ വാർത്ത എന്റെ ഹൃദയത്തെ ഇളക്കിമറിച്ചു. ഞാൻ നിമിഷനേരംകൊണ്ടു് സമാധാനചിത്തനായി പറഞ്ഞു. "നിങ്ങളോടു് എനിക്കും അത്യന്തസ്നേഹമാണെന്നു പറയേണ്ടതില്ലല്ലോ. സ്നേഹിതാ! എന്റെ ജീവിതത്തെ സ്പർശിക്കുന്ന സംഗതി എന്താണെന്നു പറയൂ."

" ഈ ഉദ്യാനത്തിൽ നാം ഇരുവരുമല്ലാതെ മററു വല്ലവരുമുണ്ടോ? "

"ആരുമില്ല. നിങ്ങൾക്കു് ഉച്ചത്തിൽ എന്തും സംസാരിക്കാം. "

"ശരി. ചന്ദ്രൻ, നിങ്ങൾ ഒരു വലിയ വിപത്തിൽ കുടുങ്ങിയിരിക്കുകയാണു്. അതിൽനിന്നു രക്ഷ പ്രാപിക്കണമെങ്കിൽ എന്റെ ഉപദേശം സ്വീകരിക്കണം. നിങ്ങൾക്കു് ഒരു വലിയ ശത്രുവുണ്ടു്. ആ ശത്രുവിനെ അടിച്ചമർത്തിയാൽ നിങ്ങൾക്കു സൈ്വരമായി. പക്ഷേ നിങ്ങൾക്കു് അതിനു സാദ്ധ്യമല്ല."

" എനിക്കൊരു ശത്രുവോ. ? "

"അതെ; ഒരു പ്രബലശത്രു. നിങ്ങൾ ആ ശത്രുവിനെ സ്നേഹിച്ചു വളർത്തുകയാണു്."

“ ആ ശത്രു ആരാണ്. ? ”

“ പറയാം. നിങ്ങൾ ആരെയാണ് ജീവിതസർവസ്വമായി കരുതുന്നത്. ”

“ എൻെറ ശത്രു ലീലാവതിയോ? ” ഞാൻ ആശ്ചര്യസമന്വിതം ചോദിച്ചു.

“ അതെ. ചന്ദ്രൻ നിങ്ങൾ ക്ഷുഭിതനാകരുത്. എന്നെ തെററിദ്ധരിക്കയുമരുത്. ഞാൻ മുഴുവനും പറഞ്ഞവസാനിപ്പിക്കുന്നതിനു മുമ്പ് നിങ്ങൾ എന്നെ വെറുക്കരുതേ. നിങ്ങളുടെ ഭാവിയെപ്പററി എനിക്ക് ആശങ്കയുള്ളതുകൊണ്ടാണ് ഞാൻ ഇതെല്ലാം പറയുന്നത്. ”

“ നിങ്ങൾ വേഗം വിവരിച്ചു പറയു. എൻെറ ക്ഷമ നശിക്കുന്നു. ഇതെന്നെ ഭ്രാന്തു പിടിപ്പിക്കും. ”

“ കഷ്ടം! എന്നാൽ ഞാൻ ഒന്നും പറയുന്നില്ല. എൻെറ ഒരാപ്തമിത്രം ഭ്രാന്തനാകുന്നത് എനിക്കു സഹിക്കാവതല്ല. ”

“ ലീലയും ഞാനും തമ്മിലുള്ള ബന്ധം നിങ്ങൾക്കറിയാമോ. ? ”

“അറിയാം. ഞാൻ എല്ലാം തുറന്നു പറയട്ടെ. ലീലയുമായുള്ള നിങ്ങളുടെ സ്നേഹബന്ധം വിടുർത്തണമെന്നാണ് എൻെറ വിനീതമായ അപേക്ഷ. അവൾ നിങ്ങൾക്ക് ഒരു കഴുകുമരം നിർമ്മിച്ചിരിക്കുകയാണ്. നിങ്ങളെ അതിൽ അവൾ കയററുന്നതായിരിക്കും. അവൾ ഒരു വഞ്ചകിയാണ്. അവൾ ഒരു പിശാചാണ്. അവൾ ഒരു—”

"മതി. മതി. നിങ്ങളുടെ പ്രസംഗം നിറുത്തു." ഞാൻ ക്രുദ്ധനായി. എൻെറ നേത്രങ്ങളിൽകൂടി അഗ്നിസ്ഫുലിംഗങ്ങൾ പാറിക്കൊണ്ടിരുന്നതുപോലെ തോന്നി. ഞാൻ സ്വരം ഉയർത്തി പറഞ്ഞു. "നിങ്ങൾ എന്തസംബന്ധമാണു് സംസാരിക്കുന്നതു്. എൻെറ മുമ്പിൽ വച്ചു്, ഞാൻ ഏററവും സ്നേഹിക്കുന്ന ഒരു സ്ത്രീയെക്കുറിച്ചു്, ഈ ദോഷാരോപണങ്ങൾ ചെയ്യാൻ നിങ്ങൾക്കെങ്ങനെ ധൈര്യം വന്നു."

"ചന്ദ്രൻ ക്ഷമിക്കു. നിങ്ങൾ ദേഷ്യപ്പെട്ടാലും എന്നെ ദണ്ഡിച്ചാലും നിങ്ങളുടെ ശ്രേയസ്സിനു വേണ്ടി ഞാൻ അതു് സസന്തോഷം സഹിച്ചുകൊള്ളാം. എനിക്കും ഒരു സ്നേഹം നിറഞ്ഞ ഹൃദയമുണ്ടല്ലോ. എൻെറ ഒരു സുഹൃത്തു് അത്യാപത്തിൽപ്പെടാൻ ഞാൻ അനുവദിക്കുമോ? ഞാൻ പറയുന്നതെല്ലാം വാസ്തവമാണു്. ഈശ്വരനെ നിലനിറുത്തി ഞാൻ പറയുന്നു വാസ്തവമെന്നു്. എൻെറ ഉപദേശമനുസരിച്ചു് നിങ്ങൾ പ്രവർത്തിച്ചില്ലെങ്കിൽ അസന്നിഭാവിയിൽ പശ്ചാത്തപിയ്ക്കേണ്ടിവരും."

മോഹൻദാസ്സിൻെറ ഹൃദയാന്തർഭാഗത്തു നിന്നും ബഹിർഗമിച്ച പ്രസംഗം കേട്ടു് എൻെറ രോഷമെല്ലാം അസ്തമിച്ചു. ഞാൻ ക്ഷമാപണസഹിതം ചോദിച്ചു. "മോഹൻ, ലീല അത്ര നീചയാണോ. ?"

"അതെ; എന്നു ഞാൻ സർവശക്തികളുമുപയോഗിച്ചു പറയുന്നു. നിങ്ങളെപ്പോലുള്ളവർ അനുഭവസ്ഥരായാലേ വിശ്വസിക്കുകയുള്ളൂ."

"നിങ്ങൾക്ക് ലീല നീചയായി തോന്നാൻ അവൾ എന്തു കുററം ചെയ്തു."

"അവളുടെ ഒന്നല്ല എല്ലാ പ്രവൃത്തികളും നിങ്ങളെ കുരുക്കിൽ അകപ്പെടുത്തുന്നവയാണ്. അവളെ നിങ്ങൾ വിവാഹം ചെയ്താൽ—കഷ്ടം! ചന്ദ്രൻ! അതിൽ ഭേദം മരണമാണ്."

"ഞങ്ങൾക്കു ഒരു നിമിഷം തമ്മിൽ പിരിഞ്ഞിരിക്കാൻ സാധിക്കുകയില്ല. ഞങ്ങളുടെ പ്രണയം സുദൃഢമാണ്; നിർമ്മലമാണ്; അതു ക്രമാനുഗതമായി വളർന്നു ശക്തി പ്രാപിച്ചതാണ്. ലീല നിഷ്കളങ്ക എന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. എപ്പോഴും വിശ്വസിക്കുകയും ചെയ്യും."

"നിങ്ങൾക്കു ലീലയെ സംശയമില്ലേ. ? അന്വേഷിക്കൂ. അപ്പോൾ മനസ്സിലാകും."

"ശരി. നിങ്ങൾ എന്തു പരിഹാരമാണ് എനിക്കു നിർദ്ദേശിക്കുന്നതു്."

"ഞാൻ ഒരു നല്ല ഉപദേശം നല്കാം. നിങ്ങൾക്കു ഭാസുരമായ ഒരു ഭാവി സംസിദ്ധമാകണമെങ്കിൽ നിങ്ങളുടെ പ്രിയയെ ഹൃദയത്തിൽനിന്നും തിരസ്കരിക്കുക."

"ലീലയില്ലാത്ത എന്റെ ജീവിതം നിഷ്പ്രഭവും നിരാനന്ദവുമാണ്. അതിനു ഞാൻ ഒരിക്കലും വഴിപ്പെടുകയില്ല."

"നിങ്ങൾ ഇങ്ങനെയൊക്കെ പറയും. ലീലയോടു ചോദിക്കൂ. സകലതും ഗ്രഹിക്കുമ്പോൾ ലീലയെ ഹൃദയപൂർവ്വം നിങ്ങൾ വെറുക്കും."

" ഈ ജീവനുള്ളപ്പോൾ ഇല്ല. "

" ഇപ്പോൾ കൂടുതലായി മററൊന്നും എനിക്കു പറയാനില്ല. അടുത്ത ഏതെങ്കിലും ഒരു ദിവസം നമുക്കു വീണ്ടും കാണാം. അപ്പോൾ രമേശനെയും, വസന്തകുമാരിനെയും കുറിച്ചു് കൂടുതൽ വിവരങ്ങൾ നിങ്ങളെ അറിയിക്കാം. വസന്തകുമാറുമായുള്ള സന്ദർശനത്തിനും ഞാൻ സൌകര്യപ്പെടുത്താം. "

"മി. ചന്ദ്രൻ." മോഹൻ എന്നോടു വീണ്ടും പറഞ്ഞു. "നിങ്ങൾ എന്താണു് ഒന്നും മിണ്ടാതെ ആലോചനയിൽ മുഴുകിയിരിക്കുന്നതു്."

" ഒന്നുമില്ല. "

" നിങ്ങളെ ഒരു കാളിമ ബാധിച്ചിരിക്കുന്നു. ഏകാന്തമായി അല്പസമയം ഇവിടെ ഇരുന്നു വിശ്രമിക്കൂ. നല്ല കുളുർമയുള്ള കാററുണ്ടു്. ഞാൻ ഇവിടെ ഉണ്ടായാൽ ഇനിയും ഓരോന്നു പറഞ്ഞുകൊണ്ടിരിക്കും. എല്ലാം ആലോചിച്ചു പ്രവർത്തിക്കണേ. "

മോഹൻ എന്നോടു യാത്ര പറഞ്ഞു പിരിഞ്ഞു. എൻെറ ഹൃദയം നിരാശാഗർത്തത്തിലാണ്ടുപോയി. ഞാൻ ദീർഘമായി ഒന്നു നെടുവീർപ്പിട്ടു. ലീലയെപ്പററിയുള്ള പ്രസ്താവനകൾ അടിസ്ഥാനരഹിതങ്ങളല്ലേ എന്നു ഞാൻ സംശയിച്ചു. എൻെറ ആലോചനകൾക്കു ഒരവസാനം കാണുന്നതിനു മുമ്പു് വിപുലൻ വന്നു് എന്നോടു പറഞ്ഞു. " നേരം അധികം ഇരുട്ടി. അമ്മ അങ്ങയെ അന്വേഷിക്കുന്നു. "

## XVII

ഏതുവിധമെങ്കിലും പരമാൎത്ഥമറിഞ്ഞു് എൻെറ സംശയങ്ങൾ പരിഹരിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി പിറേറദിവസം പ്രഭാതത്തിൽ ഞാൻ ഭാനുവിലാസത്തിലേയ്ക്കു പോയി. കുളി കഴിഞ്ഞു ശുഭ്രവസ്ത്രധാരിയായി, ലീല സുഗന്ധം ചിന്നുന്ന കുസുമങ്ങളാൽ ഭൂഷിതയായി എന്നെ സൽക്കരിക്കാൻ പുഞ്ചിരിതൂകിക്കൊണ്ടു് അടുത്തണഞ്ഞു. അവൾ പൂൎണ്ണസുഖം പ്രാപിച്ചിട്ടു് ഏതാനും ദിവസമായി. അവളുടെ വദനം വിളറിയിരുന്നു. എങ്കിലും അതിന് അനിതരവനിതാസാധാരണമായ സൗന്ദൎയ്യമുണ്ടായിരുന്നു.

"എത്ര നാളായി. ഇങ്ങോട്ടൊക്കെ വരുമോ." എന്നു ലീല സ്നേഹസമന്വിതം ചോദിച്ചു.

"ലീലേ! എനിക്കും അമ്മയ്ക്കും സുഖമില്ലായിരുന്നു എന്നു നീ അറിഞ്ഞില്ലേ."

"ഞാൻ അറിഞ്ഞു. അങ്ങയ്ക്കു് നടക്കാൻ പാടില്ലാത്ത സുഖക്കേടുകളൊന്നും ഉണ്ടായിരുന്നില്ലല്ലോ ?"

"അമ്മ എന്നെ എങ്ങോട്ടും പോകുന്നതിനു അനുവദിച്ചില്ല. ലീലേ! ഇന്നു ഞാൻ ഇങ്ങോട്ടു വന്നതിന് ചില പ്രത്യേക കാരണങ്ങളുണ്ടു്."

ഉൽക്കണ്ഠാതിരേകത്താൽ അത്യന്തം ഹൃദയക്ഷോഭത്തോടെ അവൾ ചോദിച്ചു. "എന്താണ് ആ പ്രത്യേക കാരണങ്ങൾ."

അല്പനേരം ഒന്നും സംസാരിക്കാൻ നാവു പൊങ്ങിയില്ല. അനന്തരം ഞാൻ ധൈര്യമവലംബിച്ചു ബദ്ധപ്പെട്ടു പറഞ്ഞു. "എനിക്കു ചില സംഗതികൾ അറിയാനുണ്ട്."

"അതെല്ലാം എനിക്കു അറിവുള്ളതാണോ. ?"

"അതെ."

ലീല ഒന്നു ഞെട്ടി. അവൾ ഭീതി പൂണ്ടു. അവളുടെ മുഖം നീരക്തമായി.

"ലീലേ! നീ പരിഭ്രമിക്കുന്നതെന്തിന്." പ്രേമപൂർവ്വം ഞാൻ അവളുടെ മൃദുലമായ കരപല്ലവം പിടിച്ചമർത്തിക്കൊണ്ടു ചോദിച്ചു. "ഈ കൈലേസ്സിൻെറ ഉടമസ്ഥ ലീലയാണോ?"

ഹൈവിഗ്രോവിൽ വച്ചു കിട്ടിയ കൈലേസ്സ് അവൾക്കു കൊടുത്തു. വിറകൊള്ളുന്ന കൈകൾകൊണ്ട് അവൾ അതു വാങ്ങി.

"അതെ" അവൾ നിരുദ്ധകണ്ഠയായി പറഞ്ഞു. "അങ്ങ് ഇത് എവിടെ നിന്നു കണ്ടെടുത്തു."

"ലീലയ്ക്കു ഓർമ്മയില്ലേ. ?"

"ഇല്ല."

"ഒന്നാലോചിച്ചു നോക്കൂ."

" ഇല്ല. എനിക്കൊരു രൂപവുമില്ല. "

" എനിക്കു ഇതു കിട്ടിയതു് ഹൈവിഗ്രോവിൽ നിന്നും. ഒരു അർദ്ധരാത്രിയിൽ. "

" അർദ്ധരാത്രിയിലോ. ? "

ലീലയുടെ പ്രതിഭ അസ്തമിച്ചു. അവൾ ഇരുകരങ്ങൾ കൊണ്ടും മുഖം പൊത്തി. അവൾ തേങ്ങിക്കരഞ്ഞു.

"ലീലേ!" ഞാൻ പ്രേമപുരസ്സരം ചോദിച്ചു. "എന്തിനാണിങ്ങനെ കരയുന്നതു്."

"അങ്ങു് എന്നെ വിഷമിപ്പിക്കുന്നു."

"ലീലയ്ക്കറിയാൻ പാടില്ല. എന്റെ മനസ്സിൽ പ്രബലമായ ചില സംശയങ്ങളുണ്ടു്. അതിനു ഒരു നിവാരണം വരുത്തണം. പരമാർത്ഥമെല്ലാം അറിഞ്ഞില്ലെങ്കിൽ എന്റെ ഹൃദയത്തിനു് ഒരു സമാധാനവുമുണ്ടാകുകയില്ല."

" യഥാർത്ഥത്തിൽ അങ്ങു് എന്നെ വേദനിപ്പിക്കുന്നു. ഞാൻ രോഗവിമുക്തയായിട്ടു തന്നെ രണ്ടു മൂന്നു ദിവസമേ ആയുള്ളു. എന്നെ വീണ്ടും ശയ്യാവലംബിയാക്കുമെന്നു തോന്നുന്നു. "

"സംഗതികളെല്ലാം എനിക്കറിഞ്ഞേ തീരു. അല്ലാതെ ഞാൻ ഇവിടെനിന്നു പോകുകയില്ല. എന്നോടു സത്യം പറയണം. നമുക്കു പരസ്പരം രഹസ്യമായി സൂക്ഷിക്കേണ്ടതു് ഒന്നുമില്ലല്ലോ."

" ഇല്ല. "

" പിന്നെ എന്തിനാണു ചില രഹസ്യങ്ങളെല്ലാം എന്നിൽനിന്നും മറയ്ക്കുന്നത്. ലീലേ, സത്യം പറയൂ. അന്ന് ആ അർദ്ധരാത്രിയിൽ നീ ഐവിഗ്രോവിൽ ഉണ്ടായിരുന്നില്ലേ? "

ലീല ഭയചകിതയായി. അവളുടെ ഹൃദയം ത്വരിതഗതിയിൽ സ്പന്ദിച്ചു. എന്റെ മുഖത്തേയ്ക്കു അവൾ തുറിച്ചു നോക്കി. അവളുടെ ദൃഷ്ടികളിൽനിന്നും ഒരു അമാനുഷിക ജ്യോതിസ്സു പുറപ്പെട്ടുകൊണ്ടിരിക്കുന്നതായി എനിക്കു തോന്നി. അവൾ മൌനാവലംബിയായി നില്ക്കുന്നതു കണ്ടു് " മറുപടി പറയൂ " എന്നു ഞാൻ ഉച്ചൈസ്തരം ഉൽഘോഷിച്ചു.

"അതെ—ഞാൻ—അവിടെ." അവൾ ശോകമടക്കി പറഞ്ഞു. "പക്ഷെ—."

പൂർണ്ണനിശ്ശബ്ദത അവിടെ വ്യാപിച്ചു.

നുറുങ്ങിയ ഹൃദയത്തോടും, നിറഞ്ഞ കണ്ണുകളോടുംകൂടെ ഞാൻ പറഞ്ഞു. " വേണ്ട. എനിക്കൊന്നും ഇനി കേൾക്കേണ്ടാ. എന്റെ ഹൃദയത്തിനു കാന്തി നല്കുന്ന മണിവിളക്കായി നിന്നെ ഞാൻ കരുതി. എന്റെ ജീവിതത്തിലെ ആനന്ദകരമായ നിമിഷങ്ങൾ നീയായിരുന്നു. നീ സ്നേഹത്തിന്റെ ഒരു പര്യായമായിരുന്നു. നീ സ്ത്രീലോകത്തിന്റെ ആദർശമായിരുന്നു. പക്ഷെ നീ എന്നെ ഈ വിധം വഞ്ചിക്കേണ്ടതില്ലായിരുന്നു. ഇതെല്ലാം നീ എന്നിൽ നിന്നു മറച്ചുവെച്ചതെന്തിനു്. ലീലേ! സത്യം പറയൂ. നീ എന്തിനാണു് അവിടെ പോയതു്."

“ശാന്തയെ കാണാൻ.”

“ശാന്തയെ കാണാനോ? ആ അർദ്ധരാത്രി ഏകാകിനിയായോ?”

“അതെ.”

“ശരി. ശാന്തയുടെ മരണത്തെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ പറയൂ. ആ കാര്യങ്ങളെല്ലാം നിനക്കറിയാം.”

“അവിടുന്നു് എന്നെ ഇങ്ങനെ വിഷമിപ്പിക്കരുതു്. എൻെറ വ്യഥ അവിടത്തേയ്ക്കറിവില്ല.”

“ആ വ്യഥ തീരും. എന്നോടു തുറന്നു പറയുക. എൻെറ സംശയം തീരട്ടെ. ഞാൻ സമാധാനപ്പെടട്ടെ. ആശ്വസിക്കട്ടെ. ലീലേ! പറയൂ.”

“അങ്ങയുടെ പ്രിയ കുററം ചെയ്തു എന്നിരിക്കട്ടെ, എന്നാൽ അങ്ങു് ക്ഷമിക്കുകയില്ലേ.”

“ക്ഷമിക്കും. പക്ഷെ, അതിനും ഒരതിരുണ്ടല്ലോ. ലീലേ, നീ എന്തിനു് ഇത്രയുംനാൾ ഇതൊക്കെ എന്നിൽ നിന്നും മറച്ചുവച്ചു. ലീലേ പറയൂ. ഷൈവിഗ്രോവിലെ സംഭവത്തെപ്പററി. അതു് എങ്ങനെയായിരുന്നു. പരമാർത്ഥമെല്ലാം എനിക്കു് ഇപ്പോൾതന്നെ ഗ്രഹിക്കണം.”

“ഞാൻ അപരാധിനി തന്നെ—”

“ആയിരിക്കാം. അതറിഞ്ഞിട്ടാവശ്യമില്ല. എൻെറ ചോദ്യത്തിനുത്തരം പറഞ്ഞാൽ മതി.”

അവൾ സാരിത്തുമ്പുകൊണ്ടു് കണ്ണുനീർകണങ്ങൾ തുടച്ചു. കഠിനമായ ക്രോധവും വ്യസനവും അടക്കിക്കൊണ്ടു

ഞാൻ പറഞ്ഞു. " ഈ കരച്ചിലും കണ്ണുനീരും എനിക്കു കാണേണ്ട. സത്യം പറയൂ. "

" അങ്ങ് എന്നെ അതിനു നിർബന്ധിക്കരുത്."

" ലീലേ! ഇങ്ങോട്ടു നോക്കു, പറയുകയില്ലേ. "

" ഇല്ല. " അവൾ ഗൽഗദസ്വരത്തിൽ പറഞ്ഞു. " ചില പ്രത്യേക കാരണങ്ങളാൽ എനിക്ക് അതു പറയാൻ പാടില്ല. സത്യത്തിനു ലംഘനം വരും. നമ്മുടെ പ്രണയ ദീപം പൊലിയും. ഈ ദിവസം പക്ഷെ നമ്മുടെ പ്രണയ മസൃണമായ ജീവിതത്തിൻെറ അന്ത്യദിനമായിരിക്കാം. എൻെറ ജീവിതത്തിലെ ശോകസങ്കലിതമായ ഒരു ദിവസ മാണിന്ന്. എൻെറ ഭാവിജീവിതം അന്ധകാരാവൃതമായി രിക്കാം. ഒരു കൊള്ളിമീൻപോലുമില്ലാത്ത—ഒരു മിന്നാ മിനുങ്ങുപോലുമില്ലാത്ത—ഈ ചതി നിറഞ്ഞ ലോകത്ത്— ഈ കപടലോകത്ത് ഈ നിരാശ്രയയായ ഞാൻ എങ്ങനെ ജീവിക്കും. ഹാ! ദൈവമെ. "

അവൾ വാവിട്ടു കേണു.

"ലീലേ!" ഞാൻ പറഞ്ഞു. "ഇങ്ങനെ നിരർത്ഥക മായി കരയുന്നതുകൊണ്ടു പ്രയോജനമില്ല. ഞാൻ നിന്നെ ജീവിതസർവസ്വമായി കരുതി. എൻെറ ആശയുടെ നികേ തനമായിരുന്നു നീ. "

" അതു് എനിക്കറിയാം. "

"ലീലേ, നിൻെറ പ്രവൃത്തി എത്ര കഠിനം. എന്തൊരു നിഷ്ഠുരമായ വിധി. ദുസ്സഹമായ വ്യഥ. ദൈവമേ !

ഇതിനു് എന്തുപശാന്തിയാണുള്ളതു്. ആനന്ദം ഞാൻ അനുഭവിച്ചു. എൻെറ ഹൃദയദേവതയായി നിന്നെ ഞാൻ പ്രതിഷ്ഠിച്ചു. നിന്നെ ഞാൻ പൂജിച്ചു, ആരാധിച്ചു. എന്തുഫലം. ജീവിതത്തിലെ ആനന്ദമധു ആസ്വാദിക്കുവാനുള്ള ഒരു യുവാവല്ല, ഞാൻ. ഒരു യുവാവിൻെറ മധുരവികാരങ്ങളും ഭാവനകളും എനിക്കില്ലേ. ഇന്നിതാ ഞാൻ ആശകറ്റം നശിച്ച ഒരു വയോധികനിലും കഷ്ടം. ലീലേ! ഞാൻ നിന്നെ മാത്രമേ സ്നേഹിച്ചുള്ളു; ആരാധിച്ചുള്ളു. അതെൻെറ തെററു തന്നെ. അതിൻെറ ശിക്ഷ ഞാൻ തന്നെ അനുഭവിക്കണം. യൗവനത്തിൻെറ ആശകളെ അറുത്തുകളയുക. അതാണു ശിക്ഷ."

"നീ എനിക്കൊരു സൂചന മാത്രം നല്കിയിരുന്നെങ്കിൽ എൻെറ ഹൃദയത്തിൽ നിന്നും ഞാൻ നിന്നെ നിഷ്കാസനം ചെയ്യുവാൻ യത്നിക്കുമായിരുന്നു. മൗനമായി ഞാനതു സഹിക്കുമായിരുന്നു. എൻെറ ജീവിതം നിഷ്ഫലമാകുകയില്ലായിരുന്നു. ലീലേ! ഞാൻ ഒരു പാവയല്ല. ജീവനുള്ള ഒരു ഹൃദയം എനിക്കുമുണ്ടു്. അതു വേദനപ്പെട്ടും—അതു നുറുങ്ങും—അതു കത്തിക്കാളും. ലോകതന്ത്രങ്ങളറിഞ്ഞുകൂടാത്ത ഒരു സാധുവായിപ്പോയി ഞാൻ. കാമിനിമാരുടെ ഹൃദയം ഞാൻ കണ്ടിട്ടില്ല. ഞാൻ സത്യം ചെയ്യുന്നു. അതെ ഞാൻ ഇങ്ങനെയുള്ള വലയിൽ ചെന്നകപ്പെട്ടുകയില്ലെന്നു്. കഴിഞ്ഞ ആനന്ദസുന്ദരങ്ങളായ ദിനങ്ങൾ പോകട്ടെ. നമുക്കു് ഇങ്ങനെ പിരിയാം. നമ്മുടെ ആശാസമ്പൂർണ്ണമായ ജീവിതം അവസാനിച്ചു. നിരാശയുടെ കരാളദംഷ്ട്രങ്ങൾ എൻെറ ജീവിതത്തെ വ്രണപ്പെടുത്തുമായിരിക്കാം. പക്ഷെ, ഞാൻ ദുർബലചിത്തരെപ്പോലെ

ആത്മഹത്യക്കും മററും ഒരുങ്ങുകയില്ല. ജീവിതം ജീവിക്കാനാണ്. എൻെറ ഏകാന്തതയിൽ ഞാൻ ഭാവനയുടെ ചിറകുകകൾ വിരിച്ച് അതിൽ വസിച്ചുകൊള്ളാം. വിധാതാവു് നമുക്കു നല്കിയ വിധി ഇങ്ങനെയായിരിക്കാം. ലീലേ!—"

"അവിടുന്നു മതിയാക്കണേ! എനിക്കിനി യാതൊന്നും കേൾക്കണ്ട. ഞാൻ അതിനു ശക്തയല്ല. എൻെറ ഹൃദയം എനിക്കേ അറിഞ്ഞുകൂടു. അങ്ങയുടെ ഓരോ വാക്കും എന്നെ വേദനിപ്പിക്കുന്നു."

"ലീലേ നിനക്കു ഞാൻ ഭാവിഭാവുകങ്ങളാശംസിച്ചുകൊള്ളുന്നു."

"അങ്ങു എന്നെന്നേയ്ക്കുമായി എന്നെ വെടിയുകയാണോ.?"

"അതെ. നാം തമ്മിൽ ഇങ്ങനെ പിരിയണമെന്നായിരിക്കും ഈശ്വരമതം. നീ ഒരു വലിയ രഹസ്യം. മറച്ചു വച്ചിരിക്കുന്നു. നിൻെറ ജീവനെ ഏററവും സ്നേഹിക്കുന്ന എന്നോട്ട് പറയാൻ ഭാവമില്ലെങ്കിൽ പിന്നെ ഞാൻ നിന്നെ എന്തിനു സ്നേഹിക്കണം."

"അങ്ങ് എൻെറ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠിതനാണ്. ലോകശക്തികൾക്കു അതു മാററാൻ സാദ്ധ്യമല്ല. ആ വിഗ്രഹത്തിൽ എൻെറ പാവനസ്നേഹമാകുന്ന വാടാത്ത മാലകൾ ഞാൻ ചാർത്തും. ഞാൻ എന്നും പൂജിക്കും. അങ്ങനെ ഞാൻ ദിനങ്ങൾ കഴിക്കും. അവിടുന്നു പോയി സുഖമായി ജീവിക്കണം. സത്യം ഒരിക്കൽ അവിടുന്നറിയും. അന്ന് അങ്ങു പശ്ചാത്തപിക്കും."

"അങ്ങനെയാണെങ്കിൽ ആ ദിനം അടുത്തണയാൻ ഞാൻ പ്രാർത്ഥിക്കുന്നു."

അവൾ ഒരു ശിലാപ്രതിമപോലെ കസാലയിൽ ഉപവിഷ്ടയായി. ഞാൻ അവിടെ നിന്നില്ല. തിരിഞ്ഞുനോക്കാതെ ഞാൻ നടന്നു. എനിക്കു ലോകം ശൂന്യമായി തോന്നി. സുന്ദരമായ സർവവും എൻെറ ഹൃദയത്തിൽ നിന്നും ഓടി അകന്നു. എൻെറ സ്നേഹം നിറഞ്ഞ ഹൃദയത്തെ ഒരു കാളസർപ്പം ഗ്രസിക്കുന്നതുപോലെ എനിക്കു അനുഭവപ്പെട്ടു.

## XVIII

എൻെറ പ്രബലമായ സംശയങ്ങൾക്ക് ഒരു അവസാനമുണ്ടായി. ലീല ഐവിഗ്രോവിലെ സംഭവങ്ങൾക്കു ദൃക്സാക്ഷിയായിരുന്നു എന്നു തെളിഞ്ഞു. ഞാൻ വീട്ടിൽ ചെന്നപ്പോൾ അന്നത്തെ സ്ഥലമുദ്രയുള്ള ഒരു കത്ത് എനിക്കു ലഭിച്ചു. ഞാൻ അതു പൊട്ടിച്ചു വായിച്ചു.

ധർമ്മതീർത്ഥം
മെയ് 5.

"പ്രിയപ്പെട്ട ചന്ദ്രൻ,

ഏതാനും ദിവസമായി അവിടുത്തെ വിവരങ്ങളൊന്നുമറിയുന്നില്ല. അമ്മയും, നിങ്ങൾക്കും; ലീലയും സുഖമല്ലേ.?

ഞാൻ ഇവിടെ വന്നിട്ടു് രണ്ടു മൂന്നു ദിവസമായി. ഈ കത്തു കിട്ടിയാൽ ഉടൻ തന്നെ ഇങ്ങോട്ടു തിരിക്കണം. നിങ്ങളെക്കൊണ്ടു് ചില പ്രധാന കാൎയ്യങ്ങൾ സാധിക്കാനുണ്ടു്. നാളെ രാവിലെ എക്സ്പ്രസ്സ് വരുമ്പോൾ എന്റെ ഭൃത്യൻ സ്റ്റേഷനിൽ നിങ്ങളെ പ്രതീക്ഷിച്ചുനില്ക്കും. വിശദ വിവരങ്ങൾ ഇവിടെ വന്നതിനുശേഷം.

ഭാവുകാശംസകളോടെ.

നിങ്ങളുടെ

അഭീന്ദ്രൻ."

കത്തിലടങ്ങിയിരുന്ന വിവരങ്ങൾ ഞാൻ അമ്മയെ ധരിപ്പിച്ചു. മനസ്സില്ലാമനസ്സോടെയാണെങ്കിലും നവപുരത്തുനിന്നും അന്നു സന്ധ്യയ്ക്കുള്ള എക്സ്പ്രസ്സിൽ പുറപ്പെട്ടുകൊള്ളാൻ അമ്മ എനിക്കു അനുമതി നല്കി. അവസാനത്തെ തീവണ്ടി എക്സ്പ്രസ്സായിരുന്നതിനാൽ ധാരാളം യാത്രക്കാർ അതിൽ തിങ്ങിക്കൂടിയിരുന്നു. ചന്ദ്രികാപുളകിതമായ ഒരു രാത്രിയിൽ തീവണ്ടിയിൽ സഞ്ചരിക്കുന്നതു് അഹ്ലാദജനകമാണു്. സൈ്വരസല്ലാപത്തിനു കൂട്ടുകാരുമുണ്ടായാൽ പിന്നെ പറയാനുമില്ല. ആ രാത്രി എന്റെ ഹൃദയം ശോകാധീനമായിരുന്നെങ്കിലും ആനന്ദംകൊണ്ടുള്ള ഒരു കുളുർമ ഞാനാസ്വദിച്ചു.

തീവണ്ടി 'പുരി'യിൽ എത്തിയപ്പോൾ രാത്രി വളരെ അതിക്രമിച്ചിരുന്നു. ആൾത്തിരക്കുകൊണ്ടു് വണ്ടി പതിവിൽക്കൂടുതൽ അവിടെ താമസിച്ചു. അതിനിടയിൽ "ഭാരതമാതാ, പ്രഭാതപ്പതിപ്പു്. ചൗരിയിലെ ഭയങ്കരമായ

തീവണ്ടിയപകടം." എന്നു് പേപ്പർ വില്ക്കുന്ന ഒരു ബാലൻ ഉച്ചത്തിൽ പറഞ്ഞുകൊണ്ടു് എന്നെ സമീപിച്ചു. "സാർ പേപ്പർ വേണ്ട" അവൻ എന്നോടു ചോദിച്ചു. ഞാൻ ഒരണ കൊടുത്തു് ഒന്നു വാങ്ങി. ചൗരിയിൽ വച്ചുണ്ടായ തീവണ്ടിയപകടത്തിൻെറ ഒരു വിവരണം അതിൽ പ്രസിദ്ധീകരിച്ചിരുന്നു.

"ഇന്നലെ സായാഹ്നം 3-10-നു് ചൗരിയിൽ നിന്നും പുറപ്പെട്ട തീവണ്ടി റയിൽവേസ്റ്റേഷനു് രണ്ടു മൈൽ അകലെ വച്ചു് പാളത്തിൽ നിന്നും തെററി ശിഥിലമായിപ്പോയി. എല്ലാ മുറികളിലും ആൾത്തിരക്കുണ്ടായിരുന്നു. അനേകം പേർക്കു് അപകടം പററിയിട്ടുണ്ടു്. മുറിവേററവരേയും, ആസന്നമരണരായവരേയും ചൗരി ആശുപത്രിയിലേക്കു മാററി. മരിച്ചവർ എത്രയാണെന്നു് തിട്ടപ്പെടുത്തിയിട്ടില്ല. ചില അവയവങ്ങൾ തിരിച്ചറിയാൻ പാടില്ലാതെ വികൃതമായിപ്പോയിരിക്കുന്നു. വിഖ്യാതരായ പല ആളുകളും അതിൽ ഉൾപ്പെട്ടുന്നു എന്നു് ഊഹിക്കുന്നു. പൂർണ്ണ വിവരങ്ങൾ ഇതുവരെയും ലഭിച്ചിട്ടില്ല:"

ഞാനും എൻെറ സമീപത്തിരുന്നവരും ഉൽക്കണ്ഠാഭരിതരായിട്ടായിരുന്നു ഈ വാർത്ത വായിച്ചതു്. വാസ്തവത്തിൽ ശോകഭരിതമായ ആ അപകടം ചിത്രീകരിച്ചപ്പോൾ എൻെറ കണ്ണുകൾ നിറഞ്ഞു. "കഷ്ടം! എത്ര ആളുകൾ മരിച്ചിരിക്കും. എത്ര പേർ മുറിവേററിരിക്കും." എന്നു ഞാൻ മന്ത്രിച്ചു.

"ജീവനെ പണയപ്പെടുത്തിവേണം യാത്ര ചെയ്യാൻ. വീട്ടിൽ നിന്നും പുറപ്പെട്ടാൽ മടങ്ങി എത്തുന്നതുവരെ

വീട്ടിലുള്ളവർക്കു വല്ല സമാധാനവും കാണുമോ.?" എൻെറ സമീപത്തിരുന്ന സഹയാത്രക്കാരൻ പറഞ്ഞു. തീവണ്ടി പാളം തെററുന്നതിനും മറിയുന്നതിനും കാരണമായതു് ചിലപ്പോൾ വല്ല കുബുദ്ധികളും പാളം ഇളക്കി ഇട്ടിരുന്നതു കൊണ്ടായിരിക്കും. നമ്മുടെ ബന്ധുക്കളിൽ വല്ലവർക്കും അപകടം പിണഞ്ഞിരിക്കുമോ?"

"എങ്ങനെ നിശ്ചയിക്കാം."

"അപകടപ്പെട്ടവരുടെ പേരും വിവരവും പ്രസിദ്ധപ്പെടുത്തുകയില്ലേ?"

"അതെപ്പോഴാണു്. അവ്യസാനമായിട്ടല്ലേ. എത്ര പേർ മരിച്ചിട്ടുണ്ടെന്നുതന്നെ ഇപ്പോൾ വെളിവായിട്ടില്ലല്ലോ."

ഞങ്ങൾ ഇങ്ങനെ ഓരോന്നു ആലോചിച്ചും പറഞ്ഞും ദീർഘനേരം കഴിച്ചുകൂട്ടി. ക്ഷീണിതരായ ഓരോരുത്തരും നിദ്രാവലംബരായി. ഞാനും ഇരുന്നു് അല്പം ഒന്നു മയങ്ങി. "സാർ ഇതല്ലെ അവിടുത്തെ സൂട്ട്കേസ്സ്" എന്നു അഭിന്ദ്രൻെറ ഭൃത്യൻ പറയുന്നതു കേട്ടു ഞാൻ ഉണർന്നു. അപ്പോൾ എങ്ങും പ്രഭാതമായിരുന്നു. വണ്ടി ധർമ്മതീർത്ഥം സ്റ്റേഷനിൽ വന്നു നിന്നതേയുള്ളു.

# XIX

" അരവിന്ദൻ താമസിക്കുന്നത് എവിടെയാണ്. " എന്നു ഞാൻ കാറിൽ കയറിയതിനു ശേഷം ഭൃത്യനോടു ചോദിച്ചു.

" ചന്ദ്രവിലാസത്തിലാണ് അദ്ദേഹത്തിന്റെ സ്ഥിരമായ താമസമെങ്കിൽ ഇപ്പോൾ അദ്ദേഹം നഴ്സിങ്ങ് ഹോമിലാണു പാർക്കുന്നത്. "

" എന്താ, അദ്ദേഹത്തിനു സുഖമില്ലേ ? "

" അതെ. കാറപകടത്തിൽ പെട്ട് അദ്ദേഹത്തിന്റെ ഇടതു കൈമുട്ടിനു കേടുപററി. മുഖത്തും ചില മുറിവുകൾ പററിയിട്ടുണ്ട്. എന്നാൽ അപായകരമല്ലെന്ന് ഡാക്ടർ പറഞ്ഞു. "

" അപകടം സംഭവിച്ചത് എപ്പോഴായിരുന്നു. " എന്ന് ഞാൻ ശ്വാസം അടക്കിക്കൊണ്ട് സംഭ്രമസമന്വിതം ചോദിച്ചു.

" ഇന്നലെ വൈകുന്നേരം. "

" നാം ഇപ്പോൾ നഴ്സിങ്ങ് ഹോമിലേക്കാണോ പോകുന്നത്. എനിക്കു അദ്ദേഹത്തെ ഉടനെ കാണണം. "

" അതു പിന്നീടാകാം. അങ്ങു വന്നാൽ ഭക്ഷണവും, വിശ്രമവും കഴിഞ്ഞതിനുശേഷം നഴ്സിങ്ങ് ഹോമിലേക്കു

കൂട്ടികൊണ്ടു ചെന്നാൽ മതിയെന്നാണു പറഞ്ഞിട്ടുള്ളത്. അതിനു വിപരീതമായി പ്രവർത്തിച്ചാൽ അദ്ദേഹം കോപിക്കും. "

" എന്നാൽ നിങ്ങൾ പറയുന്നതുപോലെയാകട്ടെ. "

അഭീന്ദ്രന്റെ ഒരു മിത്രഭവനമായിരുന്നു നവീനരീതിയിൽ നിർമ്മിച്ചിരുന്ന ചന്ദ്രവിലാസം. ഒരു ചെറിയ കുന്നിൻമുകളിൽ അകൃത്രിമമായ പ്രകൃതിസൗന്ദര്യങ്ങൾക്കു മദ്ധ്യേ സ്ഥിതി ചെയ്തിരുന്ന ആ ഭവനം കണ്ട മാത്രയിൽ എന്റെ ഹൃദയത്തിൽ ചില വികാരപരമ്പരകൾ ഉദയം ചെയ്യാതിരുന്നില്ല. സരസകോമളമായ ഒരു കാവ്യനിർമ്മാണത്തിൻ ഇതുപോലെ മറെറാരു സ്ഥലവുമില്ലെന്ന് എനിക്കു തോന്നി. പക്ഷെ ആ സന്ദർഭം അതിനൊന്നിനും അനുയോജ്യമായിരുന്നില്ല.

ഞാൻ അഭീന്ദ്രനെ സന്ദർശിച്ചു. വേദനകൊണ്ട് ഞരങ്ങി ഒരു കട്ടിലിൽ അദ്ദേഹം നിവർന്നു കിടക്കുന്നു. ആ ദയനീയാവസ്ഥ എന്റെ ഹൃദയത്തെ കദനപൂർണ്ണമാക്കി.

" മി. അഭീന്ദ്രൻ! " ശോകമടക്കിക്കൊണ്ട് സ്മിതസമന്വിതം ഞാൻ ചോദിച്ചു. " അങ്ങേക്കു സുഖമല്ലേ! "

" അതെ കണ്ടില്ലേ. ? കുറഞ്ഞതു് ഒരു മാസമെങ്കിലും ഈ കിടപ്പിൽ കിടക്കണമെന്നാണു പറയുന്നതു്. എന്നാൽ തന്നെ പൂർണ്ണസുഖം കിട്ടുമോ എന്നു സംശയമാണു്. ചന്ദ്രൻ! താമസത്തിനു വേണ്ട സൗകര്യങ്ങളൊക്കെ ഞാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. "

"എൻെറ താമസസൗകര്യങ്ങൾക്കായി വിഷമിക്കണ്ട. ഞാൻ അതൊക്കെ ശരിപ്പെടുത്തിക്കൊള്ളാം. അധികം സംസാരിക്കുന്നതുകൊണ്ടു് തരക്കേടുണ്ടോ ?"

"കുഴപ്പമൊന്നുമില്ല. ആരെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ വേദനയ്ക്കു് അല്പം ശമനമുണ്ടാകും."

"എങ്ങനെയാണു് അപകടം പററിയതു്.

"അതൊരു നീണ്ടകഥയാണു്. ഇന്നലെ വൈകുന്നേരം ഞാൻ ഭാരത് ഹോട്ടലിൽ പോയിരുന്നു. അതിൻെറ ഉടമസ്ഥൻ മി. ജീവൻ എൻെറ ഒരു സ്നേഹിതനാണു്. ഞാനും അദ്ദേഹവും റോഡിനഭിമുഖമായി വരാന്തയിൽ സംസാരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അപ്പോൾ അതുവഴി ഒരു കാർ പാഞ്ഞുപോയി. അതിലുണ്ടായിരുന്ന ഒരാളിനു് രമേശനോടു വളരെ സാമ്യമുള്ളതായി എനിക്കു തോന്നി. സംശയനിവൃത്തിക്കു് അവസരം ലഭിച്ചില്ല. എങ്കിലും ഉടൻതന്നെ ഞാൻ കാറിൽ അവരെ പിന്തുടർന്നു. അപ്പോഴേയ്ക്കും അവർ രണ്ടുമൂന്നു ഫർലാങ്ങ് ദൂരത്തിൽ എത്തിക്കഴിഞ്ഞിരുന്നു. ബീച്ച് റോഡിൽ വച്ചാണു് ഈ സംഭവം. വളവില്ലാതെ നീണ്ടുകിടക്കുന്ന ആ റോഡിൽ ഗതാഗതം ധാരാളം ഉണ്ടായിരുന്നു. യാതൊരപകടവുമില്ലാതെ അതിവേഗത്തിൽ കാറോടിച്ചതിൽ ഞാൻ അത്ഭുതപ്പെട്ടു. ഞാൻ അവരെ പിന്തുടരുകയാണെന്നുള്ള വസ്തുത ഏകദേശം ഒരു മൈൽ ചെന്നതിനു ശേഷമാണു് അവർക്കു മനസ്സിലായതു്. അവർ ഗതിവേഗം വീണ്ടും വർദ്ധിപ്പിച്ചു. ഞാനും അവരോടൊപ്പം വേഗത കൂട്ടി. അതിനകത്തു് ആരെല്ലാമുണ്ടെന്നു എനിക്കു ശരിയായി മനസ്സിലായില്ല. എങ്കിലും രമേശൻ അതിലുണ്ടെന്നു

തീർച്ചയായിരുന്നു. എൻെറ കാറ്റ് മുമ്പിൽ കയററി അവ രുടെ പ്രയാണം വിഘ്നപ്പെടുത്തണമെന്നും അങ്ങനെ അവരെ പിടിക്കാൻ സാധിച്ചെങ്കിൽ ബന്ധിക്കണമെന്നുമായിരുന്നു എൻെറ ഉദ്ദേശം. എൻെറ കൈവശം കൈത്തോക്കുണ്ടാ യിരുന്നതിനാൽ അവരോട്ടു മല്ലിടാൻ ഞാൻ സന്നദ്ധനായി. അഞ്ചു മൈൽ നീളമുള്ള ബീച്ച്റോഡ് അവസാനിച്ചു. ധർമ്മതീർത്ഥത്തിൽ നിന്നും പശ്ചിമദേശത്തേയ്ക്കഭിമുഖമായി കിടക്കുന്ന റോഡിൽ അവർ തിരിഞ്ഞു. ആ വളവു തിരിയു മ്പോൾ ഞാൻ അവരെ ഏററവും സമീപിച്ചിരുന്നു. വീണ്ടും കാറിൻെറ ഗതിവേഗം അവർ വർദ്ധിപ്പിച്ചു. ആ കാറോടി ച്ചിരുന്ന ആൾ തിരിഞ്ഞു് എപ്പോഴും എന്നെത്തന്നെ സൂക്ഷി ക്കുന്നുണ്ടായിരുന്നു. ഞാൻ വീണ്ടും വളരെ പിന്നിലായി. വിജനമായ ആ റോഡിൽക്കൂടി വായുവേഗത്തിലുള്ള അവ രുടെ ഗമനം എന്നെ നിരാശാവശംവദനാക്കി. എങ്കിലും ധൈര്യമവലംബിച്ചു ഞാൻ കാറിൻെറ വേഗത അതിൻെറ മൂർദ്ധന്യാവസ്ഥയിലെത്തിച്ചു. ഏകദേശം അരഫർലാങ്ങിട വിട്ടായിരുന്നു മിന്നൽവേഗത്തിലുള്ള ഞങ്ങളുടെ പ്രയാണം. അപകടം അത്യാസന്നമാണെന്നു് എനിക്കു തോന്നിത്തു ടങ്ങി. ഏതാനും നിമിഷംകൊണ്ടു് ഞാൻ അവരോടൊപ്പ മെത്തി. അവരുടെ പുരോഗമനം തടയാനായി എൻെറ കാറ്റ് മുമ്പിൽ കയററി വിലങ്ങനെ നിറുത്തി. ക്ഷണത്തിൽ ഊക്കോടുകൂടി അതു് എൻെറ കാറിൽ വന്നു മുട്ടി. വാഹന ങ്ങൾ രണ്ടും തകർന്നുപോയി. എൻെറ കൈ ഒടിഞ്ഞു. മുഖത്തു പരുക്കുകൾ പററി. രക്തം കവിളുകളിൽക്കൂടി ഒഴുകി വസ്ത്രങ്ങളെ നനച്ചു. അവർക്കും അപകടം പററി യിരിക്കണം. രമേശനെ ഒരാൾ ബലമായി പിടിച്ചിരുന്നു.

ഞാൻ വേദന സഹിക്കവഹിയാതെ ഇടതുകൈകൊണ്ടു് അയാളെ വെടിവച്ചു. പക്ഷെ അയാൾ കാറിൻെറ മറവിലേയ്ക്കു മാറിയതിനാൽ വെടിയേററില്ല. "നമുക്കു് ഇവിടെ നിന്നു് ഉടൻ രക്ഷപ്പെടണം" എന്നു് അവരിൽ ഒരാൾ പറഞ്ഞു. ആ സ്വരം എനിക്കു പരിചിതമായി തോന്നി. അവർ രണ്ടാളുംകൂടി രമേശനേയും പിടിച്ചുവലിച്ചുകൊണ്ടു് അടുത്തുണ്ടായിരുന്ന കാട്ടിൽ മറഞ്ഞു. ഞാൻ പിന്തുടർന്നിരുന്നെങ്കിൽ നിശ്ചയമായും അവരുടെ കയ്യിൽ അകപ്പെട്ടുമായിരുന്നു. അവർ എന്നെ ത്യജിച്ചിട്ടുപോയതു ഈശ്വരകാരുണ്യം തന്നെ. ജനരഹിതമായ പ്രദേശത്തു് ആ നിസ്സഹായാവസ്ഥയിൽ ഞാനെന്തു ചെയ്യും.? കൈലേസെടുത്തു് എൻെറ മുറിവുകളിൽകൂടിയുള്ള രക്തപ്രവാഹത്തെ തടയാനുദ്യമിച്ചു. ഫലപ്പെട്ടില്ല. എൻെറ ശക്തി ക്ഷയിച്ചു. ഞാൻ ആ റോഡരുകിൽ ഇരുന്നു. ക്ഷണനേരംകൊണ്ടു് ഞാൻ നഷ്ടചേഷ്ടനായി. മണിക്കൂറുകൾ അങ്ങനെ കുറെ കഴിഞ്ഞിരിക്കണം. എനിക്കു് ഓർമ്മ വീണപ്പോഴാണു് ഞാൻ ഇങ്ങനെ ഈ നഴ്സിങ്ങ്ഹോമിനെ അഭയം പ്രാപിച്ചിരിക്കുന്നു എന്നറിഞ്ഞതു്."

"രോമാഞ്ചം ജനിപ്പിക്കുന്ന സംഭവം. ഇതിനാണോ നിങ്ങൾ നവപുരത്തു നിന്നും ഇങ്ങോട്ടു പുറപ്പെട്ടതു്.?" ഞാൻ ചോദിച്ചു. "അഭീന്ദ്രൻ, ഇപ്പോൾ വേദനയ്ക്കു കുറവുണ്ടോ?"

"വേദന എപ്പോഴുമുണ്ടു്. പക്ഷെ, ചന്ദ്രനെപ്പോലുള്ള സ്നേഹിതർ അടുത്തുണ്ടെങ്കിൽ വേദന അറിയുകയില്ല."

"നിങ്ങൾ സുഖം പ്രാപിക്കുന്നതുവരെ ഞാൻ ഇവിടെ താമസിക്കാം."

"അതു സാദ്ധ്യമാണോ.? നിങ്ങൾക്കു വീട്ടിൽ ഒരു വൃദ്ധയായ മാതാവുണ്ടല്ലോ."

"ഇങ്ങനെ ഒരു സ്നേഹിതനെ ശുശ്രൂഷിക്കാൻ കിട്ടുന്ന അവസരം വിരളമല്ലേ.? ഞാൻ കത്തയച്ച് അമ്മയുടെ സമ്മതം വാങ്ങാം."

ഞാൻ അദ്ദേഹത്തിൻെറ നെററിയിൽ പൊടിഞ്ഞ വിയർപ്പുതുള്ളികൾ പതുക്കെ തുടച്ചെടുത്തതിനു ശേഷം ചോദിച്ചു. "നിങ്ങൾ എങ്ങനെ രക്ഷപ്പെട്ടു.?"

"എൻെറ ഉദ്യമത്തെപ്പററി മി. ജീവൻ പോലീസ്സ് സ്റ്റേഷനിൽ അറിയിച്ചു. പോലീസ്സുകാർ എൻെറ സഹായത്തിന് ഉടൻ പുറപ്പെട്ടു. ഞാൻ പോയ വഴി അന്വേഷിച്ചറിഞ്ഞു് അവർ അപകടസ്ഥലത്തെത്തി എന്നെ രക്ഷപ്പെടുത്തി. ചന്ദ്രൻ! എനിക്കു ദാഹിക്കുന്നു. അതിലുള്ള സോഡാ കുറെ പകർന്നു തരൂ."

ഞാൻ അങ്ങനെ ചെയ്തു. അനന്തരം ചോദിച്ചു. "രമേശനെയും കൂട്ടരെയും അവർ അന്വേഷിക്കുകയുണ്ടായില്ലേ?"

"പക്ഷേ, ഫലമുണ്ടായില്ല."

"മി. അഭീന്ദ്രൻ! നിങ്ങൾക്കു ക്ഷീണം തോന്നുന്നുണ്ടോ?"

"ഉവ്വ്."

" എന്നാൽ അധികം സംസാരിക്കുന്നതു നന്നല്ല. ഏതായാലും രണ്ടു മൂന്നു ദിവസം നന്നെ സൂക്ഷിക്കണം. "

" എൻെറ നാക്കിനു കുഴപ്പമൊന്നുമില്ല. സംസാരിക്കാൻ ആരുമില്ലെങ്കിൽ ഞാൻ പാട്ടു പാടും. അങ്ങനെയെങ്കിലും കുറെ നേരം വേദന അറിയാതിരിക്കാമല്ലോ. "

" സംസാരിക്കുകയും പാടുകയും ചെയ്താൽ സിരകൾ ഇളകും. "

" എനിക്ക് ഇപ്പോൾ നല്ല സുഖം തോന്നുന്നു. ചന്ദ്രൻ! നിങ്ങൾ കൂടെയുള്ളതുകൊണ്ട് എനിക്ക് ആനന്ദമാണ്. എനിക്കു തനിച്ച് ചന്ദ്രവിലാസത്തിൽ താമസിക്കാൻ ആഗ്രഹമില്ല. നിങ്ങളുണ്ടെങ്കിൽ വർത്തമാനം പറഞ്ഞു രസിച്ചിരിക്കാം. ഈ കിടപ്പിൽ നിന്നും എഴുന്നേല്ക്കുന്ന അന്ന് എനിക്കു രമേശനെ ബന്ധനസ്ഥനാക്കണം. "

" അതു് അരോഴപ്പാകാം. ഇപ്പോൾ സാമാധാനചിത്തനായിരിക്കു. "

" ചന്ദ്രൻ! നിങ്ങൾ ഇനി ചന്ദ്രവിലാസത്തിലേക്കു മടങ്ങു. ഇവിടെ ഇരുന്നാൽ മുഷിവു തോന്നും. ചന്ദ്രവിലാസം താമസത്തിനു സുഖപ്രദമാണോ? "

" അതെ. അവിടെ പ്രവേശിക്കുമ്പോൾ പല വികാരങ്ങളും ഉദ്ഭൂതമാകുന്നു. അച്ഛസ്ഫടിക സങ്കാശമായ തടിനി കിലുകിലശബ്ദത്തോടുകൂടി കുതിച്ചൊഴുകുന്നു. കുയിലിൻെറ കളകളനാദം ഹൃദയം കുളുർപ്പിക്കുന്നു. ചിത്തം ഏകാഗ്രതയിൽ വയ്ക്കാൻ ഇതുപോലെ ഒരു സ്ഥലം മറെറങ്ങും ഞാൻ കണ്ടിട്ടില്ല. അഭീന്ദ്രനു് ഉറക്കം വരുന്നു; ഇല്ലേ. "

“ ചന്ദ്രൻ ഒരു പാട്ടുപാടു. ഞാൻ അതിൻെറ ലഹരി യേററു് അല്പം മയങ്ങട്ടെ. ”

ശ്രുതിമധുരമായ ഒരു ഗാനം ഞാനാലാപിച്ചു. ശോകാത്മകമായ ആ ഗീതം അദ്ദേഹത്തെ വികാരതരളിതനാക്കിയിരിക്കണം. ഗാനം അവസാനിച്ചു. ഞാൻ അഭീന്ദ്രൻെറ മുഖത്തേക്കു നോക്കി. അദ്ദേഹം സുഷുപ്തിയിൽ ലയിച്ചിരിക്കുന്നു. ഞാൻ മുറിവിട്ടിറങ്ങി. നഴ്സിങ്ഹോം ചുററിക്കാണാനായി നടന്നു.

# XX

അന്നു സന്ധ്യവരെ ഞാൻ അഭീന്ദ്രനെ വിട്ടുപിരിഞ്ഞില്ല. അതിനുശേഷം ഞാൻ ചന്ദ്രവിലാസത്തിലേക്കു മടങ്ങി. എന്നെ അനുഗമിച്ച ഭൃത്യനെ അഭീന്ദ്രനു് ആവശ്യമുള്ള ആഹാരസാധനങ്ങൾ വാങ്ങാനയച്ചു. ആകാശം കാറുകൊണ്ടു മൂടി. അഭീന്ദ്രനു സംഭവിച്ച അത്യാപത്തിനെപ്പററി ഞാൻ ചിന്തിച്ചു് ഏകനായി വളരെ ദൂരം നടന്നു. അപ്പോൾ റോഡിൻെറ ഒരു വശത്തുനിന്നും ഒരാൾ എൻെറ സമീപത്തു വന്നു് അഭിവന്ദനം ചെയ്തിട്ടു് പറഞ്ഞു. “മി. ചന്ദ്രൻ, നിങ്ങൾ എപ്പോൾ ഇവിടെ വന്നു.”

“മി. മോഹൻദാസ്സോ?” ഞാൻ റോഡരുകിൽ മാറി നിന്നിട്ടു പറഞ്ഞു. “ഞാൻ ഇനു രാവിലെ ഇവിടെ എത്തി.”

" ഏതായാലും ഒരു യാത്രകൂടാതെ കഴിഞ്ഞു. "

" അതെന്താണു്. "

" ഞാൻ ഇന്നു് അങ്ങോട്ടു തിരിക്കാൻ ഉദ്ദേശിച്ചിരുന്നു. "

" പ്രധാനപ്പെട്ട വല്ലവിശേഷവും പറയാനുണ്ടോ? "

"പറയാൻമാത്രമല്ല പ്രവർത്തിക്കാനുമുണ്ടു്. നിങ്ങൾക്കു പോകാൻ തിടുക്കമില്ലല്ലോ."

"ഇല്ല."

" എന്നാൽ നമുക്കു് ഈ വഴിനടക്കാം. " മോഹൻ പ്രകാശരഹിതമായ ഒരു റോഡ് ചൂണ്ടിക്കാണിച്ചു.

" എനിക്കു് ചന്ദ്രവിലാസത്തിലേയ്ക്കാണു പോകേണ്ടതു്. ഇതിലെ പോയാൽ ചന്ദ്രവിലാസത്തിലെത്താൻ വളരെ ദൂരം നടക്കേണ്ടിവരും. പ്രകാശവുമില്ല. "

" ഈ വളവു തിരിഞ്ഞാൽ റോഡിൽ നല്ല പ്രകാശമുണ്ടു്. ഞാൻ ചന്ദ്രനെ ചന്ദ്രവിലാസത്തിൽ കൊണ്ടുവിടാം. "

ഞാൻ സമ്മതിച്ചു. ആ റോഡിൽക്കൂടി ഞങ്ങൾ ഇരുവരും നടന്നു.

" ചന്ദ്രൻ ! " മോഹൻ പറഞ്ഞു " നിങ്ങൾ ഒരു വിശേഷമറിഞ്ഞില്ലേ ? "

ഞാൻ അത്ഭുതപരവശനായി ചോദിച്ചു. "എന്തു വിശേഷം."

" ഒരു ദുഃഖവർത്തമാനം. "

" അതെന്താണെന്നു വേഗം പറയൂ. "

" വസന്തകുമാർ ചൗരിയിലെ റയിലപകടത്തിൽപെട്ടു മരിച്ചുപോയി. "

" എന്തു്! വസന്തകുമാർ മരിച്ചുപോയെന്നോ? "

" അതെ. അദ്ദേഹം എഞ്ചിനു് അടുത്തുള്ള മുറിയിൽ ആയിരുന്നു. ആൾ തിരിച്ചറിയാൻ പാടില്ലാത്ത വിധം അദ്ദേഹത്തിൻെറ ശരീരം വെന്തു വെണ്ണീറായിപ്പോയി. ദൈവഗത്യാ അപകടത്തിൽനിന്നും രക്ഷപ്രാപിച്ച അദ്ദേഹത്തിൻെറ ഒരു സ്നേഹിതനാണു് ഈ വിവരം എന്നോടു പറഞ്ഞതു്. "

ഞാൻ മന്ദമായി ഒന്നു നിശ്വസിച്ചു. മോഹൻ വീണ്ടും തുടർന്നു. "ഞാൻ അദ്ദേഹത്തെ രണ്ടു ദിവസത്തിനു മുമ്പു് സന്ദർശിച്ചു. അദ്ദേഹം അപ്പോൾ എന്നോടിങ്ങനെ പറഞ്ഞു. 'മോഹൻ, രമേശനെ ഞാൻ നിങ്ങളെ ഏല്പിക്കുന്നു. അയാളെ ഉടനെ ഭദ്രമായി ചന്ദ്രനെ ഏല്പിക്കണം. ഭാനുവിലാസത്തിലെ സംഭവം അങ്ങനെ തെളിയും. അവർ അയാളെ രക്ഷിക്കുകയോ ശിക്ഷിക്കുകയോ ചെയ്യട്ടെ. മുദ്ര വച്ചിട്ടുള്ള ഈ കത്തു് ചന്ദ്രനു കൊടുക്കണം. ഫൈവിഗ്രാവിലെ സംഭവത്തിൻെറ ഒരു വിശദവിവരണവും അതിൽ അടങ്ങിയിട്ടുണ്ടു്. നിങ്ങൾ എന്നെപ്പററി ഇനി ചിന്തിക്കയേ വേണ്ട. എന്നെക്കുറിച്ചു് വല്ല ചിന്തയും നിങ്ങളുടെ ഹൃദയത്തിൽ അവശേഷിച്ചിട്ടുണ്ടെങ്കിൽ അതു നിമ്മാർജ്ജനം ചെയ്യുക. എൻെറ യാത്ര എങ്ങോട്ടെന്നില്ല.

ലോകത്തിൻെറ ഏതററത്തും പോയി ഞാൻ ജീവിച്ചു കൊള്ളാം.' ഞങ്ങൾ അങ്ങനെ പിരിഞ്ഞു."

"രമേശൻ ഇപ്പോൾ എവിടെയാണ്."

"ഇവിടെ ധർമ്മതീർത്ഥത്തിൽ എൻെറ താമസ സ്ഥലത്തുണ്ട്."

"നിങ്ങൾ വസിക്കുന്നത്."

"അഞ്ചു മൈൽ അകലെ. ഈ റോഡിൽ കൂടി പോയാൽ അവിടെ എത്താം. നമുക്ക് ഇപ്പോൾ തന്നെ അങ്ങോട്ടു പോകാമോ ?"

"പോലീസ്സുകാരെയും കൊണ്ടു പോകുകയാണുത്തമം. മി. അഭീന്ദ്രനോട്ട് അഭിപ്രായം ചോദിക്കാം. നിങ്ങൾ കൂടെ വരിക."

തിരിഞ്ഞു നടക്കാൻ ഞാൻ മോഹൻെറ കൈയ്യു കടന്നു പിടിച്ചു. പ്രതീക്ഷാഭഞ്ജനകമായ രണ്ടു സംഭവങ്ങൾ. ഒന്നിനെ അനുബന്ധിച്ച് മറെറാന്ന്. അതിപ്പോൾ തെളി വിൽ വരും. എല്ലാം ശാന്തമാകും. ഞങ്ങളുടെ ഉദ്യമം സഫലമാകും. എൻെറ ഹൃദയം ആനന്ദംകൊണ്ടു നർത്തനം ചെയ്യാൻ തുടങ്ങി.

"മി. ചന്ദ്രൻ, എല്ലാം ശാന്തമായി പ്രവർത്തിക്കുന്ന താണു നല്ലത്. രമേശനെ ഈ രാത്രിയിൽ കൊണ്ടു പോകു ന്നതു വിഷമമല്ലേ. അതു നാളെയാകാം. എൻെറ കൂടെ വരൂ. വസന്തകുമാറിൻെറ എഴുത്ത് നിങ്ങളെ ഏല്പിക്കാം. എന്താ സമ്മതമല്ലെന്നുണ്ടോ ?"

" അഞ്ചു മൈൽ ഈ രാത്രിയിൽ നടക്കുന്നതു വളരെ പ്രയാസമാണ്. "

" എന്നാൽ ഞാൻ ഒരു ടാക്സി ഏർപ്പാടു ചെയ്യാം. ഇതാ ഇവിടെ അടുത്തുതന്നെ ടാക്സിയുണ്ട്. "

ക്ഷണനേരം കൊണ്ട് മോഹൻ ഒരു ടാക്സിയുമായി എത്തി. ഞങ്ങൾ അതിൽ കയറി. എനിക്ക അപരിചിതവും, വളഞ്ഞും പിരിഞ്ഞും, പ്രകാശരഹിതവും, ജനശൂന്യവുമായ പാതകളിൽക്കൂടി വായുമണ്ഡലത്തെ ഭേദിച്ചുകൊണ്ട് ആ വാഹനം ഞങ്ങളെയും ഭേസി പാഞ്ഞു. മോഹൻ കൂടെക്കൂടെ ടാക്സി ഡ്രൈവർക്ക ചില നിർദ്ദേശങ്ങൾ നല്കുന്നുണ്ടായിരുന്നു.

മൌനം ഭേദിച്ചിട്ട് ഞാൻ പറഞ്ഞു. "മോഹൻ നാം പട്ടണത്തിൽ നിന്നും അധികദൂരം സഞ്ചരിച്ചു എന്നു തോന്നുന്നു. അഞ്ചു മൈലിൽ കൂടുതൽ ഇപ്പോൾ യാത്ര ചെയ്തിരിക്കണം. ഈ സ്ഥലം എനിക്ക് അശേഷം പരിചയമില്ല."

" ഞാൻ അഞ്ചു മൈലെന്നു പറഞ്ഞതു വെറുതെയാണ്. ഇനി വളരെ ദൂരമില്ല. എപ്പോഴും പട്ടണത്തിലെ കാറേററാൽ മതിയോ ? ഞങ്ങളെപ്പോലുള്ള ആളുകൾ വസിക്കുന്ന സ്ഥലവും വല്ലപ്പോഴും ഒന്നു സന്ദർശിക്കുന്നതു നല്ലതല്ലേ."

" ഈ യാത്ര പകൽ മതിയായിരുന്നു: "

കുറഞ്ഞതു് ഒരു മണിക്കൂർ ഞങ്ങൾ യാത്ര ചെയ്തിരിക്കണം. ടാക്സി ഒരു വലിയ വടവൃക്ഷത്തിൻെറ ചുവട്ടിൽ നിറുത്തി. മോഹൻ ദീപം പ്രകാശിപ്പിച്ചു് ഒരു ഒററയടിപ്പാത

കാണിച്ചുതന്നു. അനന്തരം പറഞ്ഞു. രണ്ടു ഫർലാങ് നടന്നാൽ മതി എൻെറ താമസസ്ഥലത്തു് അതിവേഗമെത്താം. കാറിലാണെങ്കിൽ ഇനിയും പോകണം. ”

മോഹൻദാസ്സിൻെറ പിന്നാലെ ഞാൻ നടന്നു. എനിക്കു ഭീതിയുളവായി. ഹൃദയം ആപച്ഛങ്കകൊണ്ടുവിറച്ചു. മോഹൻദാസ്സിനെ എങ്ങനെ വിശ്വസിക്കാം. മധുരഭാഷണങ്ങൾകൊണ്ടു് സ്നേഹം നടിച്ചു് വഞ്ചിക്കുന്ന കപടവേഷധാരികളായ പലരേയും ഞാൻ കേട്ടിട്ടുണ്ടു്. ധർമ്മതീർത്ഥത്തിൽ കൊള്ളക്കാരും കൊലപാതകികളുമായ ഒരു സംഘം ഭീകരപ്രസ്ഥാനക്കാരുണ്ടെന്നു പോലീസുകാർക്കു് അറിവു കിട്ടിയിട്ടു് അധികം നാളുകൾ കഴിഞ്ഞിട്ടില്ല. അവരെക്കുറിച്ചു കൂടുതൽ വിവരം ഗ്രഹിക്കുന്നതിനു സാധിച്ചിട്ടുമില്ല. മോഹൻ ആ സംഘത്തിലെ ഒരംഗമായിരിക്കുമോ ? ഞാൻ ചതിയിലകപ്പെട്ടുമോ ? ഇങ്ങനെ ഓരോന്നു ചിന്തിച്ചുകൊണ്ടു ഞാൻ നടന്നു.

“അങ്ങോട്ടൊന്നു നോക്കൂ.” മോഹൻ ചൂണ്ടിക്കാണിച്ചിട്ടു പറഞ്ഞു. “അതാണു് എൻെറ വസതി.”

വൃക്ഷലതാദികളാൽ നാലുഭാഗവും ചുററപ്പെട്ട ഒരു ഭവനം ഞാൻ കണ്ടു. ആൾ പാർപ്പുണ്ടെന്നുള്ളതിനു പ്രത്യക്ഷലക്ഷണമായിരുന്നു അതിനകത്തു നിന്നും പുറപ്പെട്ട അട്ടഹാസവും ചിരിയും. മോഹൻ വാതിലിൽ മുട്ടി. ഒരാൾ വാതിൽ തുറന്നു. ഞങ്ങൾ അകത്തു പ്രവേശിച്ചു. വിശാലവും, ഉപകരണങ്ങൾ അധികമില്ലാത്തതുമായ ആ മുറി കടന്നു് അതിനടുത്തുള്ള മറെറാരു ചെറിയ മുറിയിലേക്കു്

എന്നെ കൂട്ടിക്കൊണ്ടുപോയി ഉപവിഷ്ടനാക്കി. "അങ്ങ് ഇവിടെ ഇരിക്കു. ഞാൻ ഇതാ വന്നുകഴിഞ്ഞു." എന്നു പറഞ്ഞു് മോഹൻ അവിടെനിന്നും നിഷ്ക്രമിച്ചു. അല്പം കഴിഞ്ഞപ്പോൾ ദയനീയവും മൃദുലവുമായ സ്വരത്തിൽ ഒരാൾ ഇങ്ങനെ പറയുന്നതു ഞാൻ കേട്ടു. "അയ്യോ! അങ്ങ് ഈ വൻചതിയന്മാരുടെ കുടുക്കിൽ അകപ്പെട്ടുപോയി. എങ്ങനെയെങ്കിലും വേഗം രക്ഷ പ്രാപിക്കണേ."

ഞാൻ ഭയതരളിതനായി. കസേരയിൽനിന്നും പിടഞ്ഞെഴുന്നേല്ക്കാൻ ഭാവിച്ചു. അപ്പോഴേക്കും മോഹൻ വീണ്ടും എന്നെ സമീപിച്ചു. അയാൾ പറഞ്ഞു. "നിങ്ങൾ പോകാൻ ഭാവിക്കയാണോ?. ഇത്ര ധൃതിയെന്തു്?. ചന്ദ്രൻ! ഞങ്ങളെ അറിയുകയില്ലേ?. ധർമ്മതീർത്ഥത്തിലെ ഭീകരപ്രസ്ഥാനക്കാരെപ്പററി നിങ്ങൾ കേട്ടിട്ടില്ലേ? ഞാൻ അതിലെ ഒരംഗമാണ്."

ഈർഷ്യയും, രോഷവുംകൊണ്ടു് സർവാംഗം വിറകൊള്ളുകയായിരുന്നു അപ്പോൾ ഞാൻ.

ഞാൻ സഗൗരവം ചോദിച്ചു. "നിങ്ങൾ ഈ രാത്രിയിൽ എന്നെ വഞ്ചിക്കുകയായിരുന്നു. അല്ലേ?"

"വഞ്ചനയല്ല. ഞങ്ങളുടെ സംഘക്കാർ നിങ്ങളെപ്പോലെ ഉദാരമനസ്കരുടെ സഹായമാവശ്യപ്പെടുന്നതു് ഇങ്ങനെയാണ്. രമേശനെ ഞാൻ നിങ്ങളെ ഏല്പിക്കാം. എനിക്കു പാരിതോഷികമായി നല്ലൊരു തുക തരാമോ?"

"എൻെറ കൈവശം പണമില്ല."

"കൊള്ളാം; നിങ്ങൾക്കാണോ പണത്തിനു വിഷമം. നിങ്ങളുടെ പ്രേയസിയുടെ കൈവശം ധാരാളമുണ്ടല്ലോ. ലീലാവതി സംഭാവന ചെയ്യും. നിങ്ങൾ ഒരു വാക്കു പറഞ്ഞാൽ മതി."

"സാധിക്കുകയില്ല. നിങ്ങൾ മാറിനില്ക്കു. ഞാൻ പോകട്ടെ."

ഞാൻ ചാടി എഴുന്നേററു.

"നിങ്ങൾക്കു വസന്തകുമാറിൻെറ കത്തു വേണ്ടേ."

"വേണ്ട. അയാളും നിങ്ങളുടെ സംഘത്തിലെ ഒരംഗമാണെന്നു് എനിക്കിപ്പോൾ മനസ്സിലായി."

ഞാൻ വാതില്ക്കലേക്കു നടന്നു. എൻെറ പ്രയാണം തടഞ്ഞുകൊണ്ടു് അയാൾ പറഞ്ഞു. "ഇവിടം വിട്ടുപോകാൻ ഇനി സാദ്ധ്യമല്ല. ഞങ്ങളുടെ കുടുക്കിൽ നിങ്ങൾ അകപ്പെട്ടു. നിങ്ങൾക്കു ജീവിതത്തിൽ തരിമ്പെങ്കിലും കൊതിയുണ്ടെങ്കിൽ ഞങ്ങൾ ആവശ്യപ്പെടുന്ന തുക യാതൊരു വൈമനസ്യവും കൂടാതെ തരാൻ ലീലയുടെ പേർക്കെഴുതി ഒപ്പിട്ടു തരിക."

"ഈ ജീവനുള്ളപ്പോൾ അതിനു സാദ്ധ്യമല്ല."

"എന്നാൽ അതിനു വഴിപ്പെടുന്നതുവരെ നിങ്ങളെ ഞങ്ങൾ ദേഹോപദ്രവമേല്പിക്കും. നിങ്ങളെ ഞങ്ങൾ കൊല്ലും. എന്തു പറയുന്നു." എന്നലറിക്കൊണ്ടു് മോഹൻ എൻെറ അടുക്കലേയ്ക്കു ചാടിവീണു.

"ഛീ ദുഷ്ടാ, പിശാചേ, നീ എന്നെ കൊല്ലുമായിരിക്കും. ഞാൻ മരിക്കാൻ സന്നദ്ധനാണ്."

"എടാ! ഞാൻ പറഞ്ഞതു നീ അനുസരിക്കുകയില്ലേ."

"ഇല്ല." എന്നു ഞാൻ സധൈര്യം പറഞ്ഞു.

"നിന്നെ ഞങ്ങൾ കൊല്ലും. നീ ജീവിച്ചിരുന്നാൽ ഞങ്ങളുടെ രഹസ്യങ്ങളെല്ലാം പുറത്താകും. പോലീസ്സുകാർ ഞങ്ങളുടെ വംശവിച്ഛേദം വരുത്തും."

"നിങ്ങളെപ്പോലുള്ള ദുഷ്ടന്മാരും കൊലപാതകികളും അങ്ങനെ ധർമ്മതീർത്ഥത്തിൽ നിന്നും എന്നെന്നേക്കുമായി തിരോഭവിക്കും."

മോഹൻ രോഷാന്ധനായി. അയാൾ സർവശക്തികളും പ്രയോഗിച്ച് എൻെറ മുഖം ലക്ഷ്യമാക്കി ആഞ്ഞിടിച്ചു. ഞാൻ അതു് തട്ടിക്കളഞ്ഞു. ഞാനും അയാളും തമ്മിൽ ഒരു മല്ലയുദ്ധം നടന്നു. എനിക്ക് അയാളുടെ കഴുത്തിൽ കടന്നു പിടിക്കാൻ സൌകര്യം ലഭിച്ചു. ഞാൻ പിടി മുറുക്കി. ശ്വാസം മുട്ടി അയാൾ വിളിച്ചു. പെട്ടെന്ന് ഏതാനും പേർ അയാളുടെ സഹായത്തിനു പാഞ്ഞെത്തി. അതിൽ ഒരാൾ ഭാരമുള്ള ഒരു സാധനമെടുത്തു് ഊക്കോടുകൂടി എൻെറ ശിരസ്സിലേക്കെറിഞ്ഞു. എൻെറ നേത്രങ്ങൾ നിമീലിതമായി. നിമിഷം കൊണ്ടു് ഞാൻ നഷ്ടപ്രജ്ഞനായി നിലം പതിച്ചു.

# XXI

ഏതാനും മഴത്തുള്ളികൾ എന്റെ മുഖത്തു പതിച്ചു. ഞാൻ മൂർച്ഛയിൽനിന്നുമുണർന്നു. എന്റെ ശക്തി ക്ഷയിച്ചു പോയി. എങ്കിലും നഷ്ടധൈര്യനാകാതെ കിടന്നിരുന്ന കിടപ്പിൽത്തന്നെ മിഴികൾ ഉന്നമിപ്പിച്ച് ഞാൻ സ്ഥല നിർണ്ണയം വരുത്തി. പുലരിക്കു ഒന്നു രണ്ടു നാഴിക മുമ്പായി രുന്നെങ്കിലും ആ മങ്ങിയ പ്രകാശത്തിൽ ഞാൻ കിടക്കുന്നതു് ഒരു ക്രിസ്തീയദേവാലയത്തിനോടനുബന്ധിച്ച ശ്മശാനഭൂമി യിലാണെന്നു കുരിശു നാട്ടിയിട്ടുള്ള ശവകുടീരങ്ങളിൽ നിന്നും ഗ്രഹിച്ചു. ഞാൻ മരിച്ചുപോയിരിക്കുമെന്നു കരുതി ആ രാത്രിയിൽത്തന്നെ ഭീകരപ്രസ്ഥാനക്കാർ എന്നെ അവിടെ ഉപേക്ഷിച്ചതായിരിക്കാം. ഞാൻ പുനർജ്ജീവിച്ചതു് ഈശ്വര ചൈതന്യമുള്ള ഒരു പുണ്യസ്ഥലത്തു വച്ചാണല്ലോ എന്നോർത്തു് ആനന്ദഭരിതനായി. എനിക്കു ജാതിസ്പർദ്ധ യുണ്ടായിരുന്നില്ല. സർവമതസ്ഥാപകരും എന്റെ ആദർശ പുരുഷരത്നങ്ങളാണല്ലോ.?

സൂര്യൻ ഇളം കിരണങ്ങളാൽ ലോകത്തെ തഴുകിത്തു ടങ്ങി. ഒരു ക്രിസ്തീയദേവാലയം ഞാൻ കണ്ടു. അതിൽ നിവ സിക്കുന്ന ദൈവത്തെ ഞാൻ കൈകൾ കൂപ്പി പ്രാർത്ഥിച്ചു.

എന്റെ തൊണ്ടവരണ്ടു. ഏതാനും മണിക്കൂർ അങ്ങനെ പരസഹായമില്ലാതെ കിടന്നാൽ ഞാൻ നിശ്ചയമായും

മരിക്കും. സമീപസ്ഥരുടെ ശ്രദ്ധ ആകർഷിക്കുന്നതിനു ഞാൻ ഉറക്കെ നിലവിളിക്കാൻ യത്നിച്ചു. പക്ഷെ എൻെറ ശബ്ദം പൊങ്ങിയില്ല.

അടിയേററ എൻെറ ശിരസ്സ് തീവ്രമായി വേദനിച്ചു. ഞാൻ പതുക്കെ തടവി നോക്കി. തലയുടെ ഒരു വശം രണ്ടിഞ്ചു നീളത്തിൽ പിളർന്നുപോയിരുന്നു. ഞാൻ വീണ്ടും മിഴികൾ പൂട്ടി ധ്യാനനിമഗ്നനായി.

കണ്ണു തുറന്നപ്പോൾ രണ്ടു മനുഷ്യരൂപം ഞാൻ കിടന്ന ഭാഗത്തേക്കു വരുന്നതു കണ്ടു. എൻെറ ഹൃദയസ്പന്ദനം വർദ്ധിച്ചു. ഭീകരസംഘത്തിലെ അംഗങ്ങളായിരിക്കുമോ അവർ എന്നു ഞാൻ സംശയിച്ചു.

അവർ എന്നെ കൊല്ലാനുദ്യമിച്ചിട്ടും ആയുർബലം കൊണ്ടു ഞാൻ മരിച്ചില്ല. ഇപ്പോളിതാ വീണ്ടും അവരുടെ കയ്യിൽ അകപ്പെടാൻ പോകുന്നു. ഇത്തവണ നിശ്ചയമായും എനിക്കു മരണം തന്നെ. നിമിഷം ഓരോന്നു കഴിയുന്തോറും എന്നിൽ അവശേഷിച്ചിട്ടുള്ള ജീവൻ ക്രമേണ വിട്ടകലുന്നതായി തോന്നി.

എൻെറ അനുമാനം ഒന്നും ശരിയായിരുന്നില്ല. നിരപരാധികൾക്കും നിസ്സഹായർക്കും തുണയല്ലേ ഈശ്വരൻ. അദ്ദേഹമറിയാതെ ആർക്കും ഒന്നും ഒരിക്കലും സംഭവിക്കുകയില്ല. ആഗതർ രണ്ടു ബാലികമാരായിരുന്നു. അവർ കുലീനകുടുംബത്തിലെ അംഗങ്ങളാണെന്നു വേഷഭൂഷാദികൾ കൊണ്ടു ഗ്രഹിച്ചു. അവരുടെ കരങ്ങളിൽ ധാരാളം പുഷ്പമാല്യങ്ങൾ ഉണ്ടായിരുന്നു. അവർ ഏകദേശം എന്നെ

സമീപിക്കാറായപ്പോൾ ഞാൻ ദയനീയമായി "അയ്യോ എന്നെ സഹായിക്കണേ." എന്നു കേണപേക്ഷിച്ചു. ഭയസംഭ്രാന്തരായി ആ ബാലികമാർ പുറകോട്ടോടാൻ ഉദ്യമിച്ചു. എൻെറ അപ്പോഴത്തെ കിടപ്പും വേഷവും എല്ലാം കാണികളെ ഭയപ്പെടുത്തുന്നവയായിരുന്നു. പക്ഷെ, ആ ബാലികമാർ ഓടിയില്ല. പതുക്കെപ്പതുക്കെ എന്നെ സമീപിച്ച് അവർ വിസ്മയഭരിതരായി ചോദിച്ചു. "നിങ്ങൾ ആരാണ്? ഇങ്ങനെ സംഭവിക്കാൻ കാരണമെന്ത്?"

"എന്നെ ചില ദുഷ്ടന്മാർ ഇന്നലെ രാത്രിയിൽ കൊല്ലാതെ കൊന്നു." ഞാൻ ഇടറിയ സ്വരത്തിൽ പറഞ്ഞു. "ഞാൻ മരിച്ചുപോയിരിക്കുമെന്നു വിചാരിച്ച് അവർ ഇവിടെ ഇങ്ങനെ ഉപേക്ഷിച്ചു. ദൈവാധീനത്താൽ ഞാൻ മരിച്ചില്ല. എന്നെ എങ്ങനെയെങ്കിലും രക്ഷപ്പെടുത്തണേ. എനിക്കു കുറെ വെള്ളം തരണേ."

ദയനീയമായ എൻെറ പ്രാർത്ഥന കേട്ട് ഒരു ബാലിക വെള്ളത്തിനും അപര എന്നെ രക്ഷിക്കാൻ ആളുകളെ വിളിക്കുന്നതിനുമായി പോയി.

"ഇതാ വെള്ളം" എന്നു പറഞ്ഞു് ഒരു ബാലിക സമീപിച്ചു് കുറെ ജലം എനിക്കു തന്നു. അത്യാർത്തിയോടുകൂടി ഞാനതു പാനം ചെയ്തു. എനിക്കൊരു നവോന്മേഷം ഉണ്ടായി. "കുഞ്ഞേ നിങ്ങൾ ആരാണു്. ഈ പുഷ്പമാല്യങ്ങളൊക്കെ എന്തിനാണു്" എന്നു ഞാൻ ചോദിച്ചു.

"ഞങ്ങളുടെ അച്ഛൻ ഒരു ഡാക്ടറാണു്." ആ ബാലിക മണിനാദംപോലുള്ള സ്വരത്തിൽ പറഞ്ഞു.

" ഞങ്ങൾക്കു സ്നേഹസമ്പന്നയായ ഒരു ചേച്ചിയുണ്ടായി രുന്നു. അതാ കാണുന്നില്ലേ ശവകുടീരം; അവിടെയാണ് ചേച്ചിയെ സംസ്കരിച്ചിരിക്കുന്നതു്. ചേച്ചി ഞങ്ങളെ പിരിഞ്ഞുപോയിട്ട് ഒരു വർഷം തികയുന്ന ദിവസം ഇന്നാണ്. ആ ശവകുടീരത്തിൽ ചാർത്താനാണ് ഈ പുഷ്പമാല്യങ്ങൾ. "

" ഈ സ്ഥലം ധർമ്മതീർത്ഥത്തിനടുത്താണോ ? "

" അല്ല. ഇവിടെനിന്നും നാല്പത്തൊന്നു മൈൽ അക ലെയാണ് ധർമ്മതീർത്ഥം. "

" അയ്യോ! അത്ര അകലെയാണോ ഞാനിപ്പോൾ. "

" അതെ. "

അപ്പോഴേക്കും എന്നെ രക്ഷിക്കാനായി ഏതാനും ആളുകൾ ആഗതരായി. ബാലികമാരുടെ അഭിപ്രായമനു സരിച്ച് അവരുടെ പിതാവിന്റെ സമീപത്തേക്ക് എന്നെ കൊണ്ടുപോയി. അദ്ദേഹം എനിക്കു സുപരിചിതനായി രുന്നു. സ്നേഹപൂർവ്വമായ ശുശ്രൂഷകൾ അദ്ദേഹം എനിക്കു നല്കി. എന്റെ കഥ മുഴുവനും ഞാൻ അദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചു.

ആശ്ചര്യപരതന്ത്രനായി അദ്ദേഹം എന്നോടു ചോദിച്ചു. " അപ്പോൾ നിങ്ങൾ ധർമ്മതീർത്ഥം നഴ്സിങ് ഹോമി ലേക്കു പോകണമെന്നാണോ പറയുന്നതു്. "

" അതെ " ഞാൻ പ്രത്യുത്തരം നല്കി. " എന്റെ സ്നേഹിതൻ മി. അഭീന്ദ്രന്റെ സമീപത്തു എനിക്കും

കിടക്കാം. അതു് ഞങ്ങൾക്കിരുവർക്കും സന്തോഷപ്രദമായിരിക്കും."

"എന്നാൽ നിങ്ങളുടെ അഭിമതംപോലെയാകട്ടെ."

അദ്ദേഹം എൻെറ യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്തു.

## XXII

"എന്താ ഇന്നലെ രാത്രി ഉറക്കം സുഖമായില്ലേ?" ലീല എൻെറ സമീപത്തിരുന്നു് നെററിയിൽ തലോടിക്കൊണ്ടു് പ്രേമപൂർവ്വം ചോദിച്ചു.

"ലീലേ!" ഞാൻ പറഞ്ഞു. "ഏതാനും നാളായി ഇന്നലെയാണു് എനിക്കു് സുഖമായി ഉറങ്ങാൻ സാധിച്ചതു്."

ശുശ്രൂഷിക്കാൻ പ്രേയസി അടുത്തുണ്ടെങ്കിൽ പിന്നെ സുഖക്കേടായി കിടക്കുന്നതു ഒരു സുഖമാണു്." അഭീന്ദ്രൻ എനിക്കഭിമുഖമായി കിടന്നുകൊണ്ടു പറഞ്ഞു. "എനിക്കു് നാളെ പോകാമെന്നു ഡാക്ടർ അനുമതി നല്കി. നിങ്ങൾക്കു ഇനി മൂന്നു നാലു ദിവസംകൂടി കഴിയണംപോലും."

"എന്തു ചെയ്യാം. വരുന്നതൊക്കെ അനുഭവിക്കുകയല്ലേ തരമുള്ളു."

“ ചന്ദ്രൻ ! നിങ്ങളുടെ അനുഭവം അസംഭാവ്യമല്ലേ എന്നെനിക്കു തോന്നാറുണ്ട്. ഏതായാലും ഞാൻ ഇവിടെ നിന്നും പുറത്തു കടന്നാൽ ഒന്നു രണ്ടു ദിവസത്തിനകം ഭീകരപ്രസ്ഥാനക്കാരെ അമർച്ച ചെയ്യും. വസന്തകുമാർ ചൗരി തീവണ്ടി അപകടത്തിൽപെട്ടു മരിച്ചു എന്നാണോ നിങ്ങൾ വിശ്വസിക്കുന്നതു്. ”

“ അതെ. ആ ദ്രോഹി നശിച്ചു. അയാളാണു് ഈ വിപത്തുകൾക്കെല്ലാം കാരണം. ”

“ നിങ്ങൾ രക്ഷ പ്രാപിച്ചു എന്നു് ഭീകരപ്രസ്ഥാനക്കാർ അറിഞ്ഞിരിക്കുകയില്ലേ. ? ”

“ അങ്ങനെയാണെങ്കിൽ അവർ ഇവിടെനിന്നു് തിരോഭവിക്കും. പിന്നെ മി. അഭീന്ദ്രൻ! അവരുടെ നിഴൽപോലും നിങ്ങൾക്കു കാണാൻ സാധിക്കുന്നതല്ല. ”

“ നമുക്കൊന്നു പരീക്ഷിക്കാം. ”

## XXIII

ഡാക്ടർ നിശ്ചയിച്ച ദിവസംതന്നെ എനിക്കു പൂർണ്ണസുഖം ലഭിച്ചു. എങ്കിലും ഏതാനും നാൾ വിശ്രമിച്ചില്ലെങ്കിൽ ആരോഗ്യത്തെ സാരമായി ബാധിക്കുന്നതാണെന്നുള്ള അദ്ദേഹത്തിൻെറ അഭിപ്രായം സ്വീകരിച്ചു് ഞാൻ ചന്ദ്ര

വിലാസത്തിലേക്ക് താമസം മാററി. എന്നെ പരിചരിക്കാൻ ലീലയും ചിററമ്മയും വിപുലനും അവിടെ ഉണ്ടായിരുന്നു.

ഇരുതല മുട്ടി ചന്ദ്രവിലാസത്തിനു സമീപത്തുകൂടി ചാഞ്ഞൊഴുകുന്ന നദീതീരത്തേക്ക് എന്നും വൈകുന്നേരം ഉല്ലാസത്തോടെ ഞാനും ലീലയും പോകും. ആ അവസരങ്ങളിൽ കുളിരണിഞ്ഞ തെന്നലും പ്രകൃതിയുടെ ഗീതവും ഞങ്ങളെ പുളകം കൊള്ളിക്കും. കഴിഞ്ഞ സംഭവങ്ങളെപ്പററി അപ്പോൾ ഞങ്ങൾ ഒന്നും സംസാരിക്കാറുണ്ടായിരുന്നില്ല.

പതിവുപോലെ ഒരു ദിവസം സായാഹ്നം ഞങ്ങൾ സൈ്വരസല്ലാപം ചെയ്തു നദീതീരത്തുള്ള മണൽപുറത്തിരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ നദീപ്രവാഹത്തിൽ അകപ്പെട്ടിരിക്കുന്നതു ലീലയുടെ സൂക്ഷ്മനേത്രങ്ങളിൽപ്പെട്ടു. "നമുക്കു ആ സാധുവിനെ എങ്ങനെയെങ്കിലും രക്ഷിക്കണം" എന്നു ലീല എന്നോടു പറഞ്ഞു. നീന്താൻ എനിക്കു നല്ല വശമുണ്ടായിരുന്നു. പോരെങ്കിൽ മൃത്യുവക്ത്രത്തിൽ നിന്നും രക്ഷ പ്രാപിച്ച ഞാനെന്തിനു പേടിക്കണം. അത്യഗാധമായ നദിയിലേക്ക് ഞാൻ ചാടി. വളരെ സാഹസപ്പെട്ടു എങ്കിലും അല്പ സമയംകൊണ്ടു് ഞാൻ അയാളെ കരയ്ക്കു വലിച്ചു കയററി. അയാൾക്ക് സുബോധമുണ്ടായിരുന്നില്ല. ദേഹത്തു സാരമായ പല മുറിവുകളുമുണ്ടായിരുന്നു. ആ സാധു ആരാണെന്നറിയാൻ ലീല ജിജ്ഞാസ പ്രകടിപ്പിച്ചു. അയാളുടെ മുഖത്തേക്കു സംഭ്രമസമന്വിതം ഞങ്ങൾ നോക്കി. രമേശനായിരുന്നു അതു്.

രമേശനു് സുബോധം വരുത്താൻ അന്നു രാത്രി ഡാക്ടർ വളരെ പ്രയത്നിച്ചു. ഏതാനും മണിക്കൂർ കഴിഞ്ഞപ്പോൾ അയാൾ പൂർവ്വാവസ്ഥയിൽനിന്നും ഭേദപ്പെട്ടു തുടങ്ങി. രാത്രി വളരെ കഴിഞ്ഞു. രമേശനു പ്രജ്ഞയുദിച്ചു. അപ്പോൾ അയാൾ എന്തോ പറയാൻ ആഗ്രഹിക്കുന്നു എന്നു് അഭീദ്ദൻ എന്നെ അറിയിച്ചു. ഞാനും അഭീദ്ദനും കൂടി രമേശന്റെ ശയ്യയ്ക്കു സമീപം ചെന്നു. ഞങ്ങളെ കണ്ട മാത്രയിൽ തന്നെ, "ഞാൻ നിരപരാധി! എന്നെ രക്ഷിക്കണേ!" എന്നു പറഞ്ഞു് അയാൾ തേങ്ങി തേങ്ങി കരയാൻ തുടങ്ങി. ഞങ്ങൾ അയാളെ സമാധാനപ്പെടുത്തി. അയാൾ എന്റെ കരം ഗ്രഹിച്ചു് ആ കട്ടിലിൽ ഇരിക്കാൻ പറഞ്ഞു. ഞാൻ അങ്ങനെ ചെയ്തു. രമേശൻ പറഞ്ഞു. "എന്റെ ശക്തി ക്ഷയിച്ചു തുടങ്ങുന്നു. മരണം എനിക്കു വിദൂരമല്ല. ഞാൻ ഇങ്ങനെ അവസാനമായി നിങ്ങളുടെ കയ്യിൽ വന്നു ചേർന്നതു് ദൈവാനുഗ്രഹം മാത്രമാണു്. ഞാൻ പറയുന്നതു് അവിടുന്നു ശ്രദ്ധിച്ചു കേൾക്കണം." മിക്കവാറും അസ്പഷ്ടസ്വരത്തിലായിരുന്നു രമേശൻ പറഞ്ഞതു്. ഞാൻ വളരെ ശ്രദ്ധാലുവായി. അയാൾ തുടർന്നു. "എന്റെ യജമാനനെ വസന്തകുമാർ വിഷം കൊടുത്തു കൊന്നു."

"വസന്തകുമാരോ?" ഞാൻ ആശ്ചര്യസ്തബ്ധനായി ചോദിച്ചു.

"അതെ," രമേശൻ പറഞ്ഞു. "അയാൾ ധർമ്മതീർത്ഥത്തിലേക്കു പോകുന്നു എന്നു ധരിപ്പിച്ചു് ഭാനുവിലാസത്തിൽ ഒളിച്ചിരുന്നു. എന്നെ അതിനു മുമ്പു് വേറൊരു കാര്യത്തിനും അയച്ചു. എനിക്കു സംശയമുണ്ടായി. തോട്ട

ത്തിലെ വൃക്ഷത്തിൽ കയറി ഇരുന്ന് ഞാൻ അയാളുടെ പ്രവർത്തനങ്ങൾ ശ്രദ്ധിച്ചു. വിഷം കലർത്തിയ മരുന്ന് അയാൾ യജമാനനു കൊടുത്തു. ഞാൻ ഓടി അകത്തു ചെന്നു നിലവിളി കൂട്ടി. എന്റെ വായ് മൂടിക്കെട്ടി അയാൾ കൂട്ടുകാരെ ഏല്പിച്ചു. പിന്നീട് അയാൾ പണപ്പെട്ടി തുറന്ന് പണവും മോഷ്ടിച്ച് എന്നെയുംകൊണ്ടു മറഞ്ഞു. ഷൈലിഗ്രോവിൽ കുറെ നാൾ എന്നെ രഹസ്യമായി താമസിപ്പിച്ചു. അപ്പോഴൊന്നും എന്നെ കൊല്ലാൻ അയാൾ ഉദ്യമിച്ചില്ല." രമേശൻ അല്പനേരം മൗനം പൂണ്ടു. വിമ്മിഷ്ടപ്പെട്ട് വീണ്ടും പറഞ്ഞു. "ശാന്ത വളരെ സമ്പന്നയായിരുന്നു. അവളുടെ പണം മോഹിച്ച് അവളെ വിവാഹം കഴിക്കണമെന്ന് വസന്തകുമാറിനു മോഹമുണ്ടായി. പക്ഷെ എന്തുകൊണ്ടോ ശാന്തക്ക് അതു സമ്മതമായില്ല. അതിനു മുമ്പ് ധാരാളം പണം ശാന്തയിൽ നിന്നും വസന്തകുമാർ വാങ്ങി. വസന്തകുമാർ ഭീകരപ്രസ്ഥാനത്തിലെ അംഗമാണെന്നു ശാന്തയ്ക്ക് അറിയാമായിരുന്നു. ശാന്തയെ ഒരായുധമാക്കി ലീലയിൽനിന്നും പണം ചൂഷണം ചെയ്യാമെന്ന് വസന്തകുമാർ വിചാരിച്ചു. അവൾ അതിനു വഴിപ്പെട്ടില്ല. അവൾ വസ്തുത മുഴുവനും പോലീസ്സിൽ അറിവു കൊടുക്കുമെന്നു പറഞ്ഞു. എന്നാൽ വസന്തകുമാറിനു ജീവിക്കാൻ വിഷമമാകും." രമേശന് ശ്വാസം മുട്ടലുണ്ടായി. അതു മാറിയപ്പോൾ അയാൾ വീണ്ടും തുടർന്നു. "വസന്തകുമാറിന്റെ അപേക്ഷയനുസരിച്ച് അങ്ങു് ആ അർദ്ധരാത്രിയിൽ ഷൈവിഗ്രോവിൽ വന്നില്ലേ.? അപ്പോൾ അവിടെ ശാന്തയെ സന്ദർശിക്കാനായി ദേവിയും ഉണ്ടായിരുന്നു. നിങ്ങൾ അവിടെവച്ച് തമ്മിൽ കണ്ടിരിക്കും.

ശാന്ത നിർദ്ദേശിച്ചതിൽ നിന്നും അരമണിക്കൂർ നേരത്തെയാണു് ദേവി അവിടെ വന്നതു്. ദേവിയും ശാന്തയുമായി വളരെ നേരം സംഭാഷണം ചെയ്തു. പിന്നീട്ടു് ദേവിയെ ആ കശ്മലൻ ബോധരഹിതയാക്കി. ശാന്തയെ മോഹൻ കഠാരി കൊണ്ടു ക്ഷതപ്പെടുത്തി. അവൾ പ്രജ്ഞയററു നിലത്തുവീണു. കുറെ നേരം കഴിഞ്ഞു ദേവി ഉണർന്നു. അപ്പോൾ കണ്ട കാഴ്ച ദേവിയെ സംഭ്രാന്തചിത്തയാക്കി. അവിടെനടന്ന സംഭവങ്ങൾ വല്ലതുംപുറത്തായാൽ ചന്ദ്രൻെറ ജീവനെ അപായപ്പെടുത്തുമെന്നു പറഞ്ഞു് മോഹൻ ദേവിയെ ഭീഷണിപ്പെടുത്തി. അങ്ങയുടെ ജീവനുവേണ്ടി അവിടെ നടന്ന സംഗതികളൊന്നും ദേവി പുറത്തു പറയുന്നതല്ലെന്നു പ്രതിജ്ഞചെയ്തു. ഇതെല്ലാം എന്നെ ബന്ധനസ്ഥനാക്കിയിരുന്ന മുറിയുടെ വാതലിൻെറ വിടവിൽകൂടി ഞാൻ മനസ്സിലാക്കിയതാണു്. പതിവായി നേരത്തേ ഉറങ്ങാൻ എനിക്കു ഒരു ദ്രാവകം തരും. അന്നുരാത്രിഞാനതു കുടിക്കുകയുണ്ടായില്ല. അതുകൊണ്ടു് അവരുടെ സംഭാഷണമെല്ലാം എനിക്കു കേൾക്കാൻ കഴിഞ്ഞു. ”

രമേശൻ ശക്തിയായി ചുമച്ചതിനുശേഷം വീണ്ടും തുടർന്നു.

“ വസന്തകുമാർ ഭീകരപ്രസ്ഥാനത്തിലെ പ്രധാനിയാണു്. അവരുടെ സങ്കേതം എവിടെയാണെന്നു ഞാൻ പറയാം. അങ്ങു താമസിക്കുന്ന ചന്ദ്രവിലാസത്തിനു ഏതാനും മൈൽ കിഴക്കുമാറി ഭൂതപ്രേതാദികളുടെ ആവാസസ്ഥാനമായി കരുതപ്പെടുന്ന ഒരു കുന്നില്ലേ? അവിടെയാണു്. നട്ടുച്ചയ്ക്കു പോലും ഒരു മനുഷ്യജീവിയും ആ സ്ഥലത്തു പോകാൻ ധൈര്യപ്പെടുകയില്ല. അവിടെ ഒരു ഗുഹയുണ്ടു്. അതാണു് അവരുടെ സങ്കേതം. എന്നെ അവിടെ രണ്ടു ദിവസമേ പാർപ്പിച്ചുള്ളു. മാസത്തിൽ എല്ലാ അവസാന വ്യാഴാഴ്ചയും

ഭീകരപ്രസ്ഥാനത്തിലെ അംഗങ്ങൾ അവിടെ വരും. എത്ര അംഗങ്ങൾ ഉണ്ടെന്നു എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. ഇന്നു എല്ലാവരുമുണ്ടായിരുന്നു. അവർ നാളെ വെളുക്കുമ്പോൾ പുറപ്പെടും. അതിനുമുമ്പു ചെന്നാൽ എല്ലാവരെയും ബന്ധിക്കാം. ഞാൻ ജീവിച്ചിരുന്നാൽ എങ്ങനെയെങ്കിലും ഈ രഹസ്യമൊക്കെ പുറത്താകുമെന്നു അവർ നിശ്ചയിച്ചു. എന്നെ കൊല്ലാൻ ആ ദുഷ്ടന്മാർ കിഴുക്കാം തൂക്കായ ഒരു പാറയുടെ മുകളിൽ കൊണ്ടുപോയി നുരച്ചുപതച്ചൊഴുകുന്ന നദിയിലേക്കു് ഊക്കോടുകൂടി തള്ളി. ഞാൻ മരിച്ചിരിക്കും എന്നുതന്നെ അവർ വിശ്വസിച്ചിരിക്കണം. അവരുടെ അനുമാനം തെറ്റുന്നതിനിടയില്ല. എനിക്കിനി ജീവിത ദൈർഘ്യമില്ല. ആകാശത്തു് രണ്ടു നക്ഷത്രങ്ങൾ തിളങ്ങി ശോഭിക്കുന്നു. ഒന്നു് ഭാനുവിലാസത്തിലെ കൊച്ചമ്മയും; മറേറതു് എന്റെ വാത്സല്യനിധിയായ യജമാനനും. ഞാനും അവരെ ശുശ്രൂഷിക്കാൻ അങ്ങോട്ടു യാത്രയാകട്ടെ. എന്റെ ദേവിയെ അവസാനമായി ഒന്നു കാണാനാഗ്രഹമുണ്ടു്. പക്ഷെ അതിനു് ഇനി സാദ്ധ്യമല്ല. നിങ്ങൾ രണ്ടു പേരും സുഖമായി ജീവിക്കണേ. എന്റെ ദേവീ—"

രമേശൻ പിന്നെ ഒന്നും സംസാരിച്ചില്ല. അയാളുടെ ദൃഷ്ടികൾ എന്നെന്നേക്കുമായി അടഞ്ഞു. അതെ, ഭാനുവിലാസത്തെ വിശ്വസ്തഭൃത്യൻ രമേശൻ ക്ലേശഭൂയിഷ്ഠമായ ഇഹലോകവാസം അവസാനിപ്പിച്ചു.

## XXIV

പ്രഭാതമാകുന്നതിനു രണ്ടു മണിക്കൂർ മുമ്പ് അഭീന്ദ്രൻ എന്നെ വിളിച്ചുണർത്തി. അദ്ദേഹം പറഞ്ഞു. "ചന്ദ്രൻ നിങ്ങൾ വരുന്നുണ്ടോ ? ഞങ്ങൾ ഭീകരപ്രസ്ഥാനക്കാരുടെ സങ്കേതം തേടിപ്പോവുകയാണ്. രമേശന്റെ പ്രസ്താവന ശരിയാണെങ്കിൽ അവരെ നേരം പുലരുന്നതിനു മുമ്പ് ബന്ധനസ്ഥരാക്കണം. അല്ലെങ്കിൽ പ്രയാസമായിരിക്കും. ഇപ്പോൾ അവർ സുഖനിദ്രയിൽ ലയിച്ചിരിക്കുകയാണ്."

"ഞാൻകൂടി വരാം." ഞാൻ സ്മേരവദനനായി പറഞ്ഞു. "മുമ്പു അനുഭവിച്ചപോലെ വല്ല അനിഷ്ടസംഭവങ്ങളുമുണ്ടായാൽ.—"

"ഭയമുണ്ടെങ്കിൽ വരണമെന്നില്ല." അഭീന്ദ്രൻ പറഞ്ഞു. "ആത്മരക്ഷക്ക് ഈ കൈത്തോക്കു സൂക്ഷിച്ചുകൊള്ളൂ. ആവശ്യമുണ്ടായാൽ ഉപയോഗിക്കുന്നതിനും മടിക്കരുത്."

അഭീന്ദ്രൻ എന്റെ കൈയ്യു പിടിച്ചു പുറത്തേക്കു കൊണ്ടുവന്നു. ആ പൂനിലാവിൽ ആയുധധാരികളും സുശക്തരുമായ ഒരു ചെറുസംഘം പോലീസുകാരെ കണ്ടപ്പോൾ ഞാൻ ഉത്സാഹഭരിതനായി. എന്റെ സ്നേഹിതന്റെ തോളത്തു തട്ടിക്കൊണ്ടു പറഞ്ഞു. "അഭീന്ദ്രൻ ഇന്നു വിജയം നമുക്കു തന്നെ."

ഞങ്ങൾ നിശ്ശബ്ദരായി ചില ഊടുവഴികളിൽക്കൂടി അതിവേഗം നടന്നു. ഭീകരപ്രസ്ഥാനക്കാരുടെ സങ്കേതസ്ഥാനമായ ഗുഹയ്ക്കു സമീപമെത്തി. ആദ്യം ഗുഹയ്ക്കുള്ളിൽ പ്രവേശിച്ചതു് അഭീന്ദ്രനും രണ്ടാമതു് ഞാനുമായിരുന്നു. ദീപം പ്രകാശിപ്പിച്ചു് ഞങ്ങൾ ഓരോരുത്തരായി അകത്തേയ്ക്കു കടന്നു. ഒരു വിശാലമായ തളം കഴിഞ്ഞു് വീണ്ടും ഞങ്ങൾ നടന്നു കുറെ കല്പടികളിൽക്കൂടി താഴോട്ടിറങ്ങി. പാറയിൽ പണിതീർത്തിട്ടുള്ള ഒരു ചെറു ഭവനം ഞങ്ങൾ കണ്ടു. അകലെയായി ഊക്കോടുകൂടിയ ജലപതനത്തിന്റെ ഭയങ്കര ഗർജ്ജനം കേൾക്കാമായിരുന്നു. അതു് ചന്ദ്രവിലാസത്തിന്റെ തീരദേശങ്ങളെ പ്രക്ഷാളനം ചെയ്തുകൊണ്ടു പുറപ്പെടുന്ന നദിയായിരുന്നു. ആ ചെറുഭവനത്തിന്റെ വാതിലുകൾ ബന്ധിച്ചിരുന്നു. തുറന്നു കിടന്നിരുന്ന ഒരു കിളിവാതിലിൽക്കൂടി അഭീന്ദ്രൻ അകത്തേക്കു നോക്കി. "വസന്തകുമാറുൾപ്പെടെ പതിനേഴു പേരുണ്ടു്. എല്ലാവരും നിദ്രാധീനരാണു്." എന്നു പതിഞ്ഞ സ്വരത്തിൽ അദ്ദേഹം പറഞ്ഞു.

"വസന്തകുമാർ മരിച്ചു പോയില്ലേ?" ഞാൻ സംഭ്രമത്തോടുകൂടി ചോദിച്ചു. "നിങ്ങൾക്കു തെററിപ്പോയിരിക്കാം."

"ഇല്ല. വസന്തകുമാർ മരിച്ചു പോയി എന്നു് മോഹൻ ഒരു വ്യാജവാർത്ത പ്രചരിപ്പിച്ചു് വിശ്വസിപ്പിക്കുകയായിരുന്നു. അകത്തു പ്രവേശിക്കാൻ മാർഗ്ഗമൊന്നും കാണുന്നില്ല. ഞാൻ വാതിലിൽ മുട്ടാം. നിങ്ങൾ സന്നദ്ധരായി നിന്നുകൊള്ളുക."

അദ്ദേഹം വാതിലിൽ ബലമായി മുട്ടി. "ആരതു് ഈ അർദ്ധരാത്രിയിൽ?" അകത്തുനിന്നും ആരോ ചോദിച്ചു.

“ ഞാൻ തന്നെ ” എന്നു അവ്യക്തമായ സ്വരത്തിൽ അഭീന്ദ്രൻ മറുപടി നല്കി. വാതിൽ തുറന്നു. ഞങ്ങളുടെ കൈവശമുണ്ടായിരുന്ന ദീപം പ്രകാശിപ്പിച്ചു. “ ഇതാ ശത്രുക്കൾ. നാം അകപ്പെട്ടു കഴിഞ്ഞു. ” എന്നട്ടഹസിച്ചുകൊണ്ടു് ഭീകരപ്രസ്ഥാനക്കാർ ഓരോരുത്തരായി എഴുന്നേററു. ഇടിയും അടിയും അന്യോന്യം കൈമാററം ചെയ്തു. ഇടയ്ക്കിടയ്ക്കു് വിളിയും, വെടി പൊട്ടുന്ന ശബ്ദവും കൊണ്ടു് ആ സ്ഥലം മുഖരിതമായി. ആ മുറിയുടെ ഭിത്തികൾ അടിയുലഞ്ഞു നിലം പതിക്കുമോ എന്നു ഞാൻ സംശയിച്ചു. അതിനിടയ്ക്കു് എണ്ണത്തിൽ വളരെ കൂടുതലുണ്ടായിരുന്ന പോലീസ്സുകാർ നിഷ്പ്രയാസം ഭീകരപ്രസ്ഥാനക്കാരിൽ ചിലരെ ബന്ധിച്ചു കഴിഞ്ഞു. വസന്തകുമാർ ഒരു മൂലയ്ക്കു് പതുങ്ങി നിന്നു് തക്കം നോക്കി എൻെറ കൈവശമുണ്ടായിരുന്ന കൈത്തോക്കു് അപഹരിച്ചെടുത്തു് അഭീന്ദ്രൻെറ നെഞ്ഞത്തേക്കു നീട്ടി നിറയൊഴിച്ചു. ഞാൻ നിമിഷനേരം കൊണ്ടു് എൻെറ സ്നേഹിതനെ മുമ്പോട്ടു ആഞ്ഞു തള്ളി. തോക്കിൽനിന്നും പുറപ്പെട്ട നളിക എൻെറ തോളത്തുള്ള മാംസപേശികളെ ഭേദിച്ചുകൊണ്ടു് വാതിലിൽ ചെന്നുതറച്ചു. അഭീന്ദ്രൻെറ ശ്രദ്ധ എൻെറ മേൽ പതിഞ്ഞു. ഞങ്ങളുടെ അനുയായികൾ വസന്തകുമാറിനെ സമീപിക്കുന്നതിനുമുമ്പു് സ്വയം നിറയൊഴിച്ചു് അയാൾ ആത്മഹത്യ ചെയ്തു. ആ ദുഷ്ടൻ അങ്ങനെ ലോകരംഗത്തുനിന്നും ഒഴിഞ്ഞു മാറി. അയാളുടെ കൃത്യങ്ങൾക്കുചിതമായ ഫലം ലോകനിയന്താവു് അയാൾക്കു നല്കി. ക്ഷണം കൊണ്ടു് മററുള്ളവരും ബദ്ധരായി. അഭീന്ദ്രൻ വിജയശ്രീലാളിതനായും തീർന്നു.

## XXV

നേരം പുലർന്നു. ഞങ്ങൾ ചന്ദ്രവിലാസത്തിലെത്തി. ലീല അക്ഷമയോടെ എന്നെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. ആ സതീശിരോമണി എന്നെ കണ്ടയുടൻ ഓടിവന്നു് അകത്തേക്കു കൂട്ടികൊണ്ടു പോയി. കഴിഞ്ഞരാത്രിയിലെ സംഭവങ്ങളെല്ലാം അവൾ സവിസ്തരം അറിഞ്ഞിരുന്നു. എൻെറ വസ്ത്രങ്ങളിൽ പുരണ്ടിരുന്ന രക്തം കണ്ടു് അവൾ ശോകാക്രാന്തയായി. എന്നാൽ ആ മുറിവു് നിസ്സാരമാണെന്നറിയിച്ചു ഞാൻ അവളെ സാന്ത്വനപ്പെടുത്തി.

“ഇന്നുതന്നെ ഞങ്ങൾക്കു വീട്ടിലേക്കു മടങ്ങിയാൽ കൊള്ളാം.” ഞാൻ അഭീന്ദ്രനോടു പറഞ്ഞു. “അമ്മയെ കണ്ടിട്ടു് വളരെ നാളായി.”

“പോകുന്നതു കൊണ്ടു വിരോധമില്ല.” അഭീന്ദ്രൻ പറഞ്ഞു. “ഞാൻ നല്ലൊരു കാർ ഏർപ്പാടു ചെയ്യാം. എന്നാൽ സന്ധ്യക്കുമുമ്പു് വീട്ടിൽ എത്താം. നിങ്ങളുടെ ദയാപുരസ്സരമുള്ള സഹായസഹകരണങ്ങൾക്കു് എൻെറ അകംനിറഞ്ഞ കൃതജ്ഞത. രണ്ടു ദിവസം കഴിഞ്ഞു ഞാൻ അങ്ങോട്ടു വരും.”

ഞങ്ങൾ കാറിൽ കയറി യാത്ര തിരിച്ചു. അതായിരുന്നു ഞങ്ങളുടെ ജീവിതത്തിലെ മനോമോഹനമായ യാത്ര. ആ യാത്ര അവസാനിക്കാതിരുന്നെങ്കിൽ.—

“അവിടുത്തേയ്ക്കു് എന്നിലുള്ള സംശയമെല്ലാം തീർന്നല്ലോ.” കാറു് അതിവേഗത്തിൽ പായുന്നതിനിടയ്ക്കു് ലീല എന്നോടു പറഞ്ഞു. “അന്നു് വാസ്തവമെല്ലാം പറയാത്തതിനു ഞാൻ മാപ്പു ചോദിക്കുന്നു.”

“ലീലേ” ഞാൻ പ്രേമപുരസ്സരം പറഞ്ഞു. “നീ അന്നു എന്നോടു എല്ലാം തുറന്നു പറഞ്ഞിരുന്നെങ്കിൽ ഈ ഭീകരപ്രസ്ഥാനക്കാരെ ഇപ്പോഴൊന്നും അമർച്ച വരുത്താൻ സാധിക്കയില്ലായിരുന്നു.”

“ആ രഹസ്യം എന്താണെന്നു അങ്ങേയ്ക്കറിയണ്ടേ.” ലീല പറഞ്ഞു. “ഞാൻ രാത്രി രണ്ടു മണിക്കു് ഐവിഗ്രോവിൽ ശാന്തയെക്കാണാനായി ചെന്നു. ഉടനെ എത്തണമെന്നു് അവൾ ഫോണിൽ പറഞ്ഞു. അതുകൊണ്ടാണു് ഞാൻ പോയതു്. അപ്പോൾ അവിടെ അങ്ങും ഉണ്ടായിരുന്നില്ലേ. അസമയത്തു് അപ്രതീക്ഷിതമായി ഏകാകിനിയായ എന്നെ കണ്ടതിൽ അങ്ങു കുപിതനാകുമെന്നു് കരുതി ഞാൻ ഭയപ്പെട്ടു. അങ്ങു പോകുന്നതുവരെ ഞാൻ ഒരു സ്ഥലത്തു പതുങ്ങി നിന്നു. അതിനു മുമ്പാണു് കൈലേസും ഞാൻ ചൂടിയിരുന്ന മുല്ലപ്പൂമാലയും നഷ്ടപ്പെട്ടതു്. ആ ഇരുട്ടത്തു് നഷ്ടപ്പെട്ട സാധനങ്ങൾ തേടിനടക്കാൻ എനിക്കു സാധിച്ചില്ല. അവിടുന്നു പോയതിനു ശേഷം ഞാൻ ശാന്തയെ കണ്ടു. അവളും മോഹനനും തമ്മിൽ ക്രുദ്ധരായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുറെ കഴിഞ്ഞു ഞങ്ങൾ നാലു പേരുംകൂടി കാപ്പി കഴിച്ചു. അതിനുശേഷം എൻെറ തല കറങ്ങിത്തുടങ്ങി. ഞാൻ മേശപ്പുറത്തു കമഴ്ന്നു കിടന്നു. കാപ്പിയിൽ എന്തോ ദ്രാവകം കലർത്തിയിരുന്നതാ

യിരിക്കണം തല കറക്കത്തിനു കാരണമെന്ന് എനിക്ക് ഇപ്പോൾ തോന്നുന്നു. ഞാൻ എഴുന്നേററപ്പോൾ ശാന്ത രക്തപ്പുഴയിൽ കിടക്കുന്നതാണു കണ്ടതു്. ആ മുറിയിൽ അപ്പോൾ ഞങ്ങൾ ഇരുവരുമല്ലാതെ മററാരുമുണ്ടായിരുന്നില്ല. ഞാൻ ഭയാക്രാന്തയായി നിലവിളിച്ചു. എൻെറ നിലവിളികേട്ട് വസന്തകുമാറും മോഹനും അവിടെവന്നു. അബദ്ധത്തിൽ മോഹൻെറ കഠാരി ശാന്തയുടെ കഴുത്തിൽ കൊണ്ടതാണെന്നും മുറിവു സാരമില്ലെന്നും വസന്തകുമാർ എന്നോടു പറഞ്ഞു. ഈ രഹസ്യമൊന്നും പുറത്തു വിടരുതെന്നും, വിരുദ്ധമായി പ്രവർത്തിച്ചാൽ അങ്ങയെ വധിക്കുമെന്നും മോഹൻ പറഞ്ഞു എന്നെ ഭയപ്പെടുത്തി. അവർ പറഞ്ഞതെല്ലാം ഞാൻ വിശ്വസിച്ചു. കൂടാതെ അവർ എന്നെ നിർബന്ധിച്ചു ശപഥവും ചെയ്യിപ്പിച്ചു. ഇതാണു പരമാർത്ഥം. എന്നെ കബളിപ്പിച്ചു രണ്ടു മൂന്നു പ്രാവശ്യമായി പതിനായിരത്തിൽപരം രൂപയും മോഹൻദാസ്സ് വാങ്ങിയിട്ടുണ്ടു്. രൂപ കൊടുക്കാൻ വിസമ്മതിക്കുമ്പോൾ അയാൾ അങ്ങയെ വധിക്കുമെന്നു പറയും. അങ്ങയുടെ ജീവനെ കരുതി മാത്രമാണു ഈ വസ്തുതയെല്ലാം ഞാൻ രഹസ്യമായി സൂക്ഷിച്ചതു്."

"ലീലേ" ഞാൻ പറഞ്ഞു. "ഈ അത്ഭുതസംഭവങ്ങളെല്ലാം വിശ്വസനീയമാണോ എന്നെനിക്കു തോന്നിപ്പോകുന്നു."

ഒരു മന്ദഹാസം ലീലയുടെ സുമനോഹരമായ വദനസരോരുഹത്തിൽ ഉദിച്ചു. ഞാൻ ആഹ്ലാദഭരിതനായി വീണ്ടും പറഞ്ഞു. "വീട്ടിൽ ചെന്നാൽ ഏററവും അടുത്ത

ഒരു ശുഭമുഹൂർത്തത്തിൽ നമ്മുടെ വിവാഹം നടത്താൻ അമ്മയോടു പറയണം.”

ഞങ്ങൾ ഇരുവരും പൊട്ടിച്ചിരിച്ചു.

കാറു് കാളെജ്സ്ക്വായറിലുള്ള എന്റെ വീട്ടിന്റെ പടിക്കലെത്തി. ഞങ്ങൾ അതിവേഗം അകത്തേക്കു നടന്നു. “അമ്മേ ഇതാ ഞങ്ങൾ വന്നുകഴിഞ്ഞു.” എന്നു പറഞ്ഞു് മാതൃസവിധം പൂകി. ഞങ്ങളുടെ ഹൃദയം നിറഞ്ഞൊഴുകിയ മാതൃസ്നേഹം ആ പുണ്യമഹതിയുടെ പാദങ്ങളിൽ അർപ്പണം ചെയ്തു. വാത്സല്യം നിറഞ്ഞ മാതാവു ഞങ്ങളെ പിടിച്ചെഴുന്നേല്പിച്ചു പുണർന്നു. ഞങ്ങളുടെ നെറുകയിൽ മാറി മാറി ചുംബനം ചെയ്തു. ചുളി വീണു വിറകൊള്ളുന്ന സ്നേഹമസൃണമായ കരങ്ങളാൽ തഴുകി ഞങ്ങളെ അനുഗ്രഹിച്ചു. ഞങ്ങൾ ആനന്ദാബ്ധിയിൽ ആറാടി.

165274
38202
O32:3Y8
H5
MUL
165274
...VERSITY LIBRARY ... 1955 ... MADRAS

17 FEB 1956